# VIJAYABHERI

***MALAPPURAM DISTRICT PANCHAYATH EDUCATIONAL***

***PROJECT 2021-22***

# STEP-UP

## THEMES IN INDIAN HISTORY

**( Higher Secondary / V H S E Supporting Material )**



വിദ്യാഭ്യാസപരമായി ഏറ്റവും പുറകിൽ നിന്നിരുന്ന മലപ്പുറം ജില്ല കഴിഞ്ഞ കുറച്ചു വർഷങ്ങൾ കൊണ്ടുണ്ടാക്കിയ നേട്ടങ്ങൾ അഭൂതപൂർവമാണ് . എസ്. എസ്. എൽ. സി, പ്ലസ്ടു, വി. എച്ച്. എസ്. ഇ. ഫലത്തിന്റെ കാര്യത്തിൽ മാത്രമല്ല എ പ്ലസ്സ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിലും വിവിധ മത്സരപരീക്ഷകളിലും നമ്മൾ ഏറെ മുന്നേറി. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ കാര്യത്തിൽ മറ്റു ജില്ലകൾക്ക് നമ്മൾ മാതൃകയാണ്. മലപ്പുറം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിജയഭേരി വിദ്യാഭ്യാസ പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ, ജനപ്രതിനിധികൾ, എസ് . എസ് . കെ, ഡയറ്റ് , വിദ്യാഭ്യാസ ഓഫീസർമാർ ഒപ്പം എല്ലാ നല്ല പ്രവർത്തനങ്ങൾക്കും കൂടെ നിൽക്കുന്ന അധ്യാപകർ എന്നിവരാണ് ഈ നേട്ടങ്ങൾക്കു പിന്നിൽ.

നേട്ടങ്ങൾ ആഘോഷിക്കുന്നതിനോടൊപ്പം അടിയന്തിര ശ്രദ്ധ പതിയേണ്ടുന്ന മേഖലകൾ ഇനിയും ഏറെയുണ്ട്. 10 - ാം ക്ലാസ്സിൽ നിന്നും വിജയം നേടി പ്ലസ്സ് 1, വി. എച്ച്. എസ്. ഇ. ക്ലാസ്സുകളിൽ എത്തുന്ന വിദ്യാർത്ഥികളിൽ നല്ലൊരു ശതമാനം വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറി സിലബസ് പിന്തുടരുന്നതിന് ഏറെ പ്രയാസം അനുഭവിക്കുന്നവരാണ്. കോവിഡ് കാരണം സ്കൂൾ പ്രവർത്തി ദിനങ്ങൾ നഷ്ടപ്പെട്ടതോടെ ഭൂരിപക്ഷം വിദ്യാർത്ഥികളും പഠന പ്രയാസങ്ങൾ അനുഭവിക്കുന്നു. ഈയൊരു പശ്ചാത്തലത്തിൽ പ്ലസ്ടു, വി. എച്ച്. എസ്. ഇ. തലത്തിൽ വിവിധ വിഷയങ്ങൾ അനായാസകരമായി പഠിക്കുന്നതിനും എല്ലാ വിദ്യാത്ഥികളും പ്ലസ്ടു, വി. എച്ച്. എസ്. ഇ. പരീക്ഷകളിൽ മികച്ച വിജയം ഉറപ്പു വരുത്തുന്നതിനായി **സ്റ്റെപ്പ്-അപ്പ് 22** എന്ന പേരിൽ പ്രത്യേക മെറ്റീരിയൽ വിജയഭേരി പദ്ധതിയുടെ ഭാഗമായി തയ്യാറാക്കി സ്കൂളുകളിലെത്തിക്കുകയാണ്. തീർച്ചയായും ഈ മെറ്റീരിയൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഏറെ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പഠനസഹായി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നേതൃത്വം നൽകിയ മലപ്പുറം ഡയറ്റ്, ഹയർ സെക്കണ്ടറി ജില്ലാ കോർഡിനേറ്റർ / അസിസ്റ്റന്റ് കോർഡിനേറ്റർ, ശില്പശാലയിൽ പങ്കെടുത്ത അധ്യാപകർ എന്നിവർക്കുള്ള നന്ദിയും കടപ്പാടും പ്രത്യേകം അറിയിക്കുന്നു.

സ്കൂൾതലത്തിൽ അനുയോജ്യമായ സമയം കണ്ടെത്തി രക്ഷിതാക്കളുടെ സഹകരണത്തോടെ ഈ പഠനപ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകണം. അതിനായി എല്ലാ അധ്യാപകരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

| | | | | |
|---|---|---|---|---|
| പ്രസിഡണ്ട് | ചെയർപേഴ്സൺ | അസി: ഡയറക്ടർ | ആർ.ഡി.ഡി | പ്രിൻസിപ്പാൾ |
| ജില്ലാ പഞ്ചായത്ത് | ആരോഗ്യ വിദ്യാഭ്യാസ | വി..എച്ച്. എസ്.ഇ | മലപ്പുറം | ഡയറ്റ് |
| മലപ്പുറം | സ്ഥിരം സമിതി | മലപ്പുറം | | മലപ്പുറം |

***Prepared by*:**

Srijith M.
HSST History
Ramanattukara HSS (11210)
9995861419

Sachin Kumar S.
HSST History
KM HSS Kuttoor North (11048 )
9496352264

Saju S.D.
HSST History
MS NSS HSS, Chakkalakuth, Nilambur (11216)
9895553054

Prajith E.
HSST History
GHSS Thadathilparamba (11144)
9746335119

Hamza Pullat
HSST History
PPTMYHSS Cherur (11059)
9847386953

Abdul Basheer M.
HSST History
GHSS Kokkur (11012)
9847124358

## <u>പ്രമേയം 1</u>

# <u>ഇഷ്ടികകൾ, കന്മണികൾ, അസ്ഥികൾ</u>

- ലോകത്തിലെ ഏറ്റവും പുരാതനമായതും വലിയതുമായ വെങ്കലയുഗ സംസ്കാരങ്ങളിൽ ഒന്നാണ് ഹാരപ്പൻ സംസ്കാരം
- മൂന്ന് ഘട്ടങ്ങളിലായി നിലനിന്നിരുന്ന എന്ന് കണക്കാക്കുന്ന ഹാരപ്പൻ സംസ്കാരം 4600 വർഷങ്ങൾക്ക് മുന്നെ ഇന്നത്തെ പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ഇന്ത്യ എന്നീ രാജ്യങ്ങളിലായി വ്യാപിച്ച് കിടന്നിരുന്നതാണ്

**<u>സംസ്കാരത്തിന്റെ വിവിധ ഘട്ടങ്ങൾ</u>**

- BCE 2600 ന് മുമ്പുള്ള ആദ്യകാല ഹാരപ്പൻ കാലഘട്ടം
- BCE 2600 നും 1900 നും ഇടയിലുള്ള കാലഘട്ടം
- പിൽക്കാല ഹാരപ്പൻ സംസ്കാര കാലഘട്ടം
- പ്രധാന ഹാരപ്പൻ നഗരങ്ങൾ ഹാരപ്പ, മോഹൻജദാരോ, ചാൻഹുദാരോ, കാലിബംഗൻ, ലോഥൽ, ബനവാലി, ധോളവിര, etc. എന്നിവയാണ്

## <u>മോഹൻജൊദാരോ - ഒരു ആസൂത്രിത നഗരം</u>

- ഹാരപ്പൻ സംസ്കാരത്തിലെ ഏറ്റവും വലുതും പ്രധാനപ്പെട്ടതുമായ നഗരമാണ് *മരിച്ചവരുടെ കുന്ന്* എന്നർത്ഥം വരുന്ന മോഹൻജൊദാരോ എന്ന നഗരം
- സിറ്റാഡൽ അഥവാ കോട്ട എന്നും കീഴ്പട്ടണം എന്നും നഗരത്തെ രണ്ടായി വിഭജിച്ചിട്ടുണ്ട്
- ഉയർന്ന പ്രദേശത്ത് ഇഷ്ടിക കൊണ്ട് നിർമ്മിച്ച തറയുടെ മുകളിലായാണ് ഇവിടെ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്
- ഇഷ്ടികകളാൽ തന്നെ നിർമ്മിച്ച മതിലുകളാൽ കെട്ടിടങ്ങളെ സംരക്ഷിച്ചിരുന്നു
- ഇവിടുത്തെ ഏറ്റവും വലിയ കെട്ടിടം ധാന്യപ്പുരയാണ്
- ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് വെക്കാനുള്ള കലവറയായാണ് ഇത് നിർമ്മിച്ചിട്ടുള്ളത്
- മോഹൻജൊദോരോയിലെ മറ്റൊരു പ്രധാന നിർമ്മിതിയാണ് ഗ്രേറ്റ്ബാത്ത് അഥവാ വലിയ കുളിപ്പുര. ദീർഘചതുരാകൃതിയിലുള്ള ഇതിലേക്ക് ഇറങ്ങുന്നതിനായി തെക്കും വടക്കും ഭാഗങ്ങളിൽ പടവുകളും ചുറ്റും മുറികളും മലിന ജലം പുറത്തേക്ക് ഒഴുക്കാനായി പ്രത്യേക സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്
- മതപരമായ അനുഷ്ഠാനങ്ങൾക്കായിട്ടാണിത് നിർമ്മിച്ചിരുന്നത് എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു
- നഗരത്തിന്റെ രണ്ടാമത്തെ ഭാഗമായ കീഴ്പട്ടണത്തിലാണ് സാധാരണ ജനങ്ങൾ താമസിച്ചിരുന്നത്
- വീടുകൾ കച്ചവട കേന്ദ്രങ്ങൾ, റോഡുകൾ എന്നിവയും കൃത്യമായ ആസൂത്രണത്തോടെ ഇവിടെ നിർമ്മിച്ചിട്ടുണ്ട്

**<u>വീടുകൾ</u>**

- ഇഷ്ടികകൾ കൊണ്ട് നിർമ്മിച്ച ഒറ്റമുറി വീടുകൾ മുതൽ ഒന്നിലധികം നിലകളുള്ള വീടുകൾ വരെ ഉണ്ടായിരുന്നു
- എല്ലാ വീടുകൾക്കും തുറന്ന നടുമുറ്റവും അതിന് ചുറ്റും മുറികളും ഉണ്ടായിരുന്നു
- ഓരോ വീട്ടിലും കുളിമുറിയും മലിന ജലം അഴുക്കുചാലിലേക്ക് ഒഴുക്കി വിടാനുള്ള സംവിധാനവും ഉണ്ടായിരുന്നു
- തെരുവുകളിലേക്ക് തുറക്കുന്ന വാതിലുകളോ ജനലുകളോ വീടിനകത്തേക്ക് നേരിട്ടു കാണുന്ന രീതിയിൽ പ്രവേശന കവാടമോ ഉണ്ടായിരുന്നില്ല
- സ്വകാര്യതക്ക് വലിയ പ്രാധാന്യം നൽകിയിരുന്നവരായിരുന്നു ഹാരപ്പൻ ജനത

- വീടുകൾ ഗ്രിഡ് സംവിധാനത്തിലാണ് നിർമ്മിച്ചിരുന്നത്
- റോഡിനിരുവശവും അഴുക്ക് ചാലുകൾ നിർമ്മിച്ചിരുന്നു
- അഴുക്കുചാൽ സംവിധാനം ഹാരപ്പൻ ജനതയുടെ ഏറ്റവും മികച്ച ഒരു ശുചിത്വ സംവിധാനമാണ്. നഗരം ശുചിയായിരിക്കേണ്ടതിന്റെ പ്രാധാന്യം അവർക്കറിയാമായിരുന്നു. അവരുടെ എഞ്ചിനീയറിംഗ് വൈദഗ്ധ്യം ഇതിൽ നിന്നും വ്യക്തമാണ്. കൃത്യമായ സ്ലാബുകളിട്ട് മൂടിയതും മാൻഹോളുകൾ ഉള്ളതുമായിരുന്നു അഴുക്കുചാലുകൾ

**<u>ഉപജീവന തന്ത്രങ്ങൾ</u>**

- കൃഷിയും മൃഗപരിപാലനവുമായിരുന്നു പ്രധാന ജോലികൾ
- ഗോതമ്പ്, ബാർലി, പയറുവർഗ്ഗങ്ങൾ, പട്ടാണി, എള്ള്, etc. തുടങ്ങിയവ കൃഷി ചെയ്തു
- ചെമ്മരിയാട്, ആട്, കാട്ട്പോത്ത്, പന്നി തുടങ്ങിയ മൃഗങ്ങളെ ഇണക്കി വളർത്തിയിരുന്നു
- കാളകളെ ഉപയോഗിച്ച് നിലം ഉഴുത് കൃഷി ചെയ്തിരുന്നതായി തെളിവുകൾ ലഭിച്ചിട്ടുണ്ട്
- തോടുകൾ, കിണറുകൾ, ജലസംഭരണികൾ എന്നിവ ജലസേചനത്തിനായി ഉപയോഗിച്ചിരുന്നു

**<u>സാമൂഹ്യ വ്യത്യാസങ്ങൾ</u>**

- ഹാരപ്പൻ സമൂഹത്തിലെ സാമ്പത്തിക സാമൂഹിക വ്യത്യാസങ്ങളെ കണ്ടെത്താൻ മൂന്ന് മാർഗ്ഗങ്ങൾ സ്വീകരിച്ചു

**<u>1). ശവസംസ്കാര രീതികൾ</u>**

- ശവക്കല്ലറകൾ തയ്യാറാക്കുന്ന രീതിയിൽ നിന്നും, ശവശരീരത്തോടൊപ്പം അടക്കം ചെയ്യുന്ന വിലപിടിപ്പുള്ള വസ്തുക്കളിൽ നിന്നും സാമ്പത്തിക അസമത്വം മനസ്സിലാക്കി

**<u>2). ആഡംബര വസ്തുക്കൾ</u>**

- വിലപിടിപ്പുള്ള പദാർത്ഥങ്ങൾ കൊണ്ട് നിർമ്മിച്ച വസ്തുക്കൾ സമ്പന്ന വിഭാഗത്തിന്റെ കൈവശം മാത്രമേ ഉണ്ടായിരുന്നുള്ളൂ

**<u>3). വീടുകളുടെ നിർമ്മാണം</u>**

- ഒറ്റമുറി കുടിലുകൾ മുതൽ രണ്ട് നിലയുള്ള വീടുകൾ വരെ ഉണ്ടായിരുന്നു എന്നത് സാമൂഹിക അസമത്വം തിരിച്ചറിയുന്നതിനുള്ള മാർഗ്ഗമാണ്

## <u>സാങ്കേതിക വിദ്യയും കരകൗശല നിർമ്മാണവും</u>

- ഹാരപ്പൻ സൈറ്റുകളിൽ നിന്ന് കണ്ടെത്തിയ വസ്തുക്കൾ അവരുടെ സാങ്കേതിക വിദ്യയുടെ മികച്ച ഉദാഹരണമാണ്
- കന്മണി മാലകൾ ആയിരുന്നു അവരുടെ പ്രധാന നിർമ്മാണം. പല നിറത്തിലും ആകൃതിയിലുമുള്ള കല്ലുകൾ ഉപയോഗിച്ച് അവർ ആഭരണങ്ങൾ നിർമ്മിച്ചിരുന്നു
- കടൽത്തീര പ്രദേശങ്ങളായ നാഗേശ്വർ, ബാലക്കോട്ട് എന്നിവിടങ്ങളിൽ നിന്നും ചിപ്പി, മുത്ത് എന്നിവ കൊണ്ടുള്ള ആഭരണങ്ങളും നിർമ്മിച്ചു
- ഒമാൻ, രാജസ്ഥാൻ എന്നിവിടങ്ങളിൽ നിന്നും ചെമ്പും, കർണ്ണാടകയിൽ നിന്നും സ്വർണ്ണവും ലഭിച്ചിരുന്നു

**<u>ഉൽപ്പാദന കേന്ദ്രങ്ങളെ തിരിച്ചറിയൽ</u>**

- അസംസ്കൃത വസ്തുക്കളുടെ ശേഖരണം
- നിർമ്മാണ ഉപകരണങ്ങൾ
- നിർമ്മാണം പൂർത്തിയാകാത്ത വസ്തുക്കൾ എന്നിവയിൽ നിന്നും ഉൽപ്പാദന കേന്ദ്രങ്ങളെ തിരിച്ചറിയാവുന്നതാണ്

**<u>വിദേശ വ്യാപാരം</u>**

- മെസപ്പൊട്ടേമിയ, ഒമാൻ (മഗാൻ), ബഹ്റൈൻ (ദിൽമൻ) തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ഹാരപ്പൻ നിർമ്മിത വസ്തുക്കൾ കണ്ടെത്തിയിട്ടുണ്ട്

- മെസപ്പൊട്ടേമിയൻ കൃതികളിൽ മെലൂഹ എന്ന പേരിൽ ഹാരപ്പ അറിയപ്പെടുന്നു

**<u>സീലുകൾ (മുദ്രകൾ)</u>**

- ഹാരപ്പയെക്കുറിച്ച് ഏറ്റവുമധികം വിവരങ്ങൾ നൽകുന്ന ഉറവിടമാണ് സീലുകൾ
- വെണ്ണക്കല്ലുകൾ കൊണ്ടാണ് സീലുകൾ നിർമ്മിച്ചിട്ടുള്ളത്
- ചിത്രങ്ങളും ഹാരപ്പൻ ലിപിയും സീലുകളിൽ കൊത്തിവെച്ചിട്ടുണ്ട്
- അക്കാലത്തെ വ്യാപാരം, കൃഷി, ഭക്ഷണ രീതി, ലിപി, വസ്ത്രധാരണ രീതി തുടങ്ങിയ ഒട്ടനവധി വിവരങ്ങൾ മുദ്രകളിൽ നിന്നും ലഭിക്കുന്നു
- നൂറുകണക്കിന് സീലുകൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്

**<u>ഹാരപ്പൻ ലിപി</u>**

- ചിത്രലിപി ആയിരുന്നു അവർ ഉപയോഗിച്ചിരുന്നത്
- വലത്തുനിന്നും ഇടത്തോട്ടാണ് എഴുതിയിരുന്നത്
- ഇതുവരെ വായിച്ചെടുക്കാൻ സാധിച്ചിട്ടില്ല

**<u>അളവ് തൂക്കങ്ങൾ</u>**

- വ്യാപാര വാണിജ്യ സമൂഹമായതുകൊണ്ട് തന്നെ കൃത്യമായ അളവ് തൂക്ക സംവിധാനം അവർ ഉപയോഗിച്ചിരുന്നു
- ചുണ്ണാമ്പുകല്ല്, വെണ്ണക്കല്ല്, എന്നിവകൊണ്ട് ക്യൂബ് ആകൃതിയിൽ തൂക്കക്കട്ടികൾ നിർമ്മിച്ചു
- ചെറിയ യൂണിറ്റ് ഇരട്ടിയിലും (2,4,8,16, etc.), വലിയ യൂണിറ്റ് ദശാംശ സമ്പ്രദായത്തിലുമാണ് കണക്കാക്കിയിരുന്നത്

**<u>ഹാരപ്പയുടെ തകർച്ച</u>**

- BCE 1900 ന് ശേഷം ഹാരപ്പൻ നഗരങ്ങൾ ഉപേക്ഷിക്കപ്പെടാൻ തുടങ്ങി
- തകർച്ചയ്ക്കുള്ള കാരണങ്ങളെപ്പറ്റി വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്
  - വന നശീകരണം
  - കാലാവസ്ഥാ മാറ്റം
  - അമിത പ്രളയവും സിന്ധു നദിയുടെ ഗതിമാറി ഒഴുകലും
  - നദികൾ വറ്റിയത്
  - പ്രകൃതി ക്ഷോഭങ്ങൾ
  - ആര്യൻ ആക്രമണം (മോർട്ടിമർ വീലർ)

| | |
|---|---|
| **അലക്സാണ്ടർ കണ്ണിംഗ്ഹാം** | ഇന്ത്യൻ പുരാവസ്തുശാസ്ത്രത്തിന്റെ പിതാവ് |
| **ജോൺ മാർഷൽ** | ഹാരപ്പൻ സംസ്കാരത്തിന്റെ കണ്ടെത്തൽ ഔദ്യോഗികമായി പ്രഖ്യാപിച്ചു |
| **ദയാറാം സാഹ്നി** | ഹാരപ്പയിൽ ഉത്ഖനനത്തിന് നേതൃത്വം കൊടുത്ത പുരാവസ്തു ഗവേഷകൻ |
| **ആർ.ഡി. ബാനർജി** | മോഹൻജൊദാരോയിൽ ഉത്ഖനനത്തിന് നേതൃത്വം കൊടുത്ത പുരാവസ്തു ഗവേഷകൻ |

----oooo----

## പ്രമേയം 2

## രാജാക്കന്മാർ, കർഷകർ, നഗരങ്ങൾ

- BCE ആറാം നൂറ്റാണ്ടോടുകൂടി ആദ്യകാല രാഷ്ട്രങ്ങളും സാമ്രാജ്യങ്ങളും ഉയർന്നുവരാൻ ആരംഭിച്ചു
- രണ്ടാം നഗരവൽക്കരണ കാലഘട്ടമായി BCE ആറാം നൂറ്റാണ്ട് അറിയപ്പെടുന്നു
- ഇന്ത്യാ ചരിത്രത്തിൽ ഒരു പ്രധാന കാലഘട്ടമായി BCE ആറാം നൂറ്റാണ്ട് മാറാൻ നിരവധി കാരണങ്ങൾ ഉണ്ട്

1. ആദ്യകാല രാഷ്ട്രങ്ങളുടെ ഉദയം
2. നഗരങ്ങളും പട്ടണങ്ങളും ആവിർഭവിച്ചു
3. ഇരുമ്പിന്റെ വർദ്ധിച്ച ഉപയോഗം
4. നാണയ വ്യവസ്ഥയുടെ വികാസം
5. ബുദ്ധ, ജൈന മതങ്ങളുടെ ആവിർഭാവം

**മഹാജനപദങ്ങൾ**

- അക്കാലത്ത് ഉയർന്നുവന്ന സ്വതന്ത്ര രാഷ്ട്രങ്ങളാണ് മഹാജനപദങ്ങൾ
- 16 മഹാജനപദങ്ങളെക്കുറിച്ച് ബുദ്ധ, ജൈന മതഗ്രന്ഥങ്ങളിൽ പരാമർശിക്കുന്നുണ്ട്
- രാജവാഴ്ച, സംഘഭരണം, തലസ്ഥാന നഗരം, സ്ഥിര സൈന്യം, ഉദ്യോഗസ്ഥവൃന്ദം എന്നിവ മഹാജനപദങ്ങളുടെ സവിശേഷതകളായിരുന്നു
- ധർമ്മ സൂത്രങ്ങൾ എന്നറിയപ്പെടുന്ന നിയമഗ്രന്ഥങ്ങൾ അക്കാലത്തെ സാമൂഹിക വ്യവസ്ഥയെ ചിട്ടപ്പെടുത്തിയിരുന്നു

**മഗധ 16 മഹാജനപദങ്ങളിൽ ഒന്നാമൻ**

- നിരവധി കാരണങ്ങൾ മഗധയുടെ വളർച്ചയെ സഹായിച്ചു

1. മഗധ ഫലഭൂയിഷ്ഠമായ ഒരു പ്രദേശമായിരുന്നു
2. ഇരുമ്പ് ഖനികൾ ധാരാളം ഉണ്ടായിരുന്നതുകൊണ്ട് ആയുധങ്ങളും കാർഷിക ഉപകരണങ്ങളും നിർമ്മിക്കാൻ സാധിച്ചു
3. വനപ്രദേശം കൂടുതലുണ്ടായതിനാൽ സൈന്യത്തിനാവശ്യമായ ആനകളെ ലഭിച്ചു
4. ഗംഗയും അതിന്റെ പോഷകനദികളും ഗതാഗത വാണിജ്യത്തെ സഹായിച്ചു
5. പാടലിപുത്രം, രാജഗൃഹം എന്നീ തലസ്ഥാന നഗരങ്ങൾ പെട്ടെന്ന് കീഴടക്കാൻ പറ്റുന്നവ ആയിരുന്നില്ല
6. മഗധ ഭരിച്ച ഭരണാധികാരികൾ സാമ്രാജ്യ വിസ്തൃതിക്ക് പ്രാധാന്യം നൽകി

## മൗര്യ സാമ്രാജ്യം

**ഉറവിടങ്ങൾ**

- മെഗസ്തനീസിന്റെ ഇൻഡിക്ക
- കൗടില്യന്റെ അർത്ഥശാസ്ത്രം
- ബുദ്ധ ജൈന പുരാണ സാഹിത്യ കൃതികൾ
- ശിൽപ്പങ്ങൾ, നാണയങ്ങൾ, കൊത്തു ലിഖിതങ്ങൾ

**അശോകൻ - ധർമ്മനയം**

- മൗര്യചക്രവർത്തിമാരിൽ ഏറ്റവും പ്രശസ്തനായ രാജാവ്
- കലിംഗ യുദ്ധത്തെ തുടർന്ന് ബുദ്ധമതാനുയായി ആയി മാറി
- ധർമ്മ/ധമ്മ നയം ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തു. അതിനായി *ധർമ്മ മഹാമാത്രന്മാർ* എന്ന ഉദ്യോഗസ്ഥരെ നിയമിച്ചു
- ബുദ്ധമത തത്വത്തിലധിഷ്ഠിതമായ ഒരു ജീവിത രീതിയാണ് ധർമ്മ
- മാതാപിതാക്കളേയും മുതിർന്നവരേയും അദ്ധ്യാപകരേയും ബഹുമാനിക്കുകയും അനുസരിക്കുകയും

ചെയ്യുക

- ബ്രാഹ്മണർ, സന്യാസിമാർ, പാവങ്ങൾ എന്നിവരോട് ഉദാരത കാണിക്കുക
- അടിമകളോടും പരിചാരകരോടും ദയാപൂർവ്വം പെരുമാറുക
- സഹിഷ്ണുത
- അഹിംസ
- സത്യസന്ധതയും വിശ്വസ്തതയും നിർമ്മലതയും കാത്തു സൂക്ഷിക്കുക

**മൗര്യഭരണ സംവിധാനം**

- രാജാവിന്റെ നിയന്ത്രണത്തിലുള്ള ഒരു കേന്ദ്രീകൃത ഭരണ സംവിധാനം
- മന്ത്രിപരിഷത്ത് എന്ന ഉപദേശക സമിതി ഉണ്ടായിരുന്നു
- വിപുലമായ ഉദ്യോഗസ്ഥവൃന്ദം ഭരണ കാര്യങ്ങളിൽ സഹായിച്ചു
- മികച്ച ചാരസംവിധാനം ഉണ്ടായിരുന്നു
- അഞ്ച് പ്രധാന രാഷ്ട്രീയ കേന്ദ്രങ്ങൾ ഉണ്ടായിരുന്നു
  - ◆ പാടലീപുത്രം, തൊശാലി, തക്ഷശില, ഉജ്ജൈനി, സുവർണഗിരി

**പ്രവിശ്യാ ഭരണം**

- സാമ്രാജ്യം : ചക്രവർത്തി /രാജാവ്
- പ്രവിശ്യകൾ നാലെണ്ണം : ഗവർണർ / വൈസ്രോയി
- ജില്ലകൾ : സ്ഥാനികൻ
- ഗ്രാമങ്ങൾ : ഗ്രാമിക
- തലസ്ഥാന നഗരത്തിന്റെ ഭരണ മേൽനോട്ടം മുപ്പത് അംഗ കൗൺസിൽ നിർവ്വഹിച്ചു
- ഇതിൽ 5 സമിതികൾ ഉണ്ടായിരുന്നു
- ഒന്നാം സമിതി - പൊതു ശുചിത്വം
- രണ്ടാം സമിതി - വിദേശികളെ ശ്രദ്ധിക്കുക
- മൂന്നാം സമിതി - ജനന മരണ കണക്കുകൾ
- നാലാം സമിതി - അളവ് തൂക്കം
- അഞ്ചാം സമിതി - ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ പരിശോധിക്കുക
- ആറാം സമിതി - നികുതി പിരിക്കൽ

**പ്രവിശ്യാ ഭരണം**

- രാജ്യത്തിന്റെയും ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തിയിരുന്നത് സൈന്യമായിരുന്നു
- സൈന്യത്തിൽ 6 വിഭാഗങ്ങൾ ഉണ്ടായിരുന്നു
- ഇതിനെ ഏകോപിപ്പിക്കുന്നതിനായി 6 ഉപ സമിതികളെ നിയോഗിച്ചു

1. ഒന്നാം സമിതി - കരസേനയുടെ പ്രവർത്തനങ്ങൾ
2. രണ്ടാം സമിതി - ഗതാഗതം, ഭക്ഷണ മേൽനോട്ടം
3. മൂന്നാം സമിതി - കാലാൾ പടയുടെ മേൽനോട്ടം
4. നാലാം സമിതി - അശ്വസേനയെ നിയന്ത്രിച്ചു
5. അഞ്ചാം സമിതി - തേരുകളുടെ ചുമതല
6. ആറാം സമിതി - ആനകളുടെ പരിപാലനവും നിയന്ത്രണവും

**നീതിന്യായ ഭരണം**

- രാജ്യത്ത് ഒരു നിയമ വ്യവസ്ഥ നിലനിർത്തി
- പരമോന്നത കോടതി രാജാവായിരുന്നു

- സിവിൽ ക്രിമിനൽ കേസുകൾക്കായി കോടതികൾ സ്ഥാപിച്ചു
- കുറ്റകൃത്യത്തിന്റെ സ്വഭാവത്തിനനുസരിച്ചായിരുന്നു ശിക്ഷ

**നികുതി വ്യവസ്ഥ**

- വിപുലമായ സൈന്യത്തെയും ഉദ്യോഗസ്ഥന്മാരെയും നിലനിർത്താൻ വരുമാനം ആവശ്യമായിരുന്നു
- ഭൂനികുതിയാണ് പ്രധാന വരുമാന മാർഗ്ഗം
- ഖനനം, ലൈസൻസുകൾ, ഇറക്കുമതി കയറ്റുമതി ചുങ്കം എന്നിവയായിരുന്നു മറ്റു വരുമാന മാർഗ്ഗങ്ങൾ

**മൗര്യാനന്തര കാലം**

- മൗര്യ സാമ്രാജ്യത്തിന്റെ തകർച്ചയെ തുടർന്ന് പല രാജാക്കന്മാർ ഉയർന്നുവന്നു
- വടക്ക് പടിഞ്ഞാറ് - ഗ്രീക്കുകാർ, ശാകന്മാർ, പാർത്ഥിയന്മാർ, കുശാനൻമാർ
- ഗംഗ സമതലം - സുംഗന്മാർ, കണ്വന്മാർ
- പശ്ചിമ ഡക്കാൻ - ശതവാഹനൻമാർ
- തമിഴകം - ചേര ചോള പാണ്ഡ്യന്മാർ
- ഒറീസ്സ - ചേദി രാജവംശം
- രാജാക്കന്മാർ ദിവ്യ രാജാക്കന്മാർ എന്നവകാശപ്പെടാൻ തുടങ്ങി
- ദൈവത്തിന്റെ പ്രതിപുരുഷന്മാരായി അവകാശപ്പെട്ടു
- ഭീമാകാരങ്ങളായ സ്വന്തം പ്രതിമകൾ സ്ഥാപിച്ചു
- *ദേവപുത്ര* തുടങ്ങിയ വിശേഷണങ്ങൾ പേരിനൊപ്പം ചേർത്തു
- വലിയ യാഗങ്ങൾ നടത്തുക, പ്രശസ്തികൾ രചിക്കുക തുടങ്ങിയവ ചെയ്തു

**ഗുപ്ത കാലഘട്ടം**

- നാണയങ്ങൾ, ശിലാശാസനങ്ങൾ, സാഹിത്യം, പ്രശസ്തി എന്നിവയിൽ നിന്നെല്ലാം ഗുപ്തരാജാക്കന്മാരുടെ ചരിത്രം മനസ്സിലാക്കാം
- ശ്രീ ഗുപ്തനാണ് ഗുപ്ത സാമ്രാജ്യ സ്ഥാപകൻ
- ചന്ദ്ര ഗുപ്തൻ ഒന്നാമൻ ആദ്യ പ്രധാന രാജാവ്
- അദ്ദേഹം CE 319 ൽ ഗുപ്ത വർഷം സ്ഥാപിച്ചു
- സമുദ്രഗുപ്തൻ മറ്റൊരു പ്രധാന ഭരണാധികാരിയായിരുന്നു
- യൂറോപ്യന്മാർ അദ്ദേഹത്തെ ഇന്ത്യൻ നെപ്പോളിയൻ എന്ന് വിശേഷിപ്പിച്ചു
- മന്ത്രിയായ ഹരിസേനൻ രചിച്ച അലഹബാദ് പ്രശസ്തി ഗുപ്തകാലത്തെക്കുറിച്ച് വിവരം നൽകുന്ന ഉറവിടമാണ്
- സമുദ്ര ഗുപ്തന് ശേഷം ചന്ദ്രഗുപ്തൻ രണ്ടാമൻ അധികാരത്തിൽ വന്നു
- വിക്രമാദിത്യൻ എന്ന പേരിൽ ഇദ്ദേഹം അറിയപ്പെടുന്നു
- നവ രത്നങ്ങൾ എന്നറിയപ്പെട്ട സാഹിത്യകാരന്മാർ ഇദ്ദേഹത്തിന്റെ സദസ്സിലായിരുന്നു
- ചൈനിസ് സഞ്ചാരികളായ ഫാഹിയാൻ, ഇറ്റ്സിങ്ങ് എന്നിവർ ഇക്കാലത്താണ് ഇന്ത്യ സന്ദർശിച്ചത്
- സ്കന്ദ ഗുപ്തനാണ് അവസാന ഗുപ്തരാജാവ്
- CE ആറാം നൂറ്റാണ്ടോടെ ഗുപ്ത സാമ്രാജ്യം തകർന്നു

**ഭൂദാനം**

- CE ആദ്യ നൂറ്റാണ്ടുകളിലാണ് ഭൂദാന സംവിധാനം ആരംഭിച്ചത്
- ഡക്കാൻ ഭരിച്ച ശതവാഹന രാജാക്കന്മാരാണ് ഇത് ആരംഭിച്ചത്
- ബുദ്ധ സന്യാസിമാർ, ബ്രാഹ്മണർ, ക്ഷേത്രങ്ങൾ, സന്യാസാശ്രമങ്ങൾ എന്നിവയക്കാണ് ഭൂമി ദാനം

നൽകിയത്

- പല തരത്തിലുള്ള ഭൂദാനങ്ങൾ ഉണ്ടായിരുന്നു. തുണ്ട് ഭൂമി മുതൽ വിശാലമായ ഭൂമി വരെ ദാനം ചെയ്തിരുന്നു
- ബ്രാഹ്മണർക്ക് ദാനം ലഭിച്ച ഭൂമിയെ അഗ്രഹാരം എന്ന് വിളിച്ചു. ഇവയെ നികുതിയിൽ നിന്ന് ഒഴിവാക്കിയിരുന്നു

**നാണയങ്ങളും രാജാക്കന്മാരും**

- നാണയങ്ങളെക്കുറിച്ചുള്ള പഠനത്തെ നാണയ ശാസ്ത്രം (ന്യൂമിസ്മാറ്റിക്സ്) എന്നുപറയുന്നു
- ചിഹ്നങ്ങൾ പതിപ്പിച്ച നാണയത്തെ പഞ്ച്മാർക്ക്ഡ് (മുദ്രാങ്കിത) നാണയങ്ങൾ എന്നുപറയുന്നു
- രാജാക്കന്മാരും വ്യാപാരികളും നാണയങ്ങൾ ഇറക്കിയിരുന്നു
- ഇൻഡോ ഗ്രീക്കുകാരാണ് പേരും ചിഹ്നവും പതിപ്പിച്ച നാണയങ്ങൾ ഇറക്കിയത്
- CE ഒന്നാം നൂറ്റാണ്ടിൽ കുശാന രാജാക്കന്മാരാണ് ആദ്യമായി സ്വർണ്ണനാണയങ്ങൾ ഇറക്കിയത്
- ഗുപ്ത രാജാക്കന്മാരുടെ സ്വർണ്ണ നാണയമാണ് ഏറ്റവും പരിശുദ്ധ സ്വർണ്ണമായി പരിഗണിക്കപ്പെട്ടത്
- ഇന്ത്യക്കകത്തും പുറത്തും നാണയങ്ങൾ ഉപയോഗിച്ച് വ്യാപാരം നടത്തിയിരുന്നു

**ശിലാലിഖിതങ്ങൾ/കൊത്തുലിഖിതങ്ങൾ**

- കല്ലുകൾ, പാത്രങ്ങൾ, ലോഹങ്ങൾ, സ്തംഭങ്ങൾ എന്നിവയിലെല്ലാമായി പല ഭാഷയിൽ കൊത്തിവെക്കുന്നു
- രാജാക്കന്മാരുടെ നേട്ടങ്ങൾ, നിയമങ്ങൾ, സംഭാവനകൾ എല്ലാം ഇതിൽ രേഖപ്പെടുത്തുന്നു
- പ്രാകൃത്, പാലി, തമിഴ്, സംസ്കൃതം ഭാഷകളിലാണ് എഴുതിയിരുന്നത്

**ലിഖിതങ്ങളുടെ പരിമിതികൾ**

- ചരിത്ര നിർമ്മിതിക്കുള്ള പ്രധാന സ്രോതസ്സായ കൊത്തുലിഖിതങ്ങൾക്ക് നിരവധി പരിമിതികളുണ്ട്
- മങ്ങിയ രീതിയിലുള്ള അക്ഷരങ്ങൾ
- പൊട്ടിപ്പോയതോ മാഞ്ഞുപോയതോ ആയവ
- ലിഖിതങ്ങളിലെ ശരിയായ അർത്ഥം മനസ്സിലാക്കാനുള്ള പ്രയാസം
- ആയിരക്കണക്കിന് ശാസനങ്ങൾ വായിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല
- അക്കാലത്തെ സാമ്പത്തിക, രാഷ്ട്രീയ കാര്യങ്ങളൊന്നും ഇതിൽ രേഖപ്പെടുത്തിയിട്ടില്ല
- സാധാരണക്കാരന്റെ ജീവിതത്തെക്കുറിച്ചൊന്നും ഇതിൽ പരാമർശിക്കുന്നില്ല
- ശിലാശാസനങ്ങളെല്ലാം അവ സ്ഥാപിച്ച വ്യക്തികളുടെ താൽപ്പര്യപ്രകാരമാണ് എഴുതപ്പെട്ടിട്ടുള്ളത്

----oooo----

## പ്രമേയം 3

# ബന്ധുത്വം, ജാതി, വർഗം

## ആദ്യകാല സമൂഹങ്ങൾ c.600 BCE – 600 CE

- BCE 600 നും CE 600 നും ഇടയിലുണ്ടായ സാമ്പത്തിക-രാഷ്ട്രീയ മാറ്റങ്ങൾ സാമൂഹ്യ ജീവിതത്തെയും സ്വാധീനിച്ചിരുന്നു
- സമ്പത്തിന്റെ അസന്തുലിതമായ വിതരണം സാമൂഹ്യ വ്യത്യാസങ്ങൾക്ക് കാരണമായിത്തീർന്നു
- ഇത്തരം സാമൂഹ്യ മാറ്റങ്ങളെപ്പറ്റി മനസ്സിലാക്കാൻ ചരിത്രകാരന്മാർ കൊത്തുലിഖിതങ്ങളും ഗ്രന്ഥങ്ങളും ഉപയോഗപ്പെടുത്തി
- ഈ കാലഘട്ടത്തിലെ സാമൂഹ്യജീവിതം രൂപപ്പെടുത്തിയ മനോഭാവങ്ങളെയും സമ്പ്രദായങ്ങളെയും മനസ്സിലാക്കാൻ മഹാഭാരതം പോലുള്ള കൃതികൾ ഉപയോഗപ്പെടുത്തുന്നു

**മഹാഭാരതം**

- ലോകത്തിലെ ഏറ്റവും വലിയ ഇതിഹാസ കൃതിയാണ് മഹാഭാരതം
- ഇതിൽ ഒരു ലക്ഷത്തിൽപ്പരം ശ്ലോകങ്ങളുണ്ട്
- ഏകദേശം ആയിരം വർഷങ്ങൾക്കൊണ്ടാണ് ഇതിന്റെ രചന പൂർത്തിയായത്
- സംസ്കൃത ഭാഷയിലാണ് ഇത് എഴുതിയിട്ടുള്ളത്
- 18 അദ്ധ്യായങ്ങളാണ് ഇതിലുള്ളത് (പർവ്വങ്ങൾ)
- കൗരവരും പാണ്ഡവരും തമ്മിൽ നടന്ന യുദ്ധമാണ് ഈ കൃതിയുടെ പ്രധാന പ്രമേയം
- അനേകം സാമൂഹ്യവിഭാഗങ്ങളെക്കുറിച്ചും അവരുടെ പെരുമാറ്റച്ചട്ടങ്ങളെക്കുറിച്ചും ഈ കൃതിയിൽ പരാമർശമുണ്ട്

**മഹാഭാരതത്തിന്റെ വിമർശനാത്മകപ്പതിപ്പ്**

- വി.എസ്. സുക്താങ്കറും ഒരു സംഘം പണ്ഡിതരും ചേർന്ന് 1919 ൽ തയ്യാറാക്കി
- ഇന്ത്യയുടെ വ്യത്യസ്ത ഭാഗങ്ങളിൽ നിന്നും അവർ മഹാഭാരതത്തിന്റെ വിവിധ ഭാഷകളിലുള്ള കയ്യെഴുത്ത് പ്രതികൾ ശേഖരിച്ചു
- ഓരോന്നിലുമുള്ള ശ്ലോകങ്ങൾ ഒത്തുനോക്കി പൊതുവായി കാണപ്പെടുന്നവ തെരഞ്ഞെടുത്തു
- സംസ്കൃതത്തിലുള്ള കയ്യെഴുത്ത് പ്രതികളിൽ ധാരാളം പൊതു ഘടകങ്ങൾ ഉണ്ടായിരുന്നു
- ഈ കൃതിയിൽ നിരവധി പ്രാദേശികമായ വ്യതാസങ്ങളുള്ളതായും അവർ തിരിച്ചറിഞ്ഞു
- 47 വർഷങ്ങൾക്കൊണ്ടാണ് അവർ ഈ സംരംഭം പൂർത്തിയാക്കിയത്

## ബന്ധുത്വവും വിവാഹവും: പല നിയമങ്ങളും വൈവിധ്യമാർന്ന ആചാരങ്ങളും

**കുടുംബം:**

- സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് കുടുംബം
- എല്ലാ കുടുംബങ്ങളും ഒരു പോലെയല്ല
- അംഗസംഖ്യ, പരസ്പരമുള്ള ബന്ധം, പങ്ക് വെക്കുന്ന പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം വ്യത്യാസങ്ങൾ ഉണ്ടാവും
- ബന്ധുക്കൾ എന്ന് വിശേഷിപ്പിക്കുന്ന ഒരു ശൃംഖലയുടെ ഭാഗമാണ് കുടുംബങ്ങൾ
- കുടുംബ ബന്ധങ്ങൾ രക്തബന്ധാധിഷ്ഠിതമാണ്

**പിതൃദായ ക്രമം:**

- പിതാവിന് ശേഷം പുത്രനിലേക്ക് എന്ന രീതിയിൽ വ്യാപിക്കുന്ന വംശപരമ്പര
- മക്കത്തായം

- BCE ആറാം നൂറ്റാണ്ട് മുതൽ പിന്തുടർന്നിരുന്നു
- ആൺമക്കൾ ഇല്ലാതെ വന്നാൽ സഹോദരന്മാരും, ബന്ധുക്കളും സ്ത്രീകളും സമ്പത്തിനും അധികാരത്തിനും അവകാശങ്ങൾ ഉന്നയിച്ചിരുന്നു
- മഹാഭാരതം ഈ ആശയത്തെ ഊട്ടിയുറപ്പിച്ചു

**മാതൃദായ ക്രമം:**

- മാതാവിലൂടെ തുടരുന്ന പിന്തുടർച്ചാ രീതി
- മരുമക്കത്തായം

## വിവാഹ രീതികൾ

| | |
|---|---|
| **സ്വഗണ വിവാഹം** | ഒരു ഗണത്തിനകത്ത് നിന്നുള്ള വിവാഹം |
| **അന്യഗണ വിവാഹം** | ഗണത്തിന് പുറത്തുള്ളവരുമായുള്ള വിവാഹം |

| | |
|---|---|
| **ബഹുഭാര്യത്വം** | ഇതിൽ ഒരു പുരുഷന് ഒന്നിലേറെ ഭാര്യമാർ ഉണ്ടാകും |
| **ബഹുഭർതൃത്വം** | ഈ രീതി പ്രകാരം ഒരു സ്ത്രീക്ക് ഒന്നിലെറെ ഭർത്താക്കന്മാർ ഉണ്ടാകും |

**ഗോത്രങ്ങളെ സംബന്ധിച്ച രണ്ട് നിയമങ്ങൾ**

- സ്ത്രീകൾ വിവാഹശേഷം ഭർത്താവിന്റെ ഗോത്രം സ്വീകരിക്കണം
- ഒരേ ഗോത്രത്തിലെ അംഗങ്ങൾ തമ്മിൽ വിവാഹം കഴിക്കാൻ പാടില്ല

**വർണം**

- ശ്രേണീക്രമത്തിലുള്ള ഒരു കൂട്ടം സാമൂഹിക വിഭാഗങ്ങളെയാണ് വർണം എന്ന് വിളിക്കുന്നത്
- ഋഗ്വേദത്തിലെ പുരുഷ സൂക്തത്തിലാണ് വർണ്ണത്തെക്കുറിച്ചുള്ള ആദ്യത്തെ പരാമർശമുള്ളത്
- നാല് വർണങ്ങളാണ് ഉണ്ടായിരുന്നത്

| 4 വർണങ്ങൾ | ചുമതലകൾ |
|---|---|
| **ബ്രാഹ്മണർ** | • വേദങ്ങൾ പഠിക്കുക, പഠിപ്പിക്കുക<br>• യാഗങ്ങൾ നടത്തുക<br>• ദാനം കൊടുക്കുക, സ്വീകരിക്കുക |
| **ക്ഷത്രിയർ** | • യുദ്ധം ചെയ്യുക<br>• ജനങ്ങളെ സംരക്ഷിക്കുക<br>• നീതി നടപ്പാക്കുക<br>• വേദങ്ങൾ പഠിക്കുക<br>• യാഗങ്ങൾ ചെയ്യിപ്പിക്കുക<br>• ദാനം നൽകുക |
| **വൈശ്യർ** | • ക്ഷത്രിയന്മാരുടെ അവസാനത്തെ മൂന്ന് തൊഴിലുകൾ ഇവർക്കും നൽകി<br>• കൃഷി<br>• വ്യാപാരം<br>• കാലിമേയ്ക്കൽ |
| **ശൂദ്രർ** | • ആദ്യത്തെ മൂന്ന് വർണ്ണങ്ങളിൽപ്പെട്ടവരെയും സേവിക്കുക |

- ക്ഷത്രിയ വിഭാഗത്തിൽ പെടാത്തവരും രാജാക്കന്മാരായിരുന്നു
  - ◆ മൗര്യന്മാർ, സുംഗന്മാർ, കണ്വൻമാർ, ശാകന്മാർ
- ശതവാഹനൻമാർ ബ്രാഹ്മണരാണെന്ന് അവകാശപ്പെട്ടിരുന്നു
- ശതവാഹന ഭരണാധികാരിയായ ഗൗതമിപുത്ര ശതകർണി ***ഏക ബ്രാഹ്മണൻ*** എന്നറിയപ്പെട്ടിരുന്നു

**ജാതി**

- ജനനമാണ് ജാതിയുടെ അടിസ്ഥാനം
- ജാതിയുടെ എണ്ണത്തിന് പരിധിയില്ല
- ചാതുർവർണ്യ വ്യവസ്ഥയ്ക്ക് ചേരാത്തവരെ ബ്രാഹ്മണർ വിവിധ ജാതികളായി കണക്കാക്കി

**മ്ലേച്ഛന്മാർ**

- സംസ്കൃത ഭാഷ സംസാരിക്കാൻ അറിയാത്തവരെ മ്ലേച്ഛരായി മുദ്രകുത്തി
- പുറത്ത് നിന്ന് വന്നവരായിരുന്നു ഇവർ
- ഇവരെ അവജ്ഞയോടെയാണ് കണ്ടിരുന്നത്

**ചണ്ഡാലർ**

- ഹീന ജോലികൾ ചെയ്തിരുന്നവരെ ബ്രാഹ്മണർ ചണ്ഡാലർ എന്ന് വിളിച്ചു
- ബ്രാഹ്മണർ ഇവരെ തൊട്ടുകൂടാത്തവരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി
- ചണ്ഡാലർ ഗ്രാമത്തിന് പുറത്താണ് താമസിച്ചത്
- മറ്റുള്ളവർ ഉപേക്ഷിച്ച പാത്രങ്ങൾ ഉപയോഗിച്ചു
- ഇരുമ്പ് ആഭരണങ്ങളാണ് അവർ ധരിച്ചിരുന്നത്
- രാത്രിയിൽ സഞ്ചരിക്കാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല
- മൃതദേഹങ്ങൾ സംസ്കരിക്കുന്നവരായും ആരാച്ചാർമാരായും അവർ പ്രവർത്തിക്കേണ്ടിയിരുന്നു
- എന്നാൽ ചിലപ്പോഴെല്ലാം ഇവർക്കിടയിൽ നിന്ന് എതിർപ്പിന്റെ സ്വരം ഉയർന്നു വന്നിരുന്നു
- നിഷേധിക്കപ്പെട്ട ജോലികൾ ചെയ്യാൻ അവർ ധൈര്യം കാണിച്ചു
- ചിലർ വേദങ്ങളും പഠിക്കാൻ തുടങ്ങി

**സ്വത്തവകാശത്തെ നിയന്ത്രിച്ചിരുന്ന രണ്ട് മാനദണ്ഡങ്ങൾ**

**1. സ്വത്തവകാശത്തിലെ ലിംഗഭേദം**

- പിതാവിന്റെ സ്വത്തിൽ ആൺമക്കൾക്ക് മാത്രമേ അവകാശം ഉണ്ടായിരുന്നുള്ളൂ
- സ്ത്രീകൾക്ക് സ്ത്രീധന സമ്മാനങ്ങൾ മാത്രമേ കൈവശം വെക്കാൻ പാടുണ്ടായിരുന്നുള്ളൂ
- എന്നാൽ ഉയർന്ന വർഗ്ഗങ്ങളിലെ സ്ത്രീകൾക്ക് സ്വത്താവകാശമുണ്ടായിരുന്നു

**2. വർണ്ണവും സ്വത്തവകാശവും**

- ആദ്യത്തെ മൂന്ന് വർണ്ണങ്ങളിലുള്ളവരായിരുന്നു സമൂഹത്തിലെ ഏറ്റവും സമ്പന്നർ
- ശൂദ്രന്മാരുടെ തൊഴിൽ ദാസ്യവൃത്തി മാത്രമായിരുന്നു

**സാമൂഹിക വ്യത്യാസങ്ങളുടെ വിശദീകരണം: ഒരു സാമൂഹ്യക്കരാർ**

- സാമൂഹ്യ വ്യത്യാസങ്ങളുമായി ബന്ധപ്പെട്ട ബ്രാഹ്മണ സിദ്ധാന്തത്തെ ബുദ്ധമതം നിരാകരിച്ചു
- സാമൂഹിക അസമത്വങ്ങൾ ജന്മസിദ്ധമോ ഈശ്വരസൃഷ്ടിയോ അല്ലെന്ന് അവർ വിശ്വസിച്ചു
- രാജത്വം മനുഷ്യരുടെ ഇഷ്ടപ്രകാരം രൂപീകരിച്ച ഒരു കരാറിൽ നിന്ന് ആവിർഭവിച്ചതാണ്
- രാജാവിന്റെ സേവനങ്ങൾക്ക് പകരം ജനങ്ങൾ അദ്ദേഹത്തിന് നികുതി നൽകുന്നു
- കരാർ ഉണ്ടാക്കിയിരിക്കുന്ന മനുഷ്യർക്ക് ഭാവിയിൽ അത് മാറ്റാനും അവകാശമുണ്ട്

**ഗ്രന്ഥങ്ങൾ വിശകലനം ചെയ്യുമ്പോൾ ചരിത്രകാരന്മാർ പരിഗണിക്കുന്ന ഘടകങ്ങൾ**

1. ഗ്രന്ഥത്തിന്റെ ഭാഷ

2. ഏത് തരത്തിൽപ്പെട്ട ഗ്രന്ഥങ്ങളാണെന്ന് പരിശോധിക്കുന്നു
   - കഥ, കവിത, ശ്ലോകങ്ങൾ, etc.
3. ആരാണ് ഗ്രന്ഥം രചിച്ചത്
   - അദ്ദേഹത്തിന്റെ വീക്ഷണം, ആശയങ്ങൾ, etc.
4. ഏതുതരം വായനക്കാരെ ഉദ്ദേശിച്ചാണ് ഗ്രന്ഥം എഴുതപ്പെട്ടത്
5. രചിക്കപ്പെട്ട കാലം
6. രചിക്കപ്പെട്ട സ്ഥലം

**മഹാഭാരതത്തിന്റെ ഭാഷ**

- ലളിതമായ സംസ്കൃത ഭാഷ
- കൂടുതൽപേർക്ക് മനസ്സിലാക്കാൻ സാധിച്ചു

**മഹാഭാരതത്തിന്റെ ഉള്ളടക്കം**

- രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു
  - ◆ ആഖ്യാനം (കഥകൾ)
  - ◆ അനുശാസകങ്ങൾ (സാമൂഹ്യനിയമങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ)

**മഹാഭാരതത്തിന്റെ ഗ്രന്ഥകർത്താവ്**

- ഈ കൃതിയുടെ രചയിതാവായി പൊതുവെ കണക്കാക്കുന്നത് വ്യാസമഹർഷിയെയാണ്
- ആധുനിക ചരിത്രകാരന്മാർ ഒന്നിലധികം രചയിതാക്കളുള്ളതായി പറയുന്നു

**മഹാഭാരതത്തിന്റെ കാലം**

- പല കാലഘട്ടങ്ങളിലായി രചിക്കപ്പെട്ടതാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്
- യഥാർത്ഥ കഥ രചിച്ചത് സൂതന്മാർ എന്ന തേരാളികളായ ഗായക കവികളാണ്
- BCE അഞ്ചാം നൂറ്റാണ്ടിൽ ബ്രാഹ്മണർ ശേഖരിക്കാനും എഴുതിവെക്കാനും തുടങ്ങി
- മൂന്നാം ഘട്ടം എഴുതപ്പെട്ടത് BCE 200-CE 200 കാലഘട്ടത്തിലാണ്
- CE 200-CE 400 കാലഘട്ടത്തിൽ അനുശാസകങ്ങൾ ഈ കൃതിയോടൊപ്പം കൂട്ടിച്ചേർക്കപ്പെട്ടു

**സമന്വയത്തിനുവേണ്ടിയുള്ള അന്വേഷണം**

- മഹാഭാരതത്തിലെ വിവരണങ്ങളുടെ നിജസ്ഥിതി പരിശോധിക്കാൻ ചരിത്രകാരന്മാർ ശ്രമിച്ചിരുന്നു

**ഹസ്തിനപുരം ഉത്ഖനനം**

- ബി.ബി. ലാൽ ആണ് ഹസ്തിനപുരം ഉത്ഖനനത്തിന് നേതൃത്വം കൊടുത്തത് (1951-52)
- മഹാഭാരതത്തിൽ പരാമർശിക്കുന്ന ഹസ്തിനപുരമാണോ ഇത് എന്നുള്ള അന്വേഷണമാണ് അദ്ദേഹം നടത്തിയത്
- ഇവിടെ നിന്നും അഞ്ച് അധിവാസതലങ്ങളെക്കുറിച്ചുള്ള തെളിവുകൾ അദ്ദേഹത്തിന് ലഭിച്ചു
- ഇതിൽ രണ്ടും മൂന്നും തട്ടുകൾ വലിയ പ്രാധാന്യമുള്ളവയായിരുന്നു
- എന്നാൽ അദ്ദേഹത്തിന്റെ ഉത്ഖനനത്തിൽ നിന്ന് ലഭിച്ച വിവരങ്ങൾ മഹാഭാരതത്തിലെ വിവരണങ്ങളുമായി യോജിക്കുന്നില്ല
- തെളിവ് ലഭിക്കാത്തതിനാൽ ഹസ്തിനപുരത്തെക്കുറിച്ചുള്ള മഹാഭാരതത്തിലെ വിവരണങ്ങൾ കവിഭാവനയാവാം

**ഒരു ഊർജ്ജസ്വല ഗ്രന്ഥം**

- മഹാഭാരതം വ്യത്യസ്ത ഭാഷകളിൽ എഴുതപ്പെട്ടിരുന്നു
- കേന്ദ്രകഥ വ്യത്യസ്ത രീതിയിൽ പുനർ വായനയ്ക്ക് വിധേയമായി
- ഈ കൃതിയിലെ പല സംഭവങ്ങളും വിവിധ കലാരൂപങ്ങളിൽ ആവിഷ്കരിക്കപ്പെട്ടു

**<u>കുന്തി ഓ നിഷാദി</u>**

- ഈ കൃതി എഴുതിയത് മഹാശ്വേതാ ദേവി ആയിരുന്നു
- മഹാഭാരതത്തെ ഇതിവൃത്തമാക്കി രചിക്കപ്പെട്ട കൃതിയായിരുന്നു ഇത്
- മഹാഭാരതം മൗനം പാലിക്കുന്ന പല ചോദ്യങ്ങളും ഈ കൃതിയിലൂടെ ഗ്രന്ഥകാരി ഉയർത്തിക്കാട്ടി

----oooo----

## പ്രമേയം 4

# ചിന്തകരും വിശ്വാസങ്ങളും നിർമ്മിതികളും
## സാംസ്കാരിക വികാസങ്ങൾ c.600 BCE - 600 CE

- BCE ആറാം നൂറ്റാണ്ടുമുതൽ CE ആറാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിലെ സാംസ്കാരിക വികാസത്തിന് അക്കാലത്തെ ദാർശനികരും ചിന്തകരും വളരെയധികം സംഭാവനകൾ നൽകി
- വിപ്ലവകരമായ അവരുടെ ആശയങ്ങളും ചിന്തകളും വാമൊഴിയായും വരമൊഴിയായും സമാഹരിക്കപ്പെട്ടു
- വാസ്തു ശിൽപ്പകലയിലും പ്രതിമാ നിർമ്മാണത്തിലും അവ ആവിഷ്കരിക്കപ്പെടുകയും ചെയ്തിരുന്നു

### സാഞ്ചി സ്തൂപം

- ഇന്ത്യയിലെ ഒരു പ്രധാന ബുദ്ധമത കേന്ദ്രമാണ് സാഞ്ചി
- മധ്യപ്രദേശിന്റെ തലസ്ഥാനമായ ഭോപ്പാലിലെ സാഞ്ചി കനഖേര എന്ന ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്നു
- BCE മൂന്നാം നൂറ്റാണ്ടിൽ അശോകനാണ് ഈ സ്തൂപം നിർമ്മിച്ചത്
- ഭോപ്പാലിലെ ഭരണാധികാരികളായ ഷാജഹാൻ ബീഗവും സുൽത്താൻ ജഹാൻ ബീഗവുമാണ് കൊളോണിയൽ കാലഘട്ടത്തിൽ ഈ സ്തൂപത്തെ സംരക്ഷിച്ച് നിർത്തിയത്
- ഇപ്പോൾ ഈ സ്തൂപം ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സംരക്ഷണയിലാണുള്ളത്

### പശ്ചാത്തലം

- ജൈന-ബുദ്ധമതങ്ങളുടെ ആവിർഭാവത്തിന് മുമ്പുതന്നെ ഒട്ടേറെ മതപാരമ്പര്യങ്ങളും ചിന്താ പാരമ്പര്യങ്ങളും ഇന്ത്യയിൽ നിലനിന്നിരുന്നു
- അതിലൊന്നായിരുന്നു വേദ പാരമ്പര്യം
- ഋഗ്വേദത്തിൽ നിന്നാണ് ഈ കാലഘട്ടത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നത്
- നിരവധി ദൈവങ്ങളെ പ്രകീർത്തിച്ചുകൊണ്ടുള്ള ശ്ലോകങ്ങളുടെ സമാഹാരമായിരുന്നു ഋഗ്വേദം
- യാഗവേളകളിലാണ് ഇവ ഉരുവിട്ടിരുന്നത്

### യാഗ പാരമ്പര്യം

- ആദ്യ കാലത്ത് കൂട്ടമായാണ് യാഗങ്ങൾ നടത്തിയിരുന്നത്
- പിന്നീട് ഗൃഹനാഥൻമാർ തനിച്ച് നടത്താൻ തുടങ്ങി
- എന്നാൽ വലിയ യാഗങ്ങൾ (അശ്വമേധം, രാജസൂയം) സംഘടിപ്പിച്ചിരുന്നത് രാജാക്കന്മാരും മുഖ്യന്മാരും ആയിരുന്നു
- അനുഷ്ഠാനങ്ങൾ നടത്താൻ ബ്രാഹ്മണ പുരോഹിതരെയാണ് ആശ്രയിച്ചിരുന്നത്
- പിൽക്കാലത്ത് യാഗങ്ങൾ ചെലവേറിയതും ഹിംസാത്മകവുമായി മാറി
- അതോടെ അവ സാധാരണക്കാർക്ക് അപ്രാപ്യമായി മാറി
- ബ്രാഹ്മണരുടെ പ്രാധാന്യം വർദ്ധിച്ചു
- അവർ ജനങ്ങളെ ചൂഷണം ചെയ്യാനും തുടങ്ങി

### സംവാദങ്ങളും ചർച്ചകളും

- 64 ൽപ്പരം ചിന്താസരണികൾ ഈ കാലഘട്ടത്തിൽ ആവിർഭവിച്ചു
- നിരവധി പണ്ഡിതൻമാർ നാടുനീളെ സഞ്ചരിക്കുകയും സാധാരണക്കാരുമായി ചർച്ചകളിൽ ഏർപ്പെടുകയും ചെയ്തു
- തങ്ങളുടെ തത്വചിന്തയുടെ പ്രാധാന്യത്തെ ജനങ്ങളെ ബോധ്യപ്പെടുത്താൻ അവർ ശ്രമിച്ചു
- ഒരു തത്വചിന്തകൻ തന്റെ എതിരാളികളിൽ ഒരാളെ പരാജയപ്പെടുത്തിയാൽ ആ എതിരാളിയുടെ അനുയായികളെല്ലാം അദ്ദേഹത്തിന്റെ ശിഷ്യന്മാരായിത്തീരുമായിരുന്നു

**കൂടഗാരശാല**

- സംവാദങ്ങൾ നടന്ന സ്ഥലം കൂടഗാരശാല എന്ന പേരിൽ അറിയപ്പെട്ടു
- കൂർത്ത മേൽക്കൂരയോടു കൂടിയ കുടിൽ

## ലൗകിക സുഖങ്ങൾക്കപ്പുറം: മഹാവീരന്റെ സന്ദേശം

- ജൈനമതം തീർത്ഥങ്കരന്മാരിലൂടെയാണ് വളർന്ന് വികസിച്ചത്

**വർധമാന മഹാവീരൻ**

- ഇരുപത്തി നാലാമത്തെ തീർഥങ്കരനായ വർധമാന മഹാവീരനെ ജൈന മതത്തിന്റെ യഥാർത്ഥ സ്ഥാപകനായി കണക്കാക്കുന്നു
- BCE 540 ൽ കുണ്ഡഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത് (ബീഹാറിലെ വൈശാലിക്കടുത്ത്)
- മുപ്പതാമത്തെ വയസ്സിൽ അദ്ദേഹം സന്യാസം സ്വീകരിച്ചു
- 12 വർഷത്തിന് ശേഷം അദ്ദേഹത്തിന് ജ്ഞാനോദയം (കൈവല്യം) ലഭിച്ചു
- പിന്നീട് അദ്ദേഹം *ജിനൻ* എന്ന പേരിലും ശിഷ്യന്മാർ *ജൈനൻമാർ* എന്നും അറിയപ്പെട്ടു
- 30 വർഷത്തോളം അദ്ദേഹം തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് ജീവിച്ചു
- BCE 468 ൽ പാവപുരിയിൽ വെച്ച് അദ്ദേഹം അന്തരിച്ചു

**ജൈനമത തത്വങ്ങൾ**

- ലോകത്തിലെ എല്ലാറ്റിനും ജീവനുണ്ട്
- അഹിംസയാണ് ജൈനമതത്തിന്റെ കേന്ദ്ര ആശയം
- മനുഷ്യ ജീവിതത്തിന്റെ പരമമായ ലക്ഷ്യം മോക്ഷം കൈവരിക്കുകയാണ്
- മോക്ഷം ലഭിക്കാൻ കർമ്മം ശുദ്ധമാകണം
- കർമ്മം ശുദ്ധമാകാൻ ത്രിരത്നങ്ങൾ അനുഷ്ഠിക്കണം
- **ജൈന സന്യാസിമാരും സന്യാസിനിമാരും അനുഷ്ഠിക്കേണ്ട അഞ്ച് വ്രതങ്ങൾ**
  1. ഒന്നിനെയും കൊല്ലരുത്
  2. മോഷ്ടിക്കരുത്
  3. കള്ളം പറയരുത്
  4. ബ്രഹ്മചര്യം അനുഷ്ഠിക്കണം
  5. സ്വത്ത് കൈവശം വെയ്ക്കരുത്

**ജൈന മതത്തിന്റെ വ്യാപനം**

- ജൈനമതം ഇന്ത്യയുടെ പല ഭാഗങ്ങളിലേക്കും വ്യാപിച്ചു
- ജൈന മതത്തിന്റെ വ്യാപനത്തെ സഹായിച്ച ഘടകങ്ങൾ:
  - ◆ ലളിതമായ തത്വങ്ങൾ
  - ◆ പ്രാകൃത് ഭാഷയുടെ ഉപയോഗം
  - ◆ രാജകീയ പ്രോത്സാഹനം
  - ◆ ജൈന സംഘത്തിന്റെയും ജൈന സന്യാസിമാരുടേയും പ്രവർത്തനങ്ങൾ
- ജൈന മതത്തിന്റെ സംഭാവനകൾ:
  - ◆ ദിൽവാര, എല്ലോറ, ഖജുരാഹോ എന്നിവിടങ്ങളിലെ ജൈന ക്ഷേത്രങ്ങൾ
  - ◆ ശ്രാവണബൽഗോളയിലെ ഗോമതേശ്വര പ്രതിമ (കർണ്ണാടക)

## ബുദ്ധനും ജ്ഞാനോദയത്തിനുള്ള അന്വേഷണവും

- BCE ആറാം നൂറ്റാണ്ടിലെ ഏറ്റവും സ്വാധീനമുള്ള ആചാര്യനായിരുന്ന ബുദ്ധൻ

**<u>ഹേഗിയോഗ്രഫി</u>**

- വിശുദ്ധന്റെയോ മതനേതാവിന്റെയോ ജീവ ചരിത്രത്തെയാണ് ഹേഗിയോഗ്രഫി എന്ന് പറയുന്നത്
- ഈ കൃതികൾ പലപ്പോഴും അവരുടെ നേട്ടങ്ങളെ സ്തുതിക്കുന്നവയായിരിക്കും
- ബുദ്ധന്റെ ജീവിതത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നത് ഹേഗിയോഗ്രഫികളിൽ നിന്നാണ്

**<u>ബുദ്ധൻ</u>**

- അദ്ദേഹത്തിന്റെ യഥാർത്ഥ പേര് സിദ്ധാർത്ഥൻ എന്നായിരുന്നു
- BCE 563 ൽ ലുംബിനിയിലാണ് അദ്ദേഹം ജനിച്ചത്
- പുറം ലോകത്തേക്കുള്ള ആദ്യ യാത്ര അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റിമറിച്ചു (നാല് വലിയ കാഴ്ചകൾ)
- സന്യാസ ജീവിതം പിന്തുടരാൻ തീരുമാനിച്ച അദ്ദേഹം കൊട്ടാരം വിട്ടിറങ്ങി (മഹാപരിത്യാഗം)
- ബോധിമരച്ചുവട്ടിൽ ധ്യാനത്തിലിരിക്കെ അദ്ദേഹത്തിന് അവസാനം ജ്ഞാനോദയം ലഭിച്ചു
- അതിന് ശേഷം അദ്ദേഹം ബുദ്ധൻ എന്നറിയപ്പെട്ടു
- പിന്നീട് ശരിയായ ജീവിത മാർഗത്തെക്കുറിച്ച് പഠിപ്പിച്ചുകൊണ്ട് ജീവിച്ചു
- BCE 463 ൽ കുശിനഗരയിൽ വെച്ച് അന്തരിച്ചു
- മരണത്തിന് ശേഷം അദ്ദേഹത്തിന്റെ ഭൗതിക ശരീരം എട്ട് വ്യത്യസ്ത സ്ഥലങ്ങളിലായി അടക്കം ചെയ്തു
- ഈ സ്ഥലങ്ങളിലാണ് സ്തൂപങ്ങൾ പടുത്തുയർത്തിയതെന്ന് വിശ്വസിക്കുന്നു
- ബുദ്ധന്റെ ആദ്യ പ്രഭാഷണം ധർമ്മചക്രപ്രവർത്തനം എന്നറിയപ്പെടുന്നു (സാരാനാഥ്)
- ബുദ്ധമത തത്വങ്ങളുടെ അടിസ്ഥാനം നാല് ആര്യ സത്യങ്ങളും, അഷ്ടാംഗമാർഗങ്ങളുമാണ്

**<u>ത്രിപീടകങ്ങൾ</u>**

- ബുദ്ധമത ഗ്രന്ഥങ്ങൾ ത്രിപീടകങ്ങൾ എന്നറിയപ്പെടുന്നു
  - ◆ വിനയ പീടകം, സുത്തപീടകം, അഭിധമ്മ പീടകം

**<u>ബുദ്ധമതത്തിലെ നാല് വിശുദ്ധ കേന്ദ്രങ്ങൾ</u>**

| | |
|---|---|
| ബുദ്ധന്റെ ജന്മസ്ഥലം | ലുംബിനി |
| ജ്ഞാനോദയം ലഭിച്ച സ്ഥലം | ബുദ്ധഗയ |
| ആദ്യ പ്രഭാഷണം നടത്തിയ സ്ഥലം | സാരാനാഥ് |
| അദ്ദേഹം നിർവ്വാണം പ്രാപിച്ച സ്ഥലം | കുശിനഗരം |

**<u>ബുദ്ധന്റെ അനുയായികൾ</u>**

- ബുദ്ധമത സന്യാസിമാരുടെ കൂട്ടായ്മ 'സംഘങ്ങൾ' എന്നറിയപ്പെട്ടു
- ഭിക്ഷയെടുത്ത് ജീവിച്ചതിനാൽ ഇവർ ഭിക്ഷുക്കൾ അല്ലെങ്കിൽ ഭിക്ഷുണികൾ എന്നറിയപ്പെടുന്നു
- ലളിത ജീവിതമായിരുന്നു ഇവർ നയിച്ചിരുന്നത്
- ആദ്യ കാലത്ത് സ്ത്രീകൾക്ക് സംഘത്തിൽ അംഗത്വം നൽകിയിരുന്നില്ല
- പല സാമൂഹ്യ വിഭാഗങ്ങളിൽ നിന്നും ബുദ്ധമതത്തിന് അനുയായികൾ ഉണ്ടായിരുന്നു
- സംഘത്തിൽ എല്ലാവരെയും തുല്യമായി പരിഗണിച്ചു
- ജനാധിപത്യരീതിയിലാണ് സംഘം പ്രവർത്തിച്ചിരുന്നത്

**<u>ബുദ്ധമതത്തിന്റെ വ്യാപനം</u>**

- ഇന്ത്യയ്ക്ക് പുറത്തുള്ള രാജ്യങ്ങളിലേക്കും വ്യാപിച്ചിരുന്നു
- ബുദ്ധമതത്തിന്റെ വളർച്ചയെ സഹായിച്ച ഘടകങ്ങൾ:
  - ◆ പെരുമാറ്റത്തിനും മൂല്യങ്ങൾക്കും നൽകിയ പ്രാധാന്യം
  - ◆ സഹാനുഭൂതിക്കും കാരുണ്യത്തിനും വിലകൽപ്പിച്ചു

- ◆ ലളിതമായ തത്വങ്ങൾ
- ◆ പാലി ഭാഷയുടെ ഉപയോഗം
- ◆ രാജകീയ പ്രോത്സാഹനങ്ങൾ
- ◆ ബുദ്ധ സംഘത്തിന്റെ പ്രവർത്തനങ്ങൾ

## സ്തൂപങ്ങൾ

**ചൈത്യങ്ങൾ**

- ദീർഘ ചതുരത്തിലുള്ള ഒരു പ്രാർത്ഥനാ ഹാൾ
- അതിന് നിരവധി തൂണുകൾ നിർമ്മിച്ചിരുന്നു
- അർദ്ധവൃത്താകൃതിയിലുള്ള മേൽക്കൂര ഉണ്ടായിരുന്നു
- ഈ ഹാളിന്റെ അറ്റത്തായി ഒരു സ്തൂപവും നിർമ്മിച്ചിരുന്നു

**സ്തൂപങ്ങൾ**

- ബുദ്ധന്റെ ഭൗതിക ശരീരാവശിഷ്ടങ്ങളോ അദ്ദേഹം ഉപയോഗിച്ചിരുന്ന വസ്തുക്കളോ അടക്കം ചെയ്ത കുന്നുകളാണിവ
- സ്തൂപത്തിന്റെ നിർമ്മാണത്തിന് കല്ലുകളോ ഇഷ്ടികകളോ ആയിരുന്നു ഉപയോഗിച്ചിരുന്നത്
- സ്തൂപങ്ങളുടെ അഴികളിലും തൂണുകളിലും ലിഖിതങ്ങളും കലാരൂപങ്ങളും ഉണ്ടായിരുന്നു
- പ്രസിദ്ധമായ സ്തൂപങ്ങൾ
  - ◆ ബർഹുത്, സാഞ്ചി, സാരാനാഥ്, അമരാവതി

**സ്തൂപത്തിന്റെ ഘടന**

| | |
|---|---|
| **അണ്ഡ** | • അർദ്ധവൃത്താകൃതിയിലുള്ള ഒരു മൺമേട് |
| **ഹർമ്മിക** | • അണ്ഡയ്ക്ക് മുകളിലായി സ്ഥിതി ചെയ്യുന്നു<br>• ബാൽക്കണി പോലുള്ള ഒരു നിർമ്മിതി |
| **യാഷ്ടി** | • ഹർമ്മികയിൽ നിന്നും ഉയർന്ന് നിൽക്കുന്ന ഒരു കൊടിമരം |
| **ഛത്രി** | • യാഷ്ടിക്ക് മുകളിലായി ഉയർന്നു നിൽക്കുന്ന ഒരു കുട |

- മേടിന് ചുറ്റും കല്ലുകൊണ്ടുള്ള വേലികൾ നിർമ്മിച്ചിരുന്നു
- നാല് ഭാഗത്തും പ്രവേശന കവാടങ്ങൾ ഉണ്ടായിരുന്നു

## സ്തൂപങ്ങളെ കണ്ടെത്തൽ

**അമരാവതി സ്തൂപം**

- 1796 ൽ ഒരു പ്രാദേശിക രാജാവിന്റെ ശ്രദ്ധയിൽപ്പെട്ടു
- കോളിൻ മെക്കൻസി:
  - ◆ ശിൽപ്പങ്ങളുടെ ഭാഗങ്ങൾ കണ്ടെത്തി
  - ◆ വിശദമായ ചിത്രങ്ങൾ വരച്ചു
- വാൾട്ടർ എലിയറ്റ്:
  - ◆ ശിൽപ്പപാളികൾ മദ്രാസിലേക്ക് കൊണ്ടുപോയി (എലിയറ്റ് മാർബിളുകൾ)
  - ◆ പടിഞ്ഞാറേ കവാടത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തി
- എച്ച്.എച്ച്. കോൾ
  - ◆ അമരാവതിയിലെ ശിൽപ്പപാളികൾ കടത്തിക്കൊണ്ടുപോകുന്നതിനെ എതിർത്തു

**എന്തുകൊണ്ട് സാഞ്ചി സംരക്ഷിക്കപ്പെടുകയും അമരാവതി അവഗണിക്കപ്പെടുകയും ചെയ്തു?**

- ഭോപ്പാലിലെ ഭരണാധികാരികളുടെ ഇടപെടലുകളാണ് സാഞ്ചി സ്തൂപം സംരക്ഷിക്കപ്പെടാനുണ്ടായ പ്രധാന കാരണം
- അമരാവതി സ്തൂപം കണ്ടെത്തിയ കാലത്ത് ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പണ്ഡിതന്മാർക്ക് വേണ്ടത്ര അവബോധമുണ്ടായിരുന്നില്ല

## ശിൽപ്പം

- ഗ്രന്ഥങ്ങളിലെ തെളിവുകളുമായി താരതമ്യപ്പെടുത്തിയാണ് ശിൽപ്പങ്ങളുടെ അർത്ഥം മനസ്സിലാക്കുന്നത്
- ബുദ്ധശിൽപ്പകലയെക്കുറിച്ച് മനസ്സിലാക്കാൻ ബുദ്ധന്റെ ഹേഗിയോഗ്രാഫിയിൽ പരിചയമുണ്ടാകണം
- ആദ്യകാല ശിൽപ്പികൾ ബുദ്ധന്റെ സാന്നിധ്യം പ്രതീകങ്ങളിലൂടെയാണ് ചിത്രീകരിക്കുന്നത്
- മനുഷ്യരൂപത്തിൽ അദ്ദേഹത്തെ ചിത്രീകരിച്ചിരുന്നില്ല

| | |
|---|---|
| **ശൂന്യമായ ഇരിപ്പിടം** | ബുദ്ധന്റെ ധ്യാനത്തെ സൂചിപ്പിക്കുന്നു |
| **സ്തൂപം** | അദ്ദേഹത്തിന്റെ മഹാപരിത്യാഗത്തിന്റെ പ്രതീകമാണ് |
| **ചക്രം** | ആദ്യ പ്രഭാഷണത്തെ കാണിക്കുന്നു |
| **വൃക്ഷം** | ജ്ഞാനോദയം ലഭിച്ചതിന്റെ പ്രതീകം |

- സാഞ്ചിയിലെ ചില ശിൽപ്പങ്ങളിൽ ബുദ്ധമതാശയങ്ങളുടെ സ്വാധീനമില്ല
  - സാലഭജ്ഞികയുടെ ചിത്രീകരണം
  - മൃഗങ്ങളുടെ ശിൽപ്പങ്ങൾ
  - മായ/ഗജലക്ഷ്മിയുടെ രൂപം
  - തൂണുകളിലെ പാമ്പുകളുടെ രൂപങ്ങൾ

## പുതിയ മതപാരമ്പര്യങ്ങൾ

- ബുദ്ധമത സിദ്ധാന്തങ്ങളുടെ വ്യാഖ്യാനങ്ങളിലുണ്ടായ അഭിപ്രായ വ്യത്യാസങ്ങളെ തുടർന്ന് ബുദ്ധമതം രണ്ടായി വിഭജിക്കപ്പെട്ടു (CE ഒന്നാം നൂറ്റാണ്ട്)

### 1). ഹീനയാന ബുദ്ധമതം

- ചെറിയ വാഹനം അല്ലെങ്കിൽ ചെറിയ ചക്രം
- ഇവർ ആദ്യകാല ബുദ്ധമത തത്വങ്ങൾ പിന്തുടർന്നു
- ആശയ പ്രചാരണത്തിന് പാലി ഭാഷ ഉപയോഗിച്ചു
- ഇവർ തേരവാദികൾ എന്നും അറിയപ്പെട്ടു

### 2). മഹായാന ബുദ്ധമതം

- വലിയ വാഹനം അല്ലെങ്കിൽ വലിയ ചക്രം
- ഇവർ ബുദ്ധമതത്തിന്റെ പുതിയ തത്വങ്ങളും സംഹിതകളും പിന്തുടർന്നു
- ബുദ്ധന്റെയും ബോധിസത്വന്മാരുടെയും വിഗ്രഹങ്ങളെ ആരാധിച്ചു
- ബുദ്ധനെ രക്ഷകനായി കണ്ട് ആരാധിച്ചു
- ആശയ പ്രചാരണത്തിന് സംസ്കൃത ഭാഷ ഉപയോഗിച്ചു

## പുരാണ ഹിന്ദുമതത്തിന്റെ വളർച്ച

- ഹിന്ദുമതത്തിലും രക്ഷക സങ്കൽപ്പം വളർന്നുവന്നു

**വൈഷ്ണവ മതം**

- വിഷ്ണുവിനെ മുഖ്യ ദൈവമായി ആരാധിച്ച ഹിന്ദുമത രൂപം
- അവതാര സങ്കൽപ്പം ഉരുത്തിരിഞ്ഞു വന്നു (ദശാവതാരം)

**ശൈവ മതം**

- ശിവനെ മുഖ്യ ദൈവമായി കരുതപ്പെടുന്ന ഒരു ഹിന്ദുമത പാരമ്പര്യം
- ശിൽപ്പങ്ങളിൽ ദൈവങ്ങളുടെ പ്രതീകങ്ങൾ ചിത്രീകരിച്ചു (ശിവലിംഗം)

**പുരാണങ്ങൾ**

- വേദ പഠനങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന സ്ത്രീകളെയും ശൂദ്രരെയും ലക്ഷ്യമാക്കി രചിക്കപ്പെട്ട കൃതികൾ
- ലളിതമായ സംസ്കൃതത്തിൽ എഴുതപ്പെട്ടു
- 18 പുരാണങ്ങൾ ഉണ്ടായിരുന്നു

**ക്ഷേത്ര നിർമ്മാണം**


- ദേവീദേവന്മാരുടെ രൂപങ്ങൾ പ്രതിഷ്ഠിക്കാൻ വേണ്ടിയാണ് ക്ഷേത്രങ്ങൾ നിർമ്മിച്ചത്
- **ഗർഭഗൃഹം:** സമചതുരാകൃതിയിലുള്ള ഒറ്റമുറി
- **ശിഖരം:** ശ്രീകോവിലിന് മുകളിലായി പണികഴിപ്പിച്ച ഉയരം കൂടിയ ഒരു നിർമ്മിതി
- ക്ഷേത്രത്തിന്റെ ചുമരുകളിൽ കൊത്തുപണികൾ ചെയ്തിരുന്നു
- സമ്മേളന ഹാളുകൾ ഉണ്ടായിരുന്നു
- പ്രവേശന കവാടങ്ങൾ നിർമ്മിച്ചിരുന്നു
- ജല വിതരണത്തിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു
- ആദ്യകാല ക്ഷേത്രങ്ങൾ പാറകൾ തുരന്ന് ഉണ്ടാക്കിയവയാണ്
  - ◆ കൈലാസനാഥ ക്ഷേത്രം

**എല്ലാം നമുക്ക് കാണാനാവുമോ?**

- ദൃശ്യപാരമ്പര്യങ്ങൾ അവയുടെ നിർമ്മാതാക്കളുടെ കാഴ്ച്ചപ്പാട് പ്രകടമാക്കുന്നു
- എങ്കിലും തങ്ങളുടെ നിർമ്മിതിയിലൂടെ അവർ പറയാൻ ആഗ്രഹിച്ചിരുന്നതെന്ന് മനസ്സിലാക്കുക പ്രയാസമാണ്
- അതുകൊണ്ടുതന്നെ ഈ ദൃശ്യപാരമ്പര്യങ്ങളിൽ പലതും നമുക്ക് കാണാൻ കഴിയില്ല
- ആദ്യകാല പണ്ഡിതന്മാർ പരിചിതമായ കാര്യങ്ങളെ അടിസ്ഥാനമാക്കി അപരിചിതമായ കാര്യങ്ങളെ മനസ്സിലാക്കുകയെന്ന തന്ത്രം ഉപയോഗിച്ച് ശിൽപ്പങ്ങളെ മനസ്സിലാക്കാൻ ശ്രമിച്ചു (യൂറോപ്യന്മാർ)
  - ◆ ഗ്രീക്ക് ശിൽപ്പങ്ങളുമായി ഇന്ത്യൻ ശിൽപ്പങ്ങളെ താരതമ്യപ്പെടുത്തി
  - ◆ ഇന്ത്യൻ ശിൽപ്പങ്ങൾ ഗുണം കുറഞ്ഞവയാണെന്ന നിഗമനത്തിലാണ് അവർ എത്തിച്ചേർന്നത്

**ഗ്രന്ഥങ്ങളും ശിൽപ്പങ്ങളും തമ്മിൽ യോജിക്കുന്നില്ലെങ്കിൽ**

- ശിൽപ്പങ്ങളുടെ അർത്ഥം മനസ്സിലാക്കാൻ കലാ ചരിത്രകാരന്മാർ ഗ്രന്ഥങ്ങളെ ആശ്രയിക്കുന്നു
- പക്ഷെ ശിൽപ്പങ്ങളും ഗ്രന്ഥപാരമ്പര്യങ്ങളിലെ വിവരങ്ങളും തമ്മിൽ ചിലപ്പോൾ യോജിക്കാറില്ല
  - ◆ ഉദാ: മഹാബലിപുരത്തെ പാറയുടെ മുകളിലുള്ള ശിൽപ്പം




----oooo----

**പ്രമേയം 5**

# ഇന്ത്യ സഞ്ചാരികളുടെ കണ്ണുകളിലൂടെ സമൂഹത്തെകുറിച്ചുള്ള വീക്ഷണങ്ങൾ

വിവിധ ലക്ഷ്യങ്ങളോടെ ഇന്ത്യ സന്ദർശിച്ച സഞ്ചാരികളുടെ കുറിപ്പുകൾ മധ്യകാല ചരിത്ര പഠനത്തിന്, പ്രത്യേകിച്ച് സാമൂഹിക ചരിത്രപഠനത്തിന് വളരെയധികം സഹായകമാണ്.

## സഞ്ചാരികളുടെ ലക്ഷ്യങ്ങൾ

- ജോലി തേടുക
- പ്രകൃതി ദുരന്തങ്ങളിൽ നിന്നും രക്ഷനേടുക
- കച്ചവടക്കാർ, വ്യാപാരികൾ, പടയാളികൾ, തീർത്ഥാടകർ, പുരോഹിതർ
- സാഹസിക മനോഭാവമുള്ള വ്യക്തികൾ
- സഞ്ചാരികൾ, വൈവിധ്യമാർന്ന വിഷയങ്ങളെ സംബന്ധിച്ച് വിവരണങ്ങൾ നൽകി.
- രാജാധാനികൾ, രാജഭരണം, മതം, വാസ്തുശിൽപ്പം, കലാസ്മാരകങ്ങൾ, ജീവിതരീതികൾ എന്നീ കാര്യങ്ങൾ അവർ രേഖപ്പെടുത്തി.
- ഈ അധ്യായത്തിൽ പ്രധാനമായും മൂന്ന് സഞ്ചാരികളുടെ യാത്രാവിവരണങ്ങളാണ് ചർച്ച ചെയ്യുന്നത്.
  1. അൽ ബിറൂനി - ഉസ്ബെക്കിസ്ഥാൻ സ്വദേശി, പതി നൊന്നാം നൂറ്റാണിൽ ഇന്ത്യസന്ദർശിച്ചു
  2. ഇബ്നുബത്തൂത്ത - മൊറോക്കൻ സ്വദേശി, 14-ാം നൂറ്റാണ്ടിൽ സന്ദർശനം നടത്തി
  3. ഫ്രാങ്കോയിസ് ബെർണിയർ - ഫ്രഞ്ച് സഞ്ചാരി 17-ാം നൂറ്റാണ്ടിൽ സന്ദർശനം നടത്തി

## അൽബിറൂനിയും കിത്താബുൽ ഹിന്ദും

- 973 ൽ ഉസ്ബക്കിസ്ഥാനിലെ ഖ്വാരിസം എന്ന സ്ഥലത്ത് ജനിച്ചു.
- ഖ്വാരിസം സുപ്രധാന വൈജ്ഞാനിക കേന്ദ്രമായിരുന്നു.
- ബഹുഭാഷ പണ്ഡിതനായിരുന്നു. സിറിയൻ, അറബിക്, പേർഷ്യൻ, ഹിബ്രു, സംസ്കൃതം എന്നീ ഭാഷകളിൽ പ്രാവീണ്യം ഉണ്ടായിരുന്നു.
- സുൽത്താൻ മുഹമ്മദ് ഗസ്നി അദ്ദേഹത്തെ ഗസ്നിയിലേക്ക് കൊണ്ടുപോയി.
- അറബിയിലേക്ക് പരിഭാഷപ്പെടുത്തിയ ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം, വൈദ്യ ശാസ്ത്രം, എന്നിവയിലൂടെ അൽബിറൂനിക്ക് ഇന്ത്യയെ കുറിച്ച് വ്യക്തമായ ധാരണയും താൽപര്യവും ഉണ്ടായിരുന്നു.
- പഞ്ചാബ് ഗസ്നാവിഡ് സാമ്രാജ്യത്തിന്റെ ഭാഗമായി മാറിയപ്പോൾ ഇന്ത്യൻ പണ്ഡിതരുമായി കൂടുതൽ അടുത്തിടപഴകാൻ അദ്ദേഹത്തിന് കഴിഞ്ഞു.
- ഇത് കിത്താബുൽ ഹിന്ദിന്റെ രചനയെ സഹായിച്ചു.

## കിത്താബുൽ ഹിന്ദ്

- ഇതിന്റെ അർത്ഥം ഇന്ത്യയെകുറിച്ചുള്ള പുസ്തകം എന്നാണ്
- അറബി ഭാഷയിലാണ് ഇത് രചിച്ചിരുന്നത്.
- 80 അദ്ധ്യായങ്ങളാണ് ഇതിനുള്ളത്.
- ലളിതവും സ്പഷ്ടവുമായ ശൈലിയാണ്
- മതം, തത്വചിന്ത, ഉത്സവങ്ങൾ, രസായനവിദ്യ, ശീലങ്ങൾ. ആചാരങ്ങൾ, സാമൂഹിക ജീവിതം, അളവുതൂക്കങ്ങൾ, വിഗ്രഹ പഠനം, നിയമം, മാപന ശാസ്ത്രം, എന്നിവയെകുറിച്ച് പരമാർശി ക്കുന്നു.

**ഗ്രന്ഥത്തിന്റെ ഘടന**

- ഓരോ അദ്ധ്യായവും ഒരു ചോദ്യത്തോടെ തുടങ്ങുന്നു.
- സംസ്കൃത പാരമ്പ്രയ്ത്തിന്റെ അടിസ്ഥാനത്തിൽ അതിന് വിശദീകരണം നൽകുന്നു.
- മറ്റ് സംസ്കാരങ്ങളുമായി താരതമ്യം നടത്തി അവസാനിപ്പിക്കുന്നു.
- ഗണിതശാസ്ത്ര ആഭിമുഖ്യം ഈ ഗ്രന്ഥത്തിൽ കാണാം
- ഉപഭൂഖണ്ഡത്തിന്റെ അതിർത്തി പ്രദേശത്തെ ജനങ്ങളുടെ വായനയെ ഉദ്ദേശിച്ച് അറബിയിലാണ് രചന നടത്തിയത്.
- അപരിചിതമായനാടുകളെ മനസിലാക്കുന്നതിന് അൽബിറൂനി നേരിട്ട പ്രശ്നങ്ങൾ
  1. ഭാഷ
     - ഇന്ത്യയിലെ സംസ്കൃത ഭാഷ അറബി പേർഷ്യൻ ഭാഷകളിൽ നിന്നും വ്യത്യസ്തമായത്കൊണ്ട് ആശയങ്ങളും സങ്കൽപങ്ങളും പരിഭാഷപ്പെടുത്താൻ ബുദ്ധിമുട്ടായിരുന്നു.
  2. മതവിശ്വാസങ്ങളിലും ആചാരങ്ങളിലുമുള്ള വ്യത്യാസം
  3. സ്വന്തം കാര്യങ്ങളിൽ മുഴുകി മറ്റുള്ളവരിൽ നിന്നും ഒറ്റപ്പെട്ടു കഴിയുന്ന പ്രാദേശിക ജനതയുടെ സ്വഭാവം

**ജാതി വ്യവസ്ഥയെ സംബന്ധിച്ച് അൽബിറൂനിയുടെ വിവരണം**

- ഇതര സമൂഹങ്ങളിലെ ജാതി വ്യവസ്ഥയെ താരതമ്യം ചെയ്തുകൊണ്ട് ഇന്ത്യൻ ജാതി വ്യവസ്ഥയെ വിശദീകരിച്ചു.
- പുരാതന പേർഷ്യയിലെ നാല് സാമൂഹിക വിഭാഗങ്ങളായാണ് അദ്ദേഹം താരതമ്യം ചെയ്തത്
- അവ ഇപ്രകാരമായിരുന്നു.

| പേർഷ്യ | ഇന്ത്യ |
|---|---|
| നൈറ്റുകളും രാജകുമാരൻമാരും | ക്ഷത്രിയൻമാർ |
| സന്യാസികൾ, അഗ്നിപുരോഹിതർ നിയമജ്ഞർ | ബ്രാഹ്മണർ |
| വൈദ്യന്മാർ, ജ്യോതിശാസ്ത്രജ്ഞൻ മറ്റ് ശാസ്ത്രജ്ഞന്മാരും | വൈശ്യർ |
| കർഷകരും കരകൗശല വിദഗ്ദ്ധരും | ശ്രുദ്രർ |

- ജാതി വ്യവസ്ഥയുടെ ബ്രാഹ്മണ വർണ്ണന അദ്ദേഹം അംഗീകരിച്ചു.
- എന്നാൽ അശുദ്ധിയെകുറിച്ചുള്ള ബ്രാഹ്മണ സങ്കൽപ്പത്തെ അദ്ദേഹം നിരാകരിച്ചു.
- അശുദ്ധമായി തീരുന്നതെല്ലാം അതിന്റെ വിശുദ്ധി വീണ്ടെടുക്കാൻ ശ്രമിക്കുന്നത്കൊണ്ട് തൊട്ടുകൂടായ്മ അഥവാ സാമൂഹ്യ അശുദ്ധി പ്രകൃതി നിയമങ്ങൾക്കെതിരാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

## ഇബ്നുബത്തൂത്തയും കിത്താബ് ഉൽ റിഹ്‌ലയും

**ഇബ്നുബത്തൂത്ത**

- 14-ാം നൂറ്റാണ്ടിലെ ആഗോളസഞ്ചാരി ഇബ്നുബത്തൂത്ത ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ സാമൂഹിക സാസ്കാരിക ജീവിതത്തെ കുറിച്ച് വിവരണങ്ങൾ നൽകുന്നു.
- 1304 ൽ വടക്കേ ആഫ്രിക്കയിലെ ടാൻജിയൻ എന്ന പ്രദേശത്ത് ജനനം.

- ഇസ്ലാമിക പണ്ഡിതൻ, പുസ്തകത്തെക്കാൾ സഞ്ചാരങ്ങൾ അറിവുപകരുമെന്ന് വിശ്വസിച്ചു.
- 21–ാ മത്തെ വയസിൽ യാത്രയാരംഭിച്ചു.
- മക്ക, സിറിയ, ഇറാഖ്, പേർഷ്യ, യമൻ, ഒമാൻ, ഇന്ത്യ എന്നീ പ്രദേശങ്ങൾ സന്ദർശിച്ചു.

**ബത്തൂത്തയും മുഹമ്മദ് ബിൻ തുഗ്ലക്കും**

- കലകളുടെയും സാഹിത്യത്തിന്റേയും പ്രോൽസാഹകനായിരുന്ന മുഹമ്മദ് ബിൻ തുഗ്ലക്കിനെ കാണാൻ അദ്ദേഹം ഡൽഹിയിലെത്തി.
- ബത്തൂത്തയുടെ പാണ്ഡിത്യത്തിൽ ആകൃഷ്ടനായ സുൽത്താൻ അദ്ദേഹത്തെ ഡൽഹിയിലെ ഖാസിയായി നിയമിച്ചു.
- സുൽത്താനുമായി തെറ്റിയ ഇബ്നു ബത്തൂത്ത കുറച്ച് കാലം ജയിലിലകപ്പെട്ടെങ്കിലും പദവിയിൽ തിരിച്ചെത്തുകയും സുൽത്താന്റെ സ്ഥാനപതിയായി ചൈനയിലേക്ക് അയക്കപ്പെടുകയും ചെയ്തു.
- യാത്രാ മദ്ധ്യേ അദ്ദേഹം മലബാർ സന്ദർശിച്ചു.
- 1347 ൽ അദ്ദേഹം സ്വന്തം രാജ്യത്തേക്ക് തിരിച്ചുപോയി.

**ഇബ്നു ബത്തൂത്ത നേരിട്ട രണ്ട് പ്രതിസന്ധികൾ**

1. യാത്ര ദൈർഘ്യം - മുൾത്താനിൽ നിന്ന് ഡൽഹിയിലേക്ക് യാത്രചെയ്യാൻ നാൽപ്പത് ദിവസമെടുത്തു.
2. അരക്ഷിതത്വം - അദ്ദേഹവും സഹയാത്രികരും പലപ്പോഴും കൊള്ളക്കാരുടെ ആക്രമണത്തിന് ഇരയായി.

- അപരിചതത്വം നിറഞ്ഞ കാര്യങ്ങളെ കുറിച്ച് അദ്ദേഹം വളരെ താൽപര്യപൂർവ്വം എഴുതി.

**നാളികേരവും വെറ്റിലയും**

- നാളികേരവും വെറ്റിലയും ഇബ്നുബത്തുത്തയെ ആശ്ചര്യപ്പെടുത്തുകയും അദ്ദേഹത്തിൽ താൽപര്യം ഉണർത്തുകയും ചെയ്തു.
- വെറ്റിലയെ അദ്ദേഹം മുന്തിരി വൈനുമായി ഉപമിച്ചു.
- വെറ്റില ഒരു ഫലമല്ലായിരുന്നു എന്നും അതിന്റെ ഇലകൾക്ക് വേണ്ടിയാണ് കൃഷി ചെയ്തിരുന്നതെന്നും അദ്ദേഹം വിവരിച്ചു.
- വെറ്റില ഉപയോഗിക്കുന്ന രീതിയും അദ്ദേഹം വിശദീകരിച്ചു.
- തെങ്ങുകളെ ഈന്തപ്പനയുമായി താരതമ്യം ചെയ്തു.
- ഒന്നുകുരുവും മറ്റൊന്ന് പഴവും ഉൽപ്പാദിപ്പിക്കുന്നു.
- നാളികേരത്തിന് മനുഷ്യന്റെ ശിരസുമായി സാമ്യമുണ്ട്.
- രണ്ട് കണ്ണും ഒരു വായയും അതിൽകാണാം.
- പച്ചപ്പായിരിക്കുമ്പോൾ അതിന്റെ ഉൾഭാഗം തലച്ചോറ്പോലെയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**ഇബ്നു ബത്തൂത്തയും ഇന്ത്യൻ നഗരങ്ങളും**

- ഇന്ത്യൻ നഗരങ്ങൾ സമ്പത്തും അഭിലാഷവും കഴിവുകളും ഉള്ളവർക്ക് ധാരാളം അവസരങ്ങൾ നൽകുന്നതാണെന്ന് അദ്ദേഹം വിശ്വസിച്ചു.
- ജനസാന്ദ്രവും ഐശ്വര്യപൂർണ്ണമായിരുന്നു നഗരങ്ങൾ.
- വൈവിധ്യമാർന്ന കമ്പോളങ്ങളും കച്ചവടവും ഉണ്ടായിരുന്നു.
- ഡൽഹിയും ദൗലത്താബാദും, മികച്ച നഗരങ്ങളായിരുന്നു.

- നഗരങ്ങൾ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക കലാപ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായിരുന്നു.
- കമ്പോളങ്ങളിൽ മുസ്ലീം പള്ളിയും ക്ഷേത്രവും ഉണ്ടായിരുന്നു.
- കലാപ്രകടനത്തിനുള്ള പൊതുവേദിയുമുണ്ടായിരുന്നു.

**കാർഷിക മേഖല**

- ഇന്ത്യൻ മണ്ണിന്റെ ഫലഭൂയിഷ്ഠതകൊണ്ട് കാർഷിക മേഖല വളരെ ഉൽപ്പാദനക്ഷമമായിരുന്നു.
- ഒരു വർഷം രണ്ട് വിളകളിറക്കാൻ കർഷകർക്ക് കഴിഞ്ഞിരുന്നു.

**വ്യാപാരവും വാണിജ്യവും**

- ഇന്ത്യൻ മസ്‌ലിൻ, സിൽക്ക് വസ്ത്രങ്ങൾ എന്നിവക്ക് പശ്ചിമേഷ്യയിലും കിഴക്കനേഷ്യയിലും വലിയ ഡിമാന്റുണ്ടായിരുന്നു.
- കച്ചവടക്കാർക്ക് സർക്കാർ പ്രോത്സാഹനം നൽകിയിരുന്നു.
- വ്യാപാര പാതകളിൽ സത്രങ്ങളും അതിഥി മന്ദിരങ്ങളും പണികഴിപ്പിച്ചു.
- ദൂരദേശങ്ങളിലേക്ക് വിവരങ്ങൾ അയക്കാനും വായ്പ അടക്കാനും ഇത് വ്യാപാരികളെ സഹായിച്ചു.
- കാര്യക്ഷമമായ ഒരു പോസ്റ്റൽ സംവിധാനം നിലനിന്നിരുന്നു.
- അത് വ്യാപാരത്തെ സഹായിച്ചു.

**രണ്ട്തരം പോസ്റ്റൽ സംവിധാനങ്ങൾ**

1. അശ്വതപാൽ (Horse Post) (ഉലൂക്ക്) ഓരോ നാലുമൈൽ അകലത്തിലും താവളമടിച്ചിരുന്ന രാജകീയ കുതിരകളെ ഉപയോഗിച്ചുകൊണ്ടുള്ള തപാൽ.
2. കാലാൾ തപാൽ (Dawa) (Man Post) ഒരു മൈലിനുള്ളിൽ മൂന്ന് താവളങ്ങൾ ഉണ്ടായിരുന്നു.
3. Dawa എന്നാൽ ഒരു മൈലിന്റെ മുന്നിലൊന്ന് എന്നാണർത്ഥം.

## ഫ്രാങ്കോയിസ് ബർണിയർ

- 1656 ൽ ഇന്ത്യയിലെത്തിയ ഫ്രഞ്ച് സഞ്ചാരി
- ഡോക്ടർ, രാഷ്ട്രീയതത്വചികന്തകൻ, ചിത്രകാരൻ എന്നിവയായിരുന്നു.
- മുഗൾകൊട്ടരത്തിലെ ദാരാഷുക്കോവിന്റെ ഡോക്ടറായി 12 വർഷം സേവനം അനുഷ്ഠിച്ചു.
- അദ്ദേഹത്തിന്റെ എഴുത്തുകൾ ലൂയി പതിനാലാമനാണ് സമർപ്പിച്ചത്.
- മുഗൾ സാമ്രാജ്യത്തിലൂടെയുള്ള യാത്രകൾ 1670-71 ൽ പ്രസിദ്ധീകരിച്ചു.
- കിഴക്കിനെയും പടിഞ്ഞാറിനെയും താരതമ്യം ചെയ്യുന്നു.
- അദ്ദേഹം മുഗൾ ഇന്ത്യയെ യൂറോപ്പുമായി താരതമ്യം ചെയ്തു
- മുഗൾ ഭരണത്തെ യൂറോപ്യൻ ഭരണത്തെക്കാൾ താഴ്ന്നതായി കണക്കാക്കി.
- ദ്വന്ദ്വ പ്രതിയോഗത്വം എന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയെ യൂറോപ്പിന്റെ നേർവിപരീതമായി കണക്കാക്കി.

**ഭൂ ഉടമസ്ഥതയുടെ പ്രശ്നം**

- യൂറോപ്പിൽ നിന്ന് വ്യത്യസ്തമായി ഇന്ത്യയിൽ സ്വകാര്യ ഭൂ ഉടമസ്ഥാവകാശം ഉണ്ടായിരുന്നില്ല.
- ബർണിയർ സ്വകാര്യ സ്വത്തിന്റെ പ്രധാന്യത്തിൽ ഉറച്ചുവിശ്വസിച്ചു.

- ഭൂമിയുടെമേലുള്ള രാജാവിന്റെ ഉടസ്ഥാവകാശം രാഷ്ട്രത്തിനും ജനങ്ങൾക്കും ഹാനികരമാണെന്ന് അദ്ദേഹം വിശ്വസിച്ചു.

**സ്വകാര്യസ്വത്തിന്റെ അഭാവം മൂലമുണ്ടാവുന്ന ന്യൂനകൾ ബർണിയറുടെ അഭിപ്രായത്തിൽ.**

1. ഭൂ ഉടമകൾക്ക് അവരുടെ കൈവശ ഭൂമി സന്താനങ്ങൾക്ക് കൈമാറാൻ കഴിഞ്ഞില്ല.
2. ഭൂമിയെ പരിപാലിക്കാനോ ഭൂമിയിൽ നിക്ഷേപം നടത്താനോ അവർക്ക് താൽപര്യം ഉണ്ടായിരുന്നില്ല.
3. ഭൂമിയുടെ അഭിവൃദ്ധിയിൽ താൽപര്യമുള്ള ഭൂ ഉടമകളുടെ വളർച്ചയെ ഇത് തടസപ്പെടുത്തി.

**ബെർണിയർ നഗരങ്ങളെകുറിച്ച്.**

- ഇന്ത്യൻ നഗരങ്ങൾ പാളയ നഗരങ്ങളായിരുന്നു.
- നിലനിൽപ്പിനായി രാജധാനിയെ ആശ്രയിക്കുന്ന നഗരങ്ങളാണ് പാളയ നഗരങ്ങൾ.
- നിർമ്മാണ മേഖല തകർച്ചയിലാണ്.
- കൃഷിയുടെ നാശത്തിന് കാരണമായി
- കർഷകരുടെ അടിച്ചമർത്തലിന് കാരണായി
- ജനങ്ങളുടെ ജീവിത നിലവാരം തകർത്തു.
- ഇന്ത്യയിൽ ഒരു മധ്യവർഗം ഉണ്ടായിരുന്നില്ലെന്ന് ബർണിയർ വിശ്വസിച്ചു.
- മുഗൾ രാജാവ് അപരിഷ്കൃതരുടെയും ഭിക്ഷക്കാരുടെയും രാജാവായിരുന്നു.
- മുഗൾ പട്ടണങ്ങൾ തകർന്നടിഞ്ഞുപോയതും ദുഷിച്ച വായുവാൽ മലീമസവും ആയിരുന്നു.
- ബർണറിയുടെ ആശയങ്ങൾ പശ്ചാത്യചിന്തകരെ സ്വാധീനിച്ചു.
- മൊണ്ടെസ്ക്യൂ പൗരസ്ത്യ സ്വേഛാധിപത്യം എന്ന ആശയം വികസിപ്പിക്കുന്നതിനും, കാറൽ മാക്സ് ഏഷ്യാറ്റിക്ക് ഉൽപ്പാദന രീതി എന്ന സങ്കൽപ്പം രൂപപ്പെടുത്തുന്നതിനും സ്വാധീനം ചെലുത്തിയത് ബർണിയറുടെ അഭിപ്രായങ്ങൾ ആയിരുന്നു.

**പൗരസ്ത്യസ്വേഛാധിപത്യം**

- ഏഷ്യയിലെ ഭരണാധികാരികൾക്ക് അവരുടെ പ്രജകളുടെ മേൽ സമ്പൂർണ്ണമായ അധികാരം ഉണ്ടായിരുന്നു എന്ന സിദ്ധാന്തമാണ് പൗരസ്ത്യസ്വേഛാധിപത്യം.

**ഏഷ്യാറ്റിക്ക് ഉൽപ്പാദനരീതി**

- കൊളോണിയൽ കാലഘട്ടത്തിന് മുമ്പ് ഏഷ്യൻ രാജ്യങ്ങളിലെ ഉൽപ്പാദന മിച്ചം കയ്യടക്കിയിരുന്നത് രാഷ്ടമാണെന്ന മാർക്സിയൻ വാദമാണ് ഏഷ്യാറ്റിക് ഉൽപ്പാദന രീതി.

----0000----

## പ്രമേയം 6

# ഭക്തി സൂഫി പാരമ്പര്യങ്ങൾ

**ഭക്തി പ്രസ്ഥാനം**

- എട്ടാം നൂറ്റാണ്ടിനും പതിനെട്ടാം നൂറ്റാണ്ടിനും ഇടയിൽ ഹൈന്ദവ മതവിശ്വാസത്തിലും പാരമ്പര്യങ്ങളിലും ധാരാളം ശ്രദ്ധേയ മാറ്റങ്ങളും പരിഷ്കരണങ്ങളും ഉണ്ടായി.
- ഇതിനെ പൊതുവായി ഭക്തി പ്രസ്ഥാനം എന്ന് വിളിക്കുന്നു.
- മതവിശ്വാസങ്ങളുടെ ഒരു സമന്വയം അഥവാ സംയോജനം ഉണ്ടായി
- രണ്ട് മാർഗ്ഗങ്ങളിലൂടെയാണ് ഈ സമന്വയം ഉണ്ടായത്.

**ഒന്ന് :** ബ്രാഹ്മണാശയങ്ങളുടെ പ്രചരണം

- ലളിതമായ സംസ്കൃത ശ്ലോകങ്ങളിലൂടെ പുരാണങ്ങൾ രചിക്കുകയും സമാഹരിക്കുകയും സംരക്ഷിക്കുകയും ചെയ്തു.
- ഇതോടെ സ്ത്രീകൾക്കും ശൂദ്രർക്കും പുരാണഗ്രന്ഥങ്ങൾ പ്രാപ്യമായി.

**രണ്ട് :**

- സ്ത്രീകൾ, ശൂദ്രർ, മറ്റ് സാമൂഹിക വിഭാഗങ്ങൾ എന്നിവരുടെ ആശയങ്ങളും വിശ്വാസഅനുഷ്ഠാനങ്ങളും ബ്രാഹ്മണരും സ്വീകരിച്ചു.
- ഈ രണ്ട് മാർഗ്ഗങ്ങളിലൂടെ ബ്രാഹ്മണാശയങ്ങൾ സ്ത്രീകൾ, ശൂദ്രർ എന്നിവരിലേക്കും സ്ത്രീകൾ, ശൂദ്രർ എന്നിവരുടെ ആശയങ്ങൾ ബ്രാഹ്മണരിലും എത്തിച്ചേർന്നു.
- ഇങ്ങിനെയാണ് മതവിശ്വാസങ്ങളുടെ സമന്വയം നടന്നത്
- രണ്ട് പ്രക്രിയകളും തമ്മിലുള്ള തുടർച്ചയായ സംവാദത്തിലൂടേയാണ് പലവിശ്വാസങ്ങളും അനുഷ്ഠാനങ്ങളും രൂപപ്പെട്ടത്.
- ബൃഹത് സംസ്കൃത പുരാണ പാരമ്പര്യങ്ങളും ലഘു പാരമ്പര്യങ്ങളും തമ്മിലുണ്ടായ സംവാദമെന്നാണ് ഇതിനെ അറിയപ്പെടുന്നത്.

**ബൃഹത് പാരമ്പര്യങ്ങളും, ലഘുപാരമ്പര്യങ്ങളും**

- ഈ പദങ്ങൾ കൊണ്ടുവന്നത് അമേരിക്കൻ സമൂഹശാസ്ത്രജ്ഞനായ റോബർട്ട് റെഡ്ഫീൽഡാണ്.
- കർഷകസമൂഹങ്ങളുടെ സാംസ്കാരിക അനുഷ്ടാനങ്ങൾ വിശദീകരിക്കുന്നതിന് വേണ്ടിയാണ് ഈ പദങ്ങൾ ഉപയോഗിക്കപ്പെട്ടത്.
- ഉന്നത കുലജാതരുടേയും, പുരോഹിതരുടേയും, ഭരണാധികാരി വർഗ്ഗങ്ങളുടേയും ഇടയിലുള്ള അനേകം ചടങ്ങുകളും ആചാരങ്ങളും കർഷകർ പിന്തുടരുന്നതിനെ അദ്ദേഹം ബൃഹത് പാരമ്പര്യങ്ങളിൽ ഉൾപ്പെടുത്തി.
- അതേസമയം ബൃഹത് പാരമ്പര്യങ്ങളുമായി ബന്ധമൊന്നുമില്ലാത്ത പ്രാദേശിക അനുഷ്ഠാനങ്ങളും ആചാരങ്ങളും കർഷകർ പിന്തുടർന്നിരുന്നു അവയെ ലഘു പാരമ്പര്യത്തിലും ഉൾപ്പെടുത്തി.

**താന്ത്രിക ആരാധന :**

- ദേവിമാരുടെ ആരാധനയുമായി ബന്ധപ്പെട്ടതാണ് താന്ത്രിക ആരാധന.
- സ്ത്രീകളും പുരുഷൻമാരും അതിൽ പങ്കെടുത്തിരുന്നു.
- ആചാരങ്ങളിൽ ജാതി, മത, വർഗ്ഗ, ലിംഗ വ്യത്യാസം നോക്കിയിരുന്നില്ല.
- ശൈവ ബൗദ്ധമതങ്ങളേയും താന്ത്രികാരാധന സ്വാധീനിച്ചിരുന്നു.

**ഭക്തി :**

- ഭക്തി എന്ന പദത്തിന്റെ അർത്ഥം ഈശ്വരാർപ്പണം എന്നാണ്.
- മോക്ഷസിദ്ധിക്കായി ഇഷ്ടദൈവത്തിന് ആത്മാർപ്പണം ചെയ്യുന്നതിന് ഭക്തി എന്ന് പറയുന്നു.
- ഭക്തി എന്നത് ഇഷ്ടദൈവത്തിനമുമ്പിലുള്ള കീഴടങ്ങലാണ്.
- ഭക്തി പ്രസ്ഥാനം ആദ്യം വളർന്നുവന്നത് ദക്ഷിണേന്ത്യയിലാണ്.
- ക്ഷേത്രത്തിലെ പതിവായ ദൈവാരാധന, ഹർഷോന്മത്തമായ ആരാധന ഭക്തിപരമായ രചനകളുടെ ആലാപനവും ജപവും. ഇവയായിരുന്നു ഭക്തിയുടെ വ്യത്യസ്ത രൂപങ്ങൾ.

**ഭക്തിപാരമ്പര്യങ്ങളുടെ പ്രത്യേകതകൾ**

- ആദ്യകാല ഭക്തി പ്രസ്ഥാനത്തിന്റെ നേതാക്കൾ ഭക്തകവികളായ സന്യാസിമാരായിരുന്നു.
- യാഥാസ്ഥിതിക ബ്രാഹ്മണ പാരമ്പര്യങ്ങളെ വെല്ലുവിളിച്ചു.
- സ്ത്രീകളേയും കീഴ്ജാതിക്കാരേയും അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്തു.
- വൈവിധ്യമായിരുന്നു മറ്റൊരു സവിശേഷത.
- ഭക്തി പാരമ്പര്യങ്ങളെ രണ്ടായിതിരിച്ചിരിക്കുന്നു.

**സഗുണ ഭക്തി,നിർഗുണ ഭക്തി**

- സഗുണ ഭക്തി : രൂപമുള്ള ദൈവങ്ങളുടെ ആരാധനയെ സഗുണ ഭക്തി എന്നറിയപ്പെടുന്നു.
- ഉദാ: വിഷ്ണുവിന്റെ അവതാരങ്ങൾ, ദേവിയുടെ രൂപങ്ങൾ
- നിർഗുണ ഭക്തി : അരൂപിയായ ദൈവത്തിന്റെ ആരാധന

**തമിഴ്നാട്ടിലെ ആഴ്വാൻമാരും നായനാർമാരും**

- ആദ്യകാല ഭക്തിപ്രസ്ഥാനത്തിന്റെ ഉത്ഭവം തമിഴ്നാട്ടിലാണ്.
- ശൈവഭക്തരായ ആഴ്വാൻമാരും വൈഷ്ണവഭക്തരായ നായനാർമാരുമാണ് ഇവിടെ ഭക്തിപ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്.
- തങ്ങളുടെ ഇഷ്ടദേവൻമാരെ പ്രകീർത്തിച്ച് രചിച്ച കീർത്തനങ്ങൾ അവർ നാടൊട്ടുക്കും പ്രചരിപ്പിച്ചു.
- 12 ആഴ്വാൻമാരേയും 63 നായനാർമാരേയും സാഹിത്യകൃതികൾ പരാമർശിക്കുന്നു. തമിഴിലാണ് കൃതികൾ രചിച്ചത്.

**ജാതിയോടുള്ള മനോഭാവം**

- ജാതിവ്യവസ്ഥക്കും ബ്രാഹ്മണ മേധാവിത്തത്തിനും എതിരെയുള്ള പോരാട്ടമായിരുന്നു ഭക്തിപ്രസ്ഥാനം.
- ആഴ്വാൻമാരും നായനാർമാരും വ്യത്യസ്ത സാമൂഹിക പശ്ചാത്തലത്തിൽ നിന്നും വന്നവരായിരുന്നു.
- ബ്രാഹ്മണർ കൈത്തൊഴിലുകാർ, കർഷകർ തുടങ്ങി വ്യത്യസ്ത വിഭാഗങ്ങൾ അവർക്കിടയിൽ ഉണ്ടായിരുന്നു.
- ചിലർ അസ്പൃശ്യരായിരുന്നു. ആഴ്വാൻമാരുടെ രചനകളുടെ സമാഹാരമായ നാലായിരം പ്രബന്ധം തമിഴ് വേദമായി അറിയപ്പെടുന്നു.

**ഭക്തകൾ**

- സ്ത്രീകളുടെ സാന്നിദ്ധ്യം ഭക്തിപ്രസ്ഥാനത്തിൽ ശ്രദ്ധേയമായിരുന്നു.
- ആഴ്വാർ സന്യാസിനിയായിരുന്ന ആണ്ടാൾ ഭക്തിപ്രസ്താനത്തിന്റെ മുന്നണി പോരാളിയായിരുന്നു.
- കാരക്കൽ അമ്മെയാർ മറ്റൊരു ശിവഭക്തയായിരുന്നു.

- ബൗദ്ധ-ജൈന പാരമ്പര്യങ്ങളെ ഭക്തിപ്രസ്ഥാനങ്ങൾ എതിർത്തു.
- രാജകീയ പ്രോത്സാഹനങ്ങൾ നേടിയെടുക്കാൻ ഈ മത പാരമ്പര്യങ്ങളിലെ അംഗങ്ങൾ പരസ്പരം മൽസരിച്ചതായിരിക്കാം ഇതിനു കാരണം.
- ചോള പാണ്ഡ്യരാജാക്കൻമാർ ശൈവ-വിഷ്ണു പാരമ്പര്യങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു.

**<u>വീരശൈവ പ്രസ്ഥാനം</u>**

- 12-ാം നൂറ്റാണ്ടിൽ ബസവണ്ണയുടെ നേതൃത്വത്തിൽ കർണ്ണാടകത്തിൽ ഉയർന്ന് വന്ന ഭക്തിപ്രസ്ഥാനമാണ് വീരശൈവപ്രസ്ഥാനം അഥവാ ലിംഗായത.
- ശിവഭക്തരായ ഇവർ ഒരു ചെറു ശിവലിംഗം എല്ലായിപ്പോഴും ധരിച്ചിരുന്നു. ജഗ്ഗമ്മയെ അഥവാ നാടോടികളായ സന്യാസിമാരേയും അവർ ആരാധിച്ചിരുന്നു.
- ഭക്തന്മാർ മരണാനന്തരം ശിവനിൽ ലയിക്കുമെന്ന് അവർ വിശ്വസിച്ചു. അതുകൊണ്ട് ശവദാഹം നടത്തിയില്ല. ജാതി വ്യവസ്ഥ, തീണ്ടൽ എന്നിവയെ എതിർത്തു.
- ധർമ്മ ശാസ്ത്രങ്ങൾ നിരാകരിച്ചു. പ്രായപൂർത്തി വിവാഹം, വിധവാ വിവാഹം എന്നിവ പ്രോത്സാഹിപ്പിച്ചു. ഉപവാസം, സദ്യ, തീർത്ഥാടനം, ബലിദാനം എന്നിവയെ നിഷേധിച്ചു.

## <u>ഇസ്ലാമിക പാരമ്പര്യം</u>

- ഇസ്ലാം മതത്തിലെ ജനകീയ ആചാരങ്ങൾ
- ഇസ്ലാം വിശ്വാസത്തിന്റെ അഞ്ച് നെടുംതൂണുകൾ:-
- അള്ളാഹുവല്ലാതെ മറ്റൊരു ദൈവമില്ല, പ്രവാചകനായ മുഹമ്മദ് അല്ലാഹുവിന്റെ സന്ദേശ വാഹകനാണ് (ഷഹാദത്ത്)
- അഞ്ചുനേരം നമസ്കാരം (നമാസ്)
- ദാനം (സക്കാത്ത്)
- റംസാൻ മാസത്തിലെ നോമ്പ്
- മക്കയിലേക്ക് തീർത്ഥാടനം (ഹജ്ജ്)

**<u>സൂഫിസം</u>**

- ഇസ്ലാമിക മിസ്റ്റിസത്തേയാണ് സൂഫിസം എന്നറിയപ്പെടുന്നത്. ഇസ്ലാമിക പരിഷ്കരണ പ്രസ്ഥാനമായിരുന്ന സൂഫിസം പ്രവാചകനിൽ നിന്നും ഖുറാനിൽ നിന്നും പ്രചോദനമുൾക്കൊണ്ട സൂഫികൾ എന്നറിയപ്പെട്ട പണ്ഡിതരാണ് സൂഫിസം ആരംഭിച്ചത്.
- ഭൗതികജീവിതത്തോടും ആഡംബരജീവിതത്തോടും ആസക്തി കാണിച്ച ഖലീഫാ ഭരണം തകർച്ചയെ നേരിടുന്ന കാലത്താണ് സൂഫിസം ഉയർന്നുവന്നത്.
- ഭൗതികജീവിതത്തിൽ വിരക്തി കാണിച്ച ഇവർ അജ്ഞേയവാദത്തിലേക്കും സന്യാസത്തിലേക്കും തിരിഞ്ഞു. ഇവർ സൂഫികൾ എന്ന് വിളിക്കപ്പെട്ടു.
- ഖുറാൻ, നബിചര്യ എന്നിവയെ വ്യാഖ്യാനിക്കുന്നതിന് പണ്ഡിതർ കാണിച്ച പാണ്ഡിത്യ പ്രകടന രീതികളേയും അവരുടെ നിർവ്വചനങ്ങളേയും സൂഫികൾ നിരാകരിച്ചു.
- ദൈവത്തോടുള്ള തീവ്രഭക്തി, സ്നേഹം എന്നിവയിലൂടെ മോക്ഷം നേടുന്നതിന് അവർ പ്രാധാന്യം നൽകി.
- ആഘോഷങ്ങൾ നിരർത്ഥകമാണെന്ന് വിശ്വസിച്ച അവർ ആശ്രമജീവിതം, ധ്യാനം, ലളിതജീവിതം എന്നിവക്ക് പ്രാധാന്യം നൽകി.
- സൂഫിസം എന്ന ഇംഗ്ലീഷ് പദത്തിന് അറബി ഗ്രന്ഥങ്ങളിൽ തസാവുഫ് എന്നാണ് ഉപയോഗിക്കുന്നത്.
- കമ്പിളി എന്നർത്ഥം വരുന്ന സൂഫ് എന്ന വാക്കിൽ നിന്നാണ് സൂഫിസം ഉരുത്തിരിഞ്ഞതെന്ന് ചിലർ കരുതുന്നു.

- സംശുദ്ധം എന്നർത്ഥം വരുന്ന 'സഫ' എന്ന പദത്തിൽ നിന്നാണ് സൂഫിസം എന്ന് മറ്റ് ചിലർ അനുമാനിക്കുന്നു.
- വേദി എന്നർത്ഥം വരുന്ന "സഫ" എന്ന പദത്തിൽ നിന്നാണ് ഇത് വന്നത് എന്നും അഭിപ്രായമുണ്ട്.

**ദീനാശ്രമങ്ങളും സിൽസിലകളും**

**Khangahs and Silsilas**

- പതിനൊന്നാം നൂറ്റാണ്ടിൽ സൂഫിസം സംഘടിത പ്രസ്ഥാനമായി മാറി. സൂഫികൾ ദീനാശ്രമം എന്ന സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ സമുദായമായി മാറി.
- സൂഫികളുടേയും അവരുടെ ശിഷ്യൻമാരുടെ താമസസ്ഥലത്തെ ദീനാശ്രമങ്ങൾ എന്നുവിളിച്ചു.
- അവരുടെ അധ്യയനത്തിന്റേയും സംഘടിത പ്രവർത്തനങ്ങളുടേയും ഒരു കേന്ദ്രംകൂടിയായിരുന്നു ദീനാശ്രമങ്ങൾ.
- ദീനാശ്രമങ്ങളുടെ നിയന്ത്രണം, ഷേക്ക്, പീർ, മുർഷിദ് എന്നീ പേരുകലിൽ അറിയപ്പെട്ട അധ്യാപകനായിരുന്നു.
- ശിഷ്യൻമാർ മുരിദ് എന്നറിയപ്പെട്ടു.
- ഓരോ പീറും അയാളുടെ പിൻഗാമികളെ (ഖലീഫ) നാമനിർദ്ദേശം ചെയ്തു.

**സിൽസിലകൾ**

- സൂഫിസത്തിൽ അനേകം സംഘങ്ങൾ അഥവാ സിൽസിലകൾ ഉണ്ടായിരുന്നു.
- സിൽസില എന്ന പദത്തിന്റെ അർത്ഥം ചങ്ങല എന്നാണ്. ഗുരു ശിഷ്യബന്ധം അത് സൂചിപ്പിക്കുന്നു.
- അനുചരന്മാർ സിൽസിലകളുമായി ബന്ധിപ്പിക്കപ്പെടുന്നത് പ്രത്യേക ചടങ്ങുകളോടെയാണ്.
- പ്രതിജ്ഞ ചെയ്യുക, കണ്ടം വെച്ച വസ്ത്രം ധരിക്കുക, ശിരസ്സ് മുണ്ഡനം ചെയ്യുക എന്നിവ ഇതിന്റെ ചടങ്ങുകളായിരുന്നു.
- അധ്യാപകൻ അഥവാ ഷെയ്ക് മരിച്ചുകഴിഞ്ഞാൽ അദ്ദേഹത്തിന്റെ ശവകുടീരം അനുയായികളുടെ ആരാധനകേന്ദ്രവും, തിർത്ഥാടനകേന്ദ്രവും ആയിതീരുന്നു.
- സൂഫിസന്യാസിമാർ മരണത്തിലൂടെ ദൈവത്തിൽ വിലയം പ്രാപിക്കുന്നെന്ന് അവർ വിശ്വസിക്കുന്നു.
- സിൽസിലകൾ അറിയപ്പെടുന്നത് അവയുടെ സ്ഥാപകരുടേയും, സ്ഥലങ്ങളുടേയും പേരിലാണ്.
- ചിഷ്തി, ഖാദിരി, സിൽസികൾ വളരെ പ്രധാനപ്പെട്ടതാണ്.

**ചിഷ്തിസിൽസില**

- ഖാജ മുയീനിദ്ദീൻ ചിഷ്തിയാണ് ചിഷ്തി സിൽസിലയുടെ സ്ഥാപകൻ.

**ചിഷ്തി ദീനാശ്രമത്തിലെ ജീവിതം**

- മുയീനുദ്ദീൻ ചിഷ്തി സ്ഥാപിച്ച അജ്മീറിലെ ദീനാശ്രമം പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമാണ്.
- ദീനാശ്രമത്തിന് ഒരു പൊതു അടുക്കള ഉണ്ടായിരുന്നു. പാവങ്ങൾക്ക് ഭക്ഷണം നൽകിയിരുന്നു.
- ഷെയ്ക്കിനു മുമ്പിൽ തലകുനിക്കുക, സന്ദർശകർക്ക് വെള്ളം കൊടുക്കുക, പുതിയ അംഗങ്ങളുടെ ശിരസ് മുണ്ഡനം ചെയ്യുക എന്നിവയായിരുന്നു ഇവിടുത്തെ ആചാരങ്ങൾ.

**ആരാധനക്രമം**

- സിയാറത്ത്, ഖവാലി എന്നിവ അവരുടെ ആചാരങ്ങളുടെ ഭാഗമായിരുന്നു.

**സിയാറത്ത്**

- സൂഫി ആചാര്യൻമാരുടെ ശവകുടീരത്തിലേക്കുള്ള തീർത്ഥാടനമാണ് സിയാറത്ത്.
- മിസ്റ്റിക് കീർത്തനങ്ങൾ ആലപിക്കുന്ന സംഗീതജ്ഞരാണ് ഖവാലികൾ.
- കീർത്തനങ്ങൾക്ക് പ്രധാന്യം ഉണ്ടായിരുന്നു.
- ദിവ്യനാമങ്ങൾ അഥവാ (Zikr) ഉച്ചരിച്ചോ "സാമ" യിലൂടേയോ അവർ ദൈവത്തെ സ്മരിച്ചു.
- സാമ എന്ന പദത്തിന്റെ അർത്ഥം നാദം എന്നാണ്.
- സംഗീതഉപകരണങ്ങൾ വായിക്കുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്യുന്ന സൂഫിസംഘമാണ് സാമ.

**ഗുരുനാനാക്ക്**

- പഞ്ചാബിലെ നാൻകസാഹിബ് എന്ന ഗ്രാമത്തിലെ ഹൈന്ദവ വ്യാപാര കുടുംബത്തിൽ ജനിച്ചു.
- നിർഗുണ ഭക്തിയുടെ വക്താവായിരുന്ന ഗുരുനാനാക്ക് ഏകദൈവ വിശ്വാസത്തിനു പ്രാധാന്യം നൽകി. ധാരാളം കീർത്തനങ്ങൾ രചിച്ചു.
- മതാചാരങ്ങളെ തള്ളിപ്പറഞ്ഞു. യാഗങ്ങൾ, ആചാരപരമായ സ്നാനങ്ങൾ, വിഗ്രഹാരാധന, കഠിനനിഷ്ഠകൾ പ്രമാണിക ഗ്രന്ഥങ്ങൾ എന്നിവയെ അശേഷം നിരാകരിച്ചു. ജാതിവ്യവസ്ഥയെ എതിർത്തു.
- മതസഹിഷ്ണുത, സാർവത്രിക സാഹോദര്യം എന്നിവയെ പ്രചരിപ്പിച്ചു.
- ദൈവത്തിന്റെ ദിവ്യനാമം സ്മരിച്ചുകൊണ്ട് കീർത്തനങ്ങൾ എഴുതി.
- അദ്ദേഹത്തിന്റെ അനുയായികളെ ഒരു സമുദായമായി സംഘടിപ്പിച്ചു. സംഘാരാധനാ നിയമങ്ങൾ രൂപീകരിച്ചു.
- അദ്ദേഹം തന്റെ അനുയായിയായ അങ്കദിനെ തന്റെ പിൻഗാമി ഗുരുവായി നിയമിച്ചു.
- അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ പിൽക്കാലത്ത് സിക്ക് മതത്തിന്റെ ഉൽഭവത്തിന് കാരണമായി.

**ഖൽസാപാന്ഥ്**

- ഗുരു ഗോവിന്ദ് സിംഗ് ഖൽസാപാസ്ഥിന് രൂപം നൽകി.
- അതിലെ അംഗങ്ങൾ അഞ്ച് പ്രതിരൂപങ്ങൾ ധരിക്കണമായിരുന്നു.
- കേശം (നീണ്ടമുടി) കൃപാൺ (കഠാര) കംഘാ (ചീർപ്പ്) കച്ച (ഒരു ജോഡി വസ്ത്രം) കരാ (ഉരുക്ക് വള)
- ഗോവിന്ദ് സിംഗിന്റെ കീഴിൽ സിക്ക് സമുദായം ഒരു സാമൂഹിക മത സൈനിക ശക്തിയായി ഏകീകരിക്കപ്പെട്ടു.

**മീരാഭായി**

- ഭക്തിപാരമ്പര്യത്തിലെ ഏറ്റവും പ്രധാന കവയിത്രിയായിരുന്നു മീരാഭായി.
- വിഷ്ണുവിന്റെ അവതാരമായ കൃഷ്ണഭക്തയായിരുന്നു അവർ.
- രാജകുമാരിയായിരുന്ന അവർ കൃഷ്ണ ഭക്തിയുടെ ധാരാളം രചനകൾ നടത്തി.
- ജാതീയതയെ എതിർത്തു.
- ഭർത്താവിന്റെ കൊട്ടാരത്തിലെ സുഖജീവിതം ഉപേക്ഷിച്ചതിനു ശേഷം വെള്ള വസ്ത്രമോ കാവി വസ്ത്രമോ ധരിച്ച് വിധവയുടെയോ പരിത്യാഗിയുടെയോ ജീവിതമാണ് നയിച്ചത്.
- അവരുടെ ഭക്തി സാന്ദ്രമായ ഭാവനകൾ ഗുജറാത്തിലെയും രാജസ്ഥാനിലെയും ദരിദ്രരും താഴ്ന്ന ജാതിയിൽപ്പുട്ടവരുമായ ജനങ്ങൾ ഇപ്പോഴും ആലപിക്കാറുണ്ട്.

## കബീർദാസ്

- ഭക്തിപ്രസ്ഥാന കവികളിൽ പ്രമുഖനായിരുന്നു കബീർ.
- കബീറിന്റെ കീർത്തനങ്ങൾ മൂന്ന് വ്യത്യസ്ഥ പാരമ്പര്യങ്ങളിൽ സമാഹരിച്ചിരിക്കുന്നു.
    1. വാരാണസിയിലെയും ഉത്തർപ്രദേശിലെയും കബീർപാന്ഥ് സംരക്ഷിച്ചിട്ടുള്ള കബീർബിജക്
    2. രാജസ്ഥാനിലെ ദാദുപാന്ഥ് ശേഖരിച്ച കബീർ ഗ്രന്ഥാവലി
    3. ആദിഗ്രന്ഥ് സാഹിബിലെ കബീറിന്റെ രചനകൾ.
- പരമമായ സത്യത്തെ വിശദീകരിക്കുന്നതിന് കബീർ വ്യത്യസ്ത പാരമ്പര്യങ്ങളെ ഉപയോഗിച്ചു.
- ഏകദൈവാരാധനയിൽ വിശ്വസിച്ചു.
- ഹിന്ദു മുസ്ലീം ഐക്യത്തിന് നിലകൊണ്ടു.
- ജാതിവ്യവസ്ഥ, അയിത്തം എന്നിവയെ നിരാകരിച്ചു.
- വിഗ്രഹാരാധന, ബഹു വിവാഹം, പുണ്യ നദീസ്നാനം, തീർത്ഥാടനം, നിസ്കാരം, ശവകുടീരാരാധന എന്നിവ എതിർത്തു.
- കബീറിന്റെ ആശയങ്ങൾ കാവ്യങ്ങളിലുടെയും ദോഹകളിലൂടെയും (ഈരടികൾ) പ്രകടിപ്പിച്ചു.

----0000----

## പ്രമേയം 7
## വിജയനഗരം: ഒരു സാമ്രാജ്യ തലസ്ഥാനം (14-16 നൂറ്റാണ്ടുകൾ)

- വിജയനഗരം എന്നാൽ വിജയത്തിന്റെ നഗരം എന്നാണർത്ഥം
- 14-ാം നൂറ്റാണ്ടിൽ തുംഗഭദ്രനദിയുടെ തീരത്താണ് ഇത് സ്ഥാപിക്കപ്പെട്ടത്
- ഹംപി തലസ്ഥാന നഗരമായ ഈ സാമ്രാജ്യം കർണാടക സാമ്രാജ്യം എന്ന പേരിലും അറിയപ്പെടുന്നു

**ഉറവിടങ്ങൾ**

- വാമൊഴി പാരമ്പര്യങ്ങൾ
- പുരാവസ്തുശാസ്ത്രപരമായ തെളിവുകൾ
- സ്മാരകങ്ങൾ
- കൊത്തുലിഖിതങ്ങൾ
- മറ്റ് രേഖകൾ

**ഹംപിയുടെ കണ്ടെത്തൽ**

- 1800 ൽ ബ്രിട്ടീഷ് എഞ്ചിനീയറായ കോളിൻ മെക്കൻസിയാണ് ഈ നഗരം കണ്ടെത്തിയത്
- വിരൂപാക്ഷ ക്ഷേത്രം, പമ്പാദേവി ക്ഷേത്രം എന്നിവിടങ്ങളിലെ പുരോഹിതന്മാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു
- കന്നട, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിലെ കൃതികളും വിദേശ സഞ്ചാരികളുടെ കൃതികളുമായി താരതമ്യം ചെയ്ത് വിവരങ്ങൾ ശേഖരിച്ചു

**രായന്മാർ, നായകന്മാർ, സുൽത്താന്മാർ**

- വിജയനഗര ഭരണാധികാരികളെയാണ് രായന്മാർ എന്ന് വിളിക്കുന്നത്
- 1336 ൽ ഹരിഹരനും ബുക്കനും ചേർന്നാണ് ഈ സാമ്രാജ്യം സ്ഥാപിച്ചത്
- തുടർന്ന് 4 രാജവംശങ്ങൾ വിജയനഗരം ഭരിച്ചു

1. സംഗമ വംശം
2. സലുവ വംശം
3. തുളുവ വംശം
4. അരവിഡു വംശം

- വിവിധ ഭാഷകൾ സംസാരിക്കുന്നവരും പല മതവിഭാഗത്തിൽപ്പെട്ടവരും വിജയനഗരത്തിൽ താമസിച്ചിരുന്നു
- അയൽ രാജ്യങ്ങളായ ഡക്കാനിലെ സുൽത്താൻമാരുമായും ഒറീസ്സയിലെ ഗജപതിമാരുമായും അവർക്ക് മത്സരിക്കേണ്ടിവന്നു
- കുതിരപ്പടയായിരുന്നു സൈന്യത്തിലെ പ്രധാന ഘടകം
- അറേബ്യ, മധ്യേഷ്യ, എന്നിവിടങ്ങളിൽ നിന്ന് കുതിരകളെ ഇറക്കുമതി ചെയ്തു
- കുതിര ചെട്ടികൾ എന്ന വ്യാപാരികളാണ് കുതിരയെ കൊണ്ടുവന്നിരുന്നത്
- നഗരങ്ങൾ പ്രധാന വ്യാപാര കേന്ദ്രങ്ങൾ ആയിരുന്നു
- സുഗന്ധദ്രവ്യങ്ങൾ, തുണിത്തരങ്ങൾ, വിലപിടിപ്പുള്ള കല്ലുകൾ എന്നിവയെല്ലാം പ്രധാന വിപണന വസ്തുക്കളായിരുന്നു

**കൃഷ്ണദേവരായർ**

- വിജയനഗരത്തിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരി
- തുളുവ രാജവംശത്തിൽപ്പെട്ട ഇദ്ദേഹത്തിന്റെ കാലഘട്ടത്തിൽ സാമ്രാജ്യത്തിന്റെ വ്യാപനവും ഏകീകരണവും നടന്നു
- ഒറീസ്സയിലെ രാജാവിനേയും ബീജാപൂർ സുൽത്താനേയും പരാജയപ്പെടുത്തി രാജ്യത്ത് സമാധാനവും

ഐശ്വര്യവും കൊണ്ടുവന്നു

- ഹസാര രാമസ്വാമി ക്ഷേത്രം, വിത്തല സ്വാമി ക്ഷേത്രം, നഗലപുരം എന്ന പട്ടണം എന്നിവ പണികഴിപ്പിച്ചു
- കലാകാരന്മാരെ പ്രോത്സാഹിപ്പിച്ച അദ്ദേഹം മികച്ച ഒരു സാഹിത്യകാരനും കൂടി ആയിരുന്നു
- *ആന്ധ്രാഭോജൻ* എന്ന പേരിലും അദ്ദേഹം അറിയപ്പെട്ടു
- തെലുങ്കിൽ *അമുക്തമാല്യദ* എന്ന കൃതിയും സംസ്കൃതത്തിൽ *ഉഷാ പരിണയം* എന്ന കൃതിയും അദ്ദേഹം രചിച്ചു
- 1529 ൽ അദ്ദേഹം അന്തരിച്ചു
- പിൻഗാമികൾ ദുർബലരായതിനാൽ 1565 ലെ തളിക്കോട്ട യുദ്ധത്തിൽ വിജയനഗരം പരാജയപ്പെട്ടു

**നായകന്മാർ**

- വിജയനഗരത്തിലെ സൈനിക മേധാവികൾ
- ഭരണാധികാരികൾ അവർക്ക് ഭരിക്കുന്നതിന് വേണ്ടി ഭൂപ്രദേശം നൽകിയിരുന്നു
- അത്തരം ഭൂമി *അമര* എന്ന പേരിലറിയപ്പെട്ടു
- അമരത്തിന്റെ തലവനെ *അമരനായകൻ* എന്ന പേരിൽ വിളിച്ചു
- കർഷകർ, കൈവേലക്കാർ, കച്ചവടക്കാർ എന്നിവരിൽ നിന്നും നികുതി പിരിച്ചു
- വരുമാനത്തിന്റെ ഒരു ഭാഗം സ്വകാര്യ ആവശ്യത്തിനും ഒരു ഭാഗം കുതിരകളേയും ആനകളേയും നിലനിർത്താനും ഒരു ഭാഗം ക്ഷേത്ര പരിപാലനത്തിനും ജലസേചന പ്രവർത്തനത്തിനുമായി വിനിയോഗിച്ചു
- അമര നായകന്മാർ രാജാവിന് വാർഷിക കപ്പം നൽകണമായിരുന്നു
- നായകന്മാരെ ഇടയ്ക്കിടെ സ്ഥലം മാറ്റിയിരുന്നു
- പിൽക്കാലത്ത് രാജാവിന്റെ അധികാരത്തെ നായകന്മാർ ചോദ്യംചെയ്യാൻ തുടങ്ങിയതോടെ വിജയനഗരത്തിന്റെ തകർച്ചയും തുടങ്ങി

**വിജയനഗരം - തലസ്ഥാനം - പരിസരം**

- കൊട്ടാരങ്ങൾ, ക്ഷേത്രങ്ങൾ, മനോഹരമായ വീടുകൾ, ഉദ്യാനങ്ങൾ, തടാകങ്ങൾ എന്നിവയെല്ലാമുള്ള മനോഹര നഗരം
- മലനിരകൾക്കിടയിലെ ഒരു വൻ നഗരമാണത്
- വിദേശ സഞ്ചാരികൾ നഗര വർണ്ണന നടത്തിയവരാണ്
- നിക്കോളോ കോണ്ടിയുടെ അഭിപ്രായത്തിൽ നഗരത്തിന് ആറ് നാഴിക ചുറ്റളവുണ്ട്. കോട്ടഭിത്തികൾ പർവ്വതത്തിന്റെ ഉയരം ഉണ്ടെന്നും പറഞ്ഞു
- താൻ ഇതുവരെ കണ്ടതിൽവെച്ച് ഏറ്റവും ഉജ്വല നഗരം എന്നാണ് അബ്ദുൾ റസാഖ് എഴുതിയത്
- കൊട്ടാരത്തിലെ പാത്രങ്ങൾ സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടുമാണ് ഉണ്ടാക്കിയതെന്നാണ് ഫെർണാവോ ന്യൂനിസ് അഭിപ്രായപ്പെട്ടത്
- ഒരു കുന്നിന്റെ മുകളിൽ നിന്ന് നോക്കിയാൽ മാത്രമേ നഗരത്തിന്റെ യഥാർത്ഥ വലിപ്പം അറിയാൻ കഴിയൂ എന്നാണ് ഡോമിംഗോ പയസ് രേഖപ്പെടുത്തിയത്

**ജലസമ്പത്ത്**

- വിജയനഗരം ഒരു വരണ്ട പ്രദേശമായതിനാൽ ജലസമ്പത്ത് സംരക്ഷിക്കാനും സംഭരിച്ച് വെക്കാനും വിതരണം ചെയ്യാനും പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു
- കമലാപുരം കുളം, ഹിരിയ കനാൽ എന്നിവ ജലസേചനത്തിനായി നിർമ്മിക്കപ്പെട്ടവയാണ്
- തുംഗഭദ്രാ നദിയിൽ നിർമ്മിച്ച അണക്കെട്ടിൽ നിന്നാണ് നഗരത്തിലേക്ക് ജലം എത്തിച്ചിരുന്നത്

**കോട്ടകൊത്തളങ്ങളും റോഡുകളും**

- നഗരത്തെ മുഴുവൻ വലയം ചെയ്യുന്ന കോട്ടകളാണ് വിജയനഗരത്തിൽ ഉണ്ടായിരുന്നത്

- ഏഴ് നിരകളുള്ള കോട്ടകളെക്കുറിച്ച് പേർഷ്യൻ സ്ഥാനപതിയായ അബ്ദുൾ റസാഖ് വിവരിക്കുന്നുണ്ട്
- വലിയ കല്ലുകൾ കൊണ്ട് രണ്ട് ഭാഗവും കെട്ടി ഉൾഭാഗത്ത് മണ്ണും ചരലും നിറച്ചാണ് കോട്ടകൾ നിർമ്മിച്ചിരുന്നത്
- കാർഷിക മേഖലയെ വരെ കോട്ടകളാൽ സംരക്ഷിച്ചിരുന്നു. ഇത് യുദ്ധകാലത്ത് പോലും ഭക്ഷ്യക്ഷാമം ഉണ്ടാകാതിരിക്കാൻ കാരണമായി
- കോട്ടക്ക് പ്രവേശന കവാടങ്ങളും അതിന് കാവൽക്കാരും ഉണ്ടായിരുന്നു
- തുർക്കി സുൽത്താൻമാർ നിർമ്മിച്ച പോലെ വലിയ കമാനവും അതിന് മുകളിൽ താഴികക്കുടവും കോട്ടക്ക് ഉണ്ടായിരുന്നു
- ധാരാളം റോഡുകൾ ഉണ്ടായിരുന്നു. കല്ല് വിരിച്ച വഴികളായിരുന്നു അത്

**<u>രാജകീയ കേന്ദ്രം</u>**

- മുപ്പതോളം കൊട്ടാരങ്ങൾ ഉണ്ടായിരുന്നു വലിയ കെട്ടിടങ്ങളായ ഇവ താമസത്തിന് മാത്രം ഉപയോഗിച്ചു
- രാജാവിന്റെ കൊട്ടാരം, മഹാനവമി ദിബ്ബ, ശ്രോതാക്കളുടെ ഹാൾ, ലോട്ടസ് മഹൽ, ഹസാര രാമക്ഷേത്രം എന്നിവ പ്രധാനപ്പെട്ട നിർമ്മിതികളായിരുന്നു

**<u>മഹാനവമി ദിബ്ബ</u>**

- നഗരത്തിലെ ഏറ്റവും ഉയർന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു
- ഈ പ്ലാറ്റ്ഫോമിന്റെ അടിത്തറയിൽ ധാരാളം കൊത്തുപണികൾ ചെയ്തിട്ടുണ്ട്
- മഹാനവമി ആഘോഷവുമായി ബന്ധപ്പെട്ടതാണെന്നാണ് കരുതപ്പെടുന്നത്
- വിഗ്രഹാരാധന, രാജകീയ കുതിരകളെ ആരാധിക്കൽ, മൃഗബലി, നൃത്തനൃത്യങ്ങൾ, ഗുസ്തി മൽസരങ്ങൾ, ഘോഷയാത്ര എന്നിവയെല്ലാം മഹാനവമി ആഘോഷ സമയത്ത് നടന്നിരുന്നു
- നായകന്മാരും സാമന്തന്മാരും രാജാക്കന്മാർക്ക് സമ്മാനം നൽകിയിരുന്നത് ഇവിടെ വെച്ചാണ്
- ഉൽസവത്തിന്റെ അവസാന ദിവസം വലിയ ചടങ്ങുകൾ നടത്തിയിരുന്നു
- ഇവിടെ വെച്ച് രാജാക്കന്മാർ തന്റെ സൈന്യത്തേയും നായകന്മാരുടെ സൈന്യത്തേയും നേരിട്ട് പരിശോധിച്ചിരുന്നു

**<u>വിശുദ്ധ കേന്ദ്രം</u>**

- പ്രധാന ക്ഷേത്രങ്ങളെല്ലാം സ്ഥിതി ചെയ്യുന്ന സ്ഥലം
- ക്ഷേത്രങ്ങൾ വെറും ആരാധനാ കേന്ദ്രങ്ങൾ മാത്രമായിരുന്നില്ല
- സാമൂഹിക-സാംസ്കാരിക-മത പ്രവർത്തനങ്ങളെല്ലാം ഇവിടെ വെച്ച് നടന്നിരുന്നു
- ഗോപുരങ്ങളും മണ്ഡപങ്ങളുമാണ് ക്ഷേത്രങ്ങളുടെ പ്രധാന പ്രത്യേകതകൾ
- ക്ഷേത്ര കവാടങ്ങളാണ് ഗോപുരങ്ങൾ. ദൂരെ നിന്ന് പോലും ഇത് കാണാൻ സാധിക്കുമായിരുന്നു
- രാജാക്കന്മാർ നിർമ്മിച്ചതുകൊണ്ട് ഇവയെ *രായഗോപുരങ്ങൾ* എന്ന് അറിയപ്പെട്ടു
- മനോഹരങ്ങളായ കൊത്തുപണികളോട് കൂടിയ ധാരാളം മണ്ഡപങ്ങൾ ക്ഷേത്രങ്ങളിൽ ഉണ്ടായിരുന്നു
- നിരവധി ഹാളുകൾ നിർമ്മിച്ചിരുന്നു
- നൃത്ത-സംഗീത-നാടകങ്ങളെല്ലാം ഇവിടെയാണ് നടന്നിരുന്നത്
- വിത്തല സ്വാമി ക്ഷേത്രമാണ് പ്രധാന ക്ഷേത്രം
- ശിവന്റെ രൂപമായ വിത്തലയാണ് പ്രധാന പ്രതിഷ്ഠ
- രഥത്തിന്റെ ആകൃതിയിൽ നിർമ്മിച്ച ഒരു രഥ ക്ഷേത്രവും ഇവിടെയുണ്ട്
- രഥ തെരുവുകളും ക്ഷേത്ര സമുച്ചയത്തിന്റെ ഒരു പ്രധാന സവിശേഷതയാണ്

**<u>അങ്ങാടികൾ-വ്യാപാര കേന്ദ്രങ്ങൾ</u>**

- ലോകത്ത് ലഭ്യമായ എല്ലാം ലഭിക്കുന്ന സ്ഥലം എന്നാണ് വിജയനഗരത്തെ സഞ്ചാരികൾ വിശേഷിപ്പിച്ചത്

- അരി, ഗോതമ്പ്, ധാന്യങ്ങൾ, ചോളം, ബാർലി, അമര, പയറ് വർഗ്ഗങ്ങൾ, മുതിര തുടങ്ങിയ സാധനങ്ങളെല്ലാം ലഭ്യമായിരുന്നു
- നിരവധി പഴ വർഗ്ഗങ്ങൾ അവിടെ ലഭ്യമായിരുന്നു
- എല്ലാം വിലക്കുറവിൽ ലഭിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്
- ആട്ടിറച്ചി, പോർക്ക്, മാനിറച്ചി, ആൾകാട്ടി പക്ഷി, മുയൽ, പ്രാവ്, കാട, കുരുവി, എലി, പൂച്ച, ഗൗളി എന്നിവയെല്ലാം വിറ്റിരുന്നു എന്ന ന്യൂനിസ് രേഖപ്പെടുത്തിയിട്ടുണ്ട്
- മനോഹരങ്ങളായ, വിശാലമായ തെരുവീഥികളിലാണ് അങ്ങാടികൾ പ്രവർത്തിച്ചിരുന്നതെന്ന് പയസ് രേഖപ്പെടുത്തുന്നു
- എല്ലാ തരത്തിലുമുള്ള ആഭരണങ്ങൾ, രത്നങ്ങൾ, മുത്തുകൾ, പവിഴങ്ങൾ, വസ്ത്രങ്ങൾ, കുതിരകൾ തുടങ്ങി ഭൂമിക്ക് കീഴിലുള്ള എന്തും അവിടെ ലഭ്യമാണെന്ന് ഡോമിംഗോ പയസ് രേഖപ്പെടുത്തി

----oooo----

**പ്രമേയം 8**

# കർഷകരും, സെമീന്ദാർമാരും, രാഷ്ട്രവും

പതിനാറ് പതിനേഴ് നൂറ്റാണ്ടിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഗ്രാമങ്ങളിൽ വസിക്കുന്നവരായിരുന്നു. ഈ സമയത്ത് ഇന്ത്യയുടെ ഗ്രാമീണ ലോകത്തേക്ക് ചില ബാഹ്യശക്തികളും കടന്നുവരികയുണ്ടായി. ഇതിൽ പ്രഥമ സ്ഥാനം മുഗളന്മാർക്കായിരുന്നു.

## അയിൻ-ഇ- അക്ബരി:

- അക്ബറിന്റെ ഭരണ സമ്പ്രദായം വിശദമായി അവതരിപ്പിക്കുന്ന കൃതിയാണിത്. അബുൾ ഫസലാണിത് രചിച്ചത്.

## ഖുദ്കഷ്ട -പാഹികഷ്ട:

- രണ്ട് തരത്തിൽ പെട്ട കർഷക വിഭാഗങ്ങളായിരുന്നു ഇവർ.
- സ്വന്തമായി ഭൂമിയുള്ള കർഷകർ ഖുദ്കഷ്ട വിഭാഗമായാണ് പരിഗണിച്ചിരുന്നത്. ഇവർ ഗ്രാമങ്ങളിൽ സ്ഥിരമായി താമസിച്ച് കൃഷി ചെയ്തിരുന്നു.
- സ്വന്തമായി കൃഷിഭൂമി ഇല്ലാത്ത കർഷക വിഭാഗമാണിവർ. സ്ഥിരമായി കൃഷി ചെയ്യുകയോ, ഗ്രാമങ്ങളിൽ താമസിക്കുകയോ ചെയ്തിരുന്നില്ല.

## ജിൻസ്-ഇ-കാമിൽ:

- സമ്പൂർണ വിളകൾ എന്നാണർത്ഥം
- നാണ്യവിളകളെയാണിത് സൂചിപ്പിക്കുന്നത്.
- പരുത്തി, കരിമ്പ് എന്നിവ സമ്പൂർണ വിളകളായി അറിയപ്പെട്ടിരുന്നു.

## കൃഷിയുടെ വളർച്ച

- നാല് ഘടകങ്ങളെ ആശ്രയിച്ചാണ് കൃഷിയുടെ വളർച്ച പൊതുവെ അടയാളപ്പെടുത്തിയിരുന്നത്.
  1) അളവറ്റ ഭൂമി
  2) തൊഴിലാളികളുടെ ലഭ്യത.
  3) കർഷകരുടെ ചലന ക്ഷമത.
  4) ജലസേചന സൗകര്യങ്ങൾ.

## മണ്ഡൽ:

- പഞ്ചായത്തിലെ തലവൻ, മണ്ഡൽ അഥവാ മുഖദ്ദം എന്ന പേരിലറിയപ്പെട്ടിരുന്നു.
- ഗ്രാമത്തിലെ വരവ്-ചിലവ് കണക്ക് തയ്യാറാക്കുന്നതിന് നേതൃത്വം വഹിക്കലാണിവരുടെ മുഖ്യ ചുമതല

* **പൊളാജ്**:- സ്ഥിരമായി കാർഷിക വൃത്തിക്ക് ഉപയോഗിക്കുന്ന ഭൂമിയാണിത്.
* **പറാട്ടി**:- ഫലഭൂയിഷ്ഠത കുറഞ്ഞുപോകാതിരിക്കാൻ. വേണ്ടി കുറച്ച് കാലത്തേക്ക് കൃഷി ചെയ്യാതിടുന്ന ഭൂമി.
* **ചാച്ചാർ**:- മൂന്നോ - നാലോ വർഷം കൃഷി ചെയ്യാതിടുന്ന ഭൂമിയാണിത്.
* **ബഞ്ചാർ**:- അഞ്ചിൽ കൂടുതൽ വർഷം കൃഷി ചെയ്യാതിടുന്ന ഭൂമി.

❖ **ജമ** :കർഷകർ നികുതിയായി നൽകേണ്ട തുക നിർണ്ണയിക്കലാണിത്

❖ **ഹസിൽ** : ഇങ്ങനെ തീരുമാനിച്ച തുക പിരിച്ചെടുക്കലാണ് ഹസിൽ

**<u>ജാജ്മാനി സമ്പ്രദായം</u>:**

- ബംഗാളിലെ ജമീന്താർമാർ ആശാരിമാർക്കും, സ്വർണ്ണ പണിക്കാർക്കും അവരുടെ സേവനത്തിന് പ്രതിഫലമായി ഒരു ചെറിയ പ്രതിദിന ബത്തയും ഭക്ഷണത്തിനുള്ള പണവും നൽകിയിരുന്നു. ഈ സമ്പ്രദായം പിൽക്കാലത്ത് ജാജ്മാനി എന്നറിയപ്പെട്ടു.

**<u>സമീന്താർമാർ:</u>**

- കാർഷിക സമൂഹത്തിൽ സുപ്രധാനമായ സ്ഥാനം ഉണ്ടായിരുന്നു.
- ഭൂമിയുടെ യജമാനന്മാരായിരുന്നു.
  - കൃഷിയായിരുന്നു അവരുടെ ജീവിത മാർഗ്ഗം
  - എന്നാൽ കാർഷിക ഉത്പാദനത്തിൽ നേരിട്ട് പങ്കെടുത്തിരുന്നില്ല

**----0000----**

## പ്രമേയം 9

# രാജാക്കന്മാരും ദിനവൃത്താന്തങ്ങളും

## മുഗൾ രാജസഭ (c.16-17 നൂറ്റാണ്ടുകൾ)

- മുഗൾ ഭരണാധികാരികൾ ദൈവദത്താധികാരത്തിൽ വിശ്വസിച്ചിരുന്നു
- രാജവംശ ചരിത്രങ്ങളുടെ രചനയിലൂടെയാണ് അവർ തങ്ങളുടെ ഈ വീക്ഷണം കൈമാറിപ്പോന്നത്
- തങ്ങളുടെ നേട്ടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എഴുതാൻ അവർ കൊട്ടാര ചരിത്രകാരന്മാരെ ഏൽപ്പിച്ചു
- കൊട്ടാര ചരിത്രകാരന്മാർ അവരുടെ രക്ഷാധികാരികളായ രാജാക്കന്മാരുടെ കാലത്തെ സംഭവങ്ങൾ കാലാനുക്രമമായി എഴുതി വെച്ചു
- ഇംഗ്ലീഷിൽ ചരിത്രമെഴുതുന്ന ആധുനിക ചരിത്രകാരന്മാർ ഇത്തരം ഗ്രന്ഥങ്ങളെ ദിനവൃത്താന്തങ്ങൾ എന്ന് വിളിച്ചു
- മുഗൾ കാലത്തെ ചരിത്രപുനർനിർമ്മാണത്തിന് ഈ ദിനവൃത്താന്തങ്ങൾ വളരെയധികം സഹായകമാണ്

**ദിനവൃത്താന്തങ്ങൾ**

- കൊട്ടാര ചരിത്രകാരന്മാർ എഴുതിയ രാജവംശങ്ങളുടെ ചരിത്രം
- സമകാലികരായ ഭരണാധികാരികളുടെ കാലത്തെ സംഭവങ്ങളായിരുന്നു അവർ രേഖപ്പെടുത്തി വെച്ചിരുന്നത്
- സംഭവങ്ങളുടെ തുടർച്ചയായ കാലാനുക്രമ വിവരണമാണ് ഈ കൃതികളിൽ ഉണ്ടായിരുന്നത്
- പേർഷ്യൻ ഭാഷയിലായിരുന്നു മുഗൾ ദിനവൃത്താന്തങ്ങൾ എഴുതിയിരുന്നത്
- മുഗൾ കാലഘട്ടത്തിലെ പ്രധാനപ്പെട്ട ദിനവൃത്താന്തങ്ങൾ:
  - ◆ ബാബർ നാമ, അക്ബർ നാമ, ബാദ്ഷാ നാമ, ആലംഗീർ നാമ

**പ്രധാനപ്പെട്ട മുഗൾ ഭരണാധികാരികൾ**

| |
|---|
| സഹീറുദ്ദീൻ ബാബർ (1526-1530) |
| നസീറുദ്ദീൻ ഹുമയൂൺ (1530-1556) |
| ജലാലുദ്ദീൻ അക്ബർ (1556-1605) |
| ജഹാംഗീർ (1605-1627) |
| ഷാജഹാൻ (1627-1658) |
| ഔറംഗസീബ് (1658-1707) |

**കയ്യെഴുത്തു പ്രതികളുടെ സൃഷ്ടി**

- മുഗൾ കാലഘട്ടത്തിലെ എല്ലാ പുസ്തകങ്ങളും കയ്യെഴുത്ത് പ്രതികളായിരുന്നു
  - ചക്രവർത്തിയുടെ കിത്താബ് ഖാനയിലാണ് (എഴുത്ത് മുറി) ഇവ നിർമ്മിച്ചിരുന്നത്

**കയ്യെഴുത്ത് പ്രതികളുടെ നിർമ്മാണത്തിൽ പങ്കെടുത്തവർ**

- കടലാസ് നിർമ്മിക്കുന്നവർ
- പകർത്തി എഴുതുന്നവർ
- അലങ്കാരപ്പണിക്കാർ
- ചിത്രകാരന്മാർ
- പുസ്തകം തുന്നിക്കെട്ടുന്നവർ

**അക്ബർ നാമ**

- അക്ബറിന്റെ കൊട്ടാര ചരിത്രകാരനായ അബുൾ ഫസലാണ് അക്ബർ നാമ രചിച്ചത്
- 13 വർഷങ്ങളെടുത്താണ് ഈ കൃതി പൂർത്തിയാക്കിയത്

- പലതരത്തിലുള്ള സ്രോതസ്സുകൾ ഈ കൃതി എഴുതാനായി അദ്ദേഹം ഉപയോഗപ്പെടുത്തിയിരുന്നു
- അക്ബർ നാമയ്ക്ക് മൂന്ന് ഭാഗങ്ങളുണ്ട്
  - ◆ ആദ്യത്തെ രണ്ട് കൃതികളും ദിനവൃത്താന്തങ്ങളാണ്
  - ◆ മൂന്നാമത്തെ ഭാഗമാണ് ***എയിൻ-ഇ-അക്ബാരി***
- അക്ബറിന്റെ ഭരണം, സാമ്രാജ്യത്തിലെ പ്രധാന രാഷ്ട്രീയ സംഭവങ്ങൾ, സാമ്പത്തിക വ്യവസ്ഥ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളാണ് ഈ കൃതിയിലുള്ളത്
- ആലങ്കാരികമായ ഭാഷയിലാണ് ഈ കൃതി എഴുതിയിരുന്നത്
- ഹെന്റി ബെവറിഡ്ജ് ആണ് ഈ പുസ്തകം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത്

**ബാദ്ഷാ നാമ**

- ഷാജഹാന്റെ ഭരണകാലത്താണ് ബാദ്ഷാ നാമ എഴുതിയത്
- അബ്ദുൾ ഹമീദ് ലഹോരിയാണ് ഈ കൃതി എഴുതിയത്
- ബാദ്ഷാ നാമയ്ക്ക് മൂന്ന് വാല്യങ്ങളുണ്ട്
- ഓരോന്നിലും പത്ത് വർഷങ്ങളുടെ ചരിത്രമാണ് എഴുതിയിട്ടുള്ളത്
- മൂന്നാമത്തെ ഭാഗം എഴുതിയത് മുഹമ്മദ് വാരിസ് ആണ്

**ആദർശ രാജ്യം**

- മുഗൾ ഭരണാധികാരികൾ ദൈവദത്താധികാര സിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്നു
- അധികാരം ദൈവീമാണെന്ന് കാണിക്കുന്നതിനായി കൊട്ടാര ചരിത്രകാരന്മാർ ദിവ്യപ്രകാശം സിദ്ധിച്ചവരുടെ ശ്രേണിയിൽ മുഗൾ രാജാക്കന്മാരെ പ്രതിഷ്ഠിച്ചു
- ഇങ്ങനെ ചെയ്യതിലൂടെ മുഗൾ രാജാവ് ജനങ്ങളുടെ ആത്മീയ വഴികാട്ടിയായിത്തീർന്നു
- കലാകാരന്മാർ മുഗൾ ചക്രവർത്തിമാരുടെ തലയുടെ ഭാഗത്ത് ഒരു പ്രഭാവലയം ചിത്രീകരിച്ചിരുന്നു

**ഒരു ഐക്യശക്തി - സുൾഹ്-ഇ-കുൽ**

- മുഗൾ ഭരണത്തിന്റെ ഒരു പ്രധാന സവിശേഷതയായിരുന്നു *സുൾഹ്-ഇ-കുൽ*
- ഇതുപ്രകാരം എല്ലാ മതങ്ങൾക്കും ചിന്താവിഭാഗങ്ങൾക്കും ആവിഷ്കാര സ്വാതന്ത്ര്യം ഉണ്ടായിരുന്നു
- രാഷ്ട്രനയങ്ങളിലൂടെയാണ് അക്ബർ ഈ നയം നടപ്പിലാക്കാൻ ശ്രമിച്ചത്
- ഭരണ രംഗത്ത് ഈ ആശയം എല്ലാ ഉദ്യോഗസ്ഥന്മാരും പിന്തുടരണമെന്ന് അദ്ദേഹം നിർദ്ദേശം നൽകി
- ഈ ആശയം നടപ്പിലാക്കാനായി ചില സാമൂഹ്യ-മത പരിഷ്കാരങ്ങൾ അദ്ദേഹം അവതരിപ്പിച്ചു
- തീർത്ഥാടന നികുതി (1563), ജിസിയ (1564) എന്നിവ നിർത്തലാക്കി
- ആരാധനാലയങ്ങൾ നിർമ്മിക്കാനും കേടുപാടുകൾ തീർക്കുന്നതിനും ധന സഹായങ്ങൾ നൽകി

**മുഗൾ തലസ്ഥാനങ്ങൾ**

- മുഗൾ ഭരണത്തിന്റെ ഹൃദയമായിരുന്നു തലസ്ഥാന നഗരം
- മുഗളർ തലസ്ഥാനങ്ങൾ ഇടയ്ക്കിടെ മാറ്റിയിരുന്നു

| ഭരണാധികാരി | തലസ്ഥാനങ്ങൾ |
|---|---|
| ബാബർ | ആഗ്ര |
| അക്ബർ | ഫത്തേപൂർ സിക്രി, ലാഹോർ |
| ഷാജഹാൻ | ഷാജഹാനാബാദ് |

**മുഗൾ രാജധാനി**

- രാഷ്ട്രത്തിന്റെ മിക്ക പ്രവർത്തനങ്ങളും നടന്നത് രാജധാനിയിലായിരുന്നു
- രാജധാനിയുടെ കേന്ദ്രഭാഗം സിംഹാസനമായിരുന്നു (താഖ്ത്)

- ഓരോരുത്തർക്കും ഇരിക്കുന്നതിനായി നിശ്ചിത ഇടം ഉണ്ടായിരുന്നു
- രാജധാനിയിലെ പ്രധാന അഭിവാദന രീതികൾ:
  - ◆ അഗാധ പ്രണാമം, സിജ്ദ, ചാർ തസ്ലിം, സമീൻ ബോസ്, കോർണിഷ്

**ജരോഗ ദർശൻ**

- എല്ലാദിവസവും രാവിലെ രാജാവ് ഒരു ചെറിയ ബാൽക്കണിയിലെത്തി ജനങ്ങൾക്ക് ദർശനം നൽകുന്ന ആചാരം

**സ്ഥാനപ്പേരുകൾ**

- മുഗൾ ഭരണാധികാരികൾ കിരീടധാരണ സമയത്തോ യുദ്ധവിജയത്തിന് ശേഷമോ സ്ഥാനപ്പേരുകൾ സ്വീകരിച്ചിരുന്നു
  - ◆ ഷഹൻഷാ (രാജാധിരാജൻ), ജഹാംഗീർ (ലോകം കീഴടക്കിയവൻ), ഷാജഹാൻ (ലോകരാജാവ്)
- അന്നത്തെ രണ്ട് പ്രധാന സ്ഥാനപ്പേരുകളായിരുന്നു അസഫ്ഖാൻ, മിർസാ രാജ എന്നിവ
- സ്ഥാനപ്പേരുകൾ സമ്പാദിക്കുകയോ വിലയ്ക്ക് വാങ്ങുകയോ ചെയ്യാമായിരുന്നു

**രാജാവിന്റെ അന്ത:പുരം**

- മുഗളന്മാരുടെ ഗാർഹിക ലോകത്തെ (അന്ത:പുരം) *ഹാരം* എന്നാണ് വിളിച്ചിരുന്നത്
- ഭരണവർഗ്ഗങ്ങൾക്കിടയിൽ ബഹുഭാര്യത്തം നിലനിന്നിരുന്നു
- മുഗൾ രാജാക്കന്മാർക്ക് രണ്ട് തരത്തിലുള്ള ഭാര്യമാർ ഉണ്ടായിരുന്നു
  - ◆ **ബീഗങ്ങൾ:** രാജകുടുംബങ്ങളിൽ നിന്നുള്ളവർ
  - ◆ **ആഗമാർ:** താഴ്ന്ന കുടുംബത്തിൽ നിന്നുള്ളവർ
- ധാരാളം അടിമകളും ഹാരത്തിൽ ഉണ്ടായിരുന്നു
- സ്ത്രീകൾ മുഗൾ സാമ്രാജ്യത്തിലെ രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക ജീവിതത്തിൽ നിർണായക പങ്ക് വഹിച്ചിരുന്നു

**ഹുമയൂൺ നാമ:**

- ഗുൽബദൻ ബീഗമാണ് ഹുമയൂൺ നാമ രചിച്ചത്
- ഹുമയൂണിന്റെ ജീവിതത്തിന്റെ ഒരു വിവരണമാണ് ഈ കൃതി

**രാജകീയ ഉദ്യോഗസ്ഥന്മാർ**

- പ്രധാന ഉദ്യോഗസ്ഥന്മാർ
  - ◆ **മിർബക്ഷി:** ശമ്പളം നൽകുന്നതിന്റെ ചുമതല, സൈനിക വകുപ്പിന്റെ തലവൻ
  - ◆ **ദിവാൻ-ഇ-അല:** ധനകാര്യ മന്ത്രി
  - ◆ **സദർ-അസ്-സദർ:** സഹായ ധനത്തിന്റെ ചുമതല, ഖാസിമാരെ നിയമിക്കാനുള്ള ചുമതല

**മുഗൾ പ്രഭുവർഗ്ഗം**

- ഉദ്യോഗസ്ഥന്മാരെ മൊത്തത്തിൽ പ്രഭുവർഗ്ഗം എന്നാണ് വിളിച്ചിരുന്നത്
- വ്യത്യസ്ത വംശീയ-മത വിഭാഗങ്ങളിൽ നിന്നാണ് അവരെ തെരഞ്ഞെടുത്തിരുന്നത്
  - ◆ മുഗളന്മാർ, അഫ്ഗാനികൾ, തുർക്കികൾ, പേർഷ്യക്കാർ, ഇന്ത്യൻ മുസ്ലിംങ്ങൾ, രജപുത്രന്മാർ
- പ്രഭുവർഗ്ഗത്തിന് മാൻസബ്ദാരി സമ്പ്രദായവുമായി അടുത്ത ബന്ധമുണ്ടായിരുന്നു

**മാൻസബ്ദാരി സമ്പ്രദായം**

- അക്ബറാണ് ഈ സമ്പ്രദായം അവതരിപ്പിച്ചത്
- ഈ സമ്പ്രദായത്തിൽ സിവിലും സൈനികവുമായ ചുമതലകൾ ഒരാളിൽ തന്നെ നിക്ഷിപ്തമായിരുന്നു
- മാൻസബ് എന്നാൽ ഒരു പദവി ആയിരുന്നു
- ഈ പദവി ലഭിക്കുന്ന ഉദ്യോഗസ്ഥൻ മാൻസബ്ദാർ എന്നറിയപ്പെട്ടു
- മാൻസബ് പദവിയെ രണ്ടായി തിരിച്ചിരുന്നു

- **സദ്** : സ്വകാര്യ പദവി, രാജകീയ ശ്രേണിയിലുള്ള സ്ഥാനം, ശമ്പളം എന്നിവ സൂചിപ്പിക്കുന്നു
- **സവർ** : മാൻസബ്ദാറിന്റെ കീഴിൽ നിലനിർത്തേണ്ട അശ്വസൈനികരുടെ എണ്ണം സൂചിപ്പിക്കുന്നു

**വിവരവും സാമ്രാജ്യവും**

- **വാക്യ നാവിസ്** : കൊട്ടാരം എഴുത്തുകാരുടെ സംഘം
- **അക്ബരാത്/ശ്രേഷ്ഠ രാജധാനിയിൽ നിന്നുള്ള വാർത്തകൾ**: രാജധാനിയിലെ എല്ലാ നടപടികളും പ്രഭുക്കന്മാരും പ്രാദേശിക ഭരണാധികാരികളും രേഖപ്പെടുത്തിയിരുന്നത് അക്ബരാത് എന്ന പേരിലായിരുന്നു
- വേഗതയേറിയ ഒരു തപാൽ സമ്പ്രദായവും മുഗൾ സാമ്രാജ്യത്തിൽ ഉണ്ടായിരുന്നു

**പ്രവിശ്യാഭരണം**

| ഭരണ ഘടകം | ഭരണത്തലവൻ |
|---|---|
| സുബകൾ | സുബേദാർ |
| സർക്കാർ | ഫൗജ്ദാർ |
| പർഗാന | ക്വനുൻഗോ, ചൗധരി, ഖാസി |
| ഗ്രാമങ്ങൾ | ഗ്രാമസഭകൾ |

## അതിരുകൾക്കപ്പുറം

**സഫാവിദുകൾ**

- വിദേശ ആക്രമണ ഭീഷണി തടയാനായി കാബൂൾ, കാണ്ഡഹാർ എന്നിവ നിയന്ത്രിക്കാൻ മുഗളൻമാർ ശ്രമിച്ചു
- കാണ്ഡഹാറിനായി സഫാവിദുകളുമായി തർക്കം ഉണ്ടായിരുന്നു
- 1622 ൽ കാണ്ഡഹാർ എന്നെന്നേക്കുമായി മുഗളന്മാർക്ക് നഷ്ടമായി

**ഓട്ടോമനുകൾ**

- ഓട്ടോമൻ സാമ്രാജ്യവുമായുള്ള ബന്ധത്തിൽ മുഗളന്മാർക്ക് സാമ്പത്തികവും മതപരവുമായ പരിഗണനകളുണ്ടായിരുന്നു
- വ്യാപാരികൾക്കും തീർത്ഥാടകർക്കും സ്വതന്ത്രമായ സഞ്ചാരം ഉറപ്പാക്കാൻ ശ്രമിച്ചു
- അറേബ്യയിലേക്കയച്ച ഫണ്ടുകൾ ദുരുപയോഗം ചെയ്യപ്പെടുന്നതായി കണ്ടുപിടിച്ചപ്പോൾ അവ ഇന്ത്യയിൽ വിതരണം ചെയ്യാൻ ആരംഭിച്ചു


## ഔദ്യോഗിക മതത്തെ ചോദ്യം ചെയ്യുമ്പോൾ

**ഇബാദത്ത് ഖാന**

- 1575 ൽ ഫത്തേപൂർസിക്രിയിൽ അക്ബർ പണികഴിപ്പിച്ചു
- വിവിധ മതങ്ങളിലെ പണ്ഡിതന്മാരുമായി അദ്ദേഹം ഇവിടെവെച്ച് സംവാദങ്ങൾ നടത്തി

**ദീൻ-ഇ ലാഹി**

- സമകാലികർ *തൗഹിദ്-ഇ ലാഹി* എന്നാണ് ഇതിനെ വിളിച്ചിരുന്നത്
- സൂര്യനേയും പ്രകാശത്തേയും കേന്ദ്രീകരിച്ചുകൊണ്ടുള്ള ദിവ്യമായൊരു ആരാധനാ സമ്പ്രദായമാണ് ഇത്
- വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളെ സമന്വയിപ്പിക്കാനുള്ള അക്ബറിന്റെ അഭിലാഷമാണ് ദീൻ ഇലാഹിയുടെ രൂപീകരണത്തിന് വഴിയൊരുക്കിയത്




----oooo----

# പ്രമേയം 10
# കൊളോണിയലിസവും ഗ്രാമ പ്രദേശവും

## ശാശ്വത ഭൂനികുതി വ്യവസ്ഥ യുടെ സവിശേഷതകൾ

- കോൺവാലിസ് പ്രഭു ആണ് ശാശ്വത ഭൂനികുതി വ്യവസ്ഥ നടപ്പിലാക്കിയത്
- ഇതുപ്രകാരം ജമീന്ദാർ വർഷംതോറും ഒരു നിശ്ചിത തുക തങ്ങളുടെ കയ്യിലുള്ള ഭൂമിക്ക് നികുതിയായി നൽകണം. ആ ഭൂനികുതി ഒരു നിശ്ചിത കാലത്തേക്ക് സ്ഥിരമാണ് കൂട്ടുകയുമില്ല കുറയുകയും ഇല്ല
- ഈ വ്യവസ്ഥപ്രകാരം ജമീന്ദാർമാർ ഭൂമിയുടെ ഉടമസ്ഥന്മാർ അല്ല ഗവൺമെന്റിന് വേണ്ടി നികുതി പിരിക്കേണ്ട ആൾ മാത്രമാണ്
- സമീന്ദാർമാർക്ക് തങ്ങളുടെ കീഴിലുള്ള പ്രദേശങ്ങളിലെ കർഷകരിൽ നിന്നും പിരിച്ചെടുത്ത തുകയിൽ ഗവൺമെന്റിലേക്ക് അടയ്ക്കേണ്ട പൈസ കഴിഞ്ഞാൽ ബാക്കി സ്വയം എടുക്കാമായിരുന്നു
- ഗവൺമെന്റിന് നൽകേണ്ട തുക നൽകിയില്ലെങ്കിൽ അവരുടെ കയ്യിലുള്ള ഭൂമി നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു
- ഗവൺമെന്റ് ശാശ്വത ഭൂനികുതി വ്യവസ്ഥയിലൂടെ ഒരു സ്ഥിരവരുമാനം ആണ് ഉദ്ദേശിച്ചത്

## ശാശ്വത ഭൂനികുതി വ്യവസ്ഥയ്ക്ക് കുറെ മെച്ചങ്ങൾ ഉണ്ടായിട്ടും സമീന്ദാർമാർ എന്തുകൊണ്ടാണ് നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയത്

- ഒന്നാമതായി തുടക്കത്തിൽ നികുതി ആയി നിശ്ചയിച്ച തുക വളരെ അധികമായിരുന്നു. ഭാവിയിൽ വരാനുള്ള മാറ്റങ്ങളൊക്കെ കണക്കിലെടുത്ത് ബ്രിട്ടീഷ് ഗവർമെന്റ് ഉയർന്ന തുകയാണ് ആദ്യം തന്നെ ഫിക്സ് ചെയ്തിരുന്നത്. ഇത് തുടക്കത്തിൽ ജമീന്ദാർമാർക്ക് വലിയ ബുദ്ധിമുട്ടായി മാറി
- രണ്ടാമതായി ഈ വലിയ തുക നികുതി തീരുമാനിച്ചത് കാർഷിക ഉൽപ്പന്നങ്ങൾക്ക് ഒക്കെ വില കുറഞ്ഞു നിൽക്കുന്ന സമയത്തായിരുന്നു
- മൂന്നാമതായി നികുതി സ്ഥിരം ആയതിനാൽ കൃഷി നടന്നാലും നടന്നില്ലെങ്കിലും നികുതി അടക്കണം ആയിരുന്നു നികുതി അടച്ചില്ലെങ്കിൽ സെമീന്ദാരി ഭൂമി ജമീന്ദാർമാർക്ക് നഷ്ടപ്പെടുമായിരുന്നു
- നാലാമതായി കർഷകരിൽ നിന്നും നികുതി പിരിച്ചെടുക്കാനുള്ള ജമീന്ദാർമാർക്ക് ഉള്ള അധികാരം തുടക്കത്തിൽ പരിമിതമായിരുന്നു

## അഞ്ചാം റിപ്പോർട്ട്

- 1813 ൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ ഇന്ത്യയിലുള്ള ഭരണത്തെ പറ്റിയും പ്രവർത്തനത്തെപ്പറ്റിയും ബ്രിട്ടീഷ് പാർലമെന്റ് സമർപ്പിച്ച റിപ്പോർട്ട് ആണ് **അഞ്ചാം** റിപ്പോർട്ട്
- നികുതി വരുമാനത്തെ കുറിച്ചുള്ള സ്ഥിരം വരവു കണക്കുകളാണ് മുഖ്യമായും ഇതിലുണ്ടായിരുന്നത്
- പരമ്പരാഗത സെമീന്ദാരി കളുടെ തകർച്ചയെ പറ്റിയും അഞ്ചാം റിപ്പോർട്ടിൽ പറയുന്നുണ്ട്

## പഹാരിയാസ്

- പത്തൊമ്പതാം നൂറ്റാണ്ടിൽ ബംഗാളിലെ രാജ്മഹൽ കുന്നുകളിൽ താമസിച്ചിരുന്ന ആദിവാസികളാണ് പഹാരിയാസ്. പുറമേനിന്നുള്ളവർ തങ്ങളുടെ പ്രദേശത്തേക്ക് അതിക്രമിച്ചു കടക്കുന്നതിനെ ഇവർ ശക്തമായി എതിർത്തു
- ഇവരെ നയിച്ചിരുന്നത് മൂപ്പന്മാർ ആണ്
- ക്ഷാമ കാലങ്ങളിൽ പഹാരിയാസ് സമതലങ്ങളിലെ കൃഷിയിടങ്ങളിലേക്ക് ആക്രമണം നടത്താറുണ്ട് പഹാരിയാസിനെ ഇല്ലാതാക്കാൻ ബ്രിട്ടീഷുകാർ സാന്താലുകളെ ഉപയോഗിച്ചു

- 1870-കളിൽ ഇവരുടെ മൂപ്പൻ മാർക്ക് ബ്രിട്ടീഷ് ഗവർമെന്റ് വാർഷിക അലവൻസ് നൽകാൻ തീരുമാനിച്ചു. പഹാരിയാസിന്റെ സ്ഥലങ്ങൾ സാന്താലുകൾ പിടിച്ചെടുത്തു
- പഹാരിയാസ് ഭക്ഷണത്തിനായി മഹുവാ എന്ന് പേരുള്ള പൂക്കൾ കാടുകളിൽനിന്ന് ശേഖരിച്ചിരുന്നു
- പഹാരിയാസിന്റെ ചിഹ്നമാണ് കൈക്കോട്ട് സാന്താലുകളെ ചിഹ്നമാണ് കലപ്പ അതിനാൽ ഇവർ തമ്മിലുള്ള കലാപത്തെ **കൈക്കോട്ടും കലപ്പയും തമ്മിലുള്ള കലാപം** എന്നും അറിയപ്പെടുന്നുണ്ട്
- ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ ഫ്രാൻസിസ് ബുക്കാനൻ രാജ്മഹൽ കുന്നുകൾ സന്ദർശിക്കാൻ ഇടയായി അദ്ദേഹത്തിന്റെ യാത്രാവിവരണങ്ങൾ ആണ് ഇവരെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ നമുക്ക് നൽകുന്നത് അതിനു പുറമെ റവന്യൂ രേഖകളും ഇവരെപ്പറ്റി നമുക്ക് അറിവ് നൽകുന്നുണ്ട്

## സാന്താലുകൾ

- സാന്താലുകൾ യഥാർത്ഥത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഗോത്രവർഗ്ഗക്കാർ ആയിരുന്നു
- 1780 കളിൽ അവർ ബംഗാളിൽ എത്തി. കാടുകൾ വെട്ടിത്തെളിക്കാനും കൃഷി വ്യാപിപ്പിക്കാനും ബംഗാളിലെ സമീന്ദാർമാർ ഇവരെ ഉപയോഗപ്പെടുത്തി
- ഇവരെ ഉപയോഗിച്ചാണ് ബ്രിട്ടീഷുകാർ പഹാരിയാസിന്റെ സ്ഥലങ്ങൾ പിടിച്ചെടുത്തത്
- ബ്രിട്ടീഷുകാർ ഇവരുടെ സഹായത്തോടുകൂടി രാജ്മഹൽ കുന്നുകൾ പിടിച്ചടക്കി. അതിന്റെ താഴ്വാരങ്ങളിൽ ഇവർക്ക് കൃഷി ചെയ്യാനുള്ള സൗകര്യവും ചെയ്തു കൊടുത്തു

## സാന്താൾ കലാപം

- എന്നാൽ അധികം വൈകാതെ തന്നെ ബ്രിട്ടീഷുകാർ തങ്ങളെ ചൂഷണം ചെയ്യുകയാണെന്ന് സന്താളുകൾ തിരിച്ചറിഞ്ഞു
- ഇവർ ഓരോ പ്രദേശങ്ങളിൽ കൃഷിയിറക്കി അധിവാസം സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ബ്രിട്ടീഷുകാർ ഇവരോട് അവിടുന്ന് ഒഴിഞ്ഞു പോകാനും പുതിയ സ്ഥലങ്ങളിലേക്ക് ചേക്കേറാനും പറഞ്ഞു കുറച്ചുകഴിയുമ്പോൾ അവിടെയും ചെന്ന് ബ്രിട്ടീഷുകാർ ഇവരെ തുരത്തും. ഇതിനെതിരെയാണ് സാന്താലുകൾ **സിദ്ധു, കൻഹു** എന്നീ രണ്ട് സഹോദരന്മാരുടെ കീഴിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടിയത്. ബ്രിട്ടീഷുകാർ ഇതിനെ ക്രൂരമായി അടിച്ചമർത്തി

## റയറ്റ് വാരി സമ്പ്രദായം

- ബ്രിട്ടീഷുകാർ ബോംബെ ഡെക്കാണിൽ നടപ്പിലാക്കിയ നികുതി സമ്പ്രദായം ആയിരുന്നു ഇത്
- കർഷകനും ഗവൺമെന്റിനുമിടയിൽ ഇടനിലക്കാരില്ലാതെ ഈ സമ്പ്രദായപ്രകാരം കർഷകന് നേരിട്ട് നികുതി അടയ്ക്കാൻ പറ്റുമായിരുന്നു
- ഈ സമ്പ്രദായപ്രകാരം നികുതി നിശ്ചയിച്ചിരുന്നത് കൃഷിചെയ്യുന്ന ഭൂമിയുടെ നിലവാരത്തിനനുസരിച്ചും കർഷകന് നികുതി നൽകാനുള്ള ശേഷിക്കും അനുസരിച്ചായിരുന്നു
- 30 വർഷം കൂടുമ്പോൾ ഭൂമി പുനർ സർവേ നടത്തി നികുതി പുനർ നിശ്ചയിക്കാമായിരുന്നു

## ഡെക്കാൺ കർഷക കലാപം

- റയറ്റ് വാരി സമ്പ്രദായത്തിലൂടെ ഇടനിലക്കാരുടെ ചൂഷണങ്ങളിൽ നിന്നും കർഷകരെ സംരക്ഷിച്ചുഎങ്കിലും നികുതി വളരെ കൂടുതലായിരുന്നു കൃഷി ചെയ്താലും ഇല്ലെങ്കിലും നികുതി നൽകണം ഇല്ലെങ്കിൽ ഭൂമി പിടിച്ചെടുക്കും

- കാലാവസ്ഥ മോശം കൊണ്ടോ മറ്റോ കൃഷി ചെയ്യാൻ പറ്റാത്ത സാഹചര്യം ഉണ്ടായാൽ കർഷകർ ഭൂമി നഷ്ടപ്പെടാതിരിക്കാൻ ഹുണ്ടികക്കാരുടെ കയ്യിൽ നിന്നും പൈസ പലിശയ്ക്കു വാങ്ങും. അടുത്ത പ്രാവശ്യം കൃഷി ചെയ്ത് കടം വീട്ടാം എന്നായിരുന്നു കർഷകർ വിചാരിച്ചിരുന്നത്. എന്നാൽ ഈ തുകയുടെ പലിശ അത്രയും കൂടുതലായിരുന്നു അതിനാൽ കർഷകനെ പലിശ പോലും മുഴുവൻ ആയി അടയ്ക്കാൻ പറ്റുമായിരുന്നില്ല ഒരു പ്രാവശ്യം കൂടി കൃഷി നാശം സംഭവിച്ചാൽ ഈ ഭൂമി ഹുണ്ടികക്കാർ പിടിച്ചെടുക്കും
- ഇത്തരത്തിൽ ബ്രിട്ടീഷുകാരുടെ നികുതി നയത്തിനെതിരെയും ഹുണ്ടികക്കാരുടെ ചൂഷണത്തിനെതിരെ യും നടന്ന കലാപമാണ് ഡക്കാൻ കലാപം. കലാപകാരികൾ ഹുണ്ടികക്കാരുടെ വീട്ടുകൾ ആക്രമിക്കുകയും കണക്ക് പുസ്തകങ്ങൾ കത്തിച്ചു കളയുകയും ചെയ്യുന്ന ഒരു രീതിയാണ് കലാപത്തിലുടനീളം ചെയ്തത്. ബ്രിട്ടീഷുകാർ കലാപത്തെ വളരെ ക്രൂരമായി അടിച്ചമർത്തി

## ഫ്രാൻസിസ് ബൂക്കാനൻ

- ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്നു ഇദ്ദേഹം
- ബംഗാൾ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ കീഴിലുള്ള ഇന്ത്യയിലെ സ്ഥലങ്ങളുടെ വിശദമായ സർവ്വേ അദ്ദേഹം നടത്തുകയുണ്ടായി
- ബംഗാളിലെ രാജ്മഹൽ കുന്നിലും ഇദ്ദേഹം എത്തി. രാജ്മഹൽ കുന്നിലെ പഹാരിയാസിനെപ്പറ്റി ഏറ്റവും വിശദമായ വിവരങ്ങൾ ഇദ്ദേഹത്തിന്റെ ജേർണലിൽ നിന്നാണ് നമുക്ക് ലഭിക്കുന്നത്

----oooo----

### പ്രമേയം 11

## കലാപകാരികളും ബ്രിട്ടീഷ് രാജും

## 1857 ലെ കലാപം

- ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരം എന്ന് ഇത് അറിയപ്പെടുന്നു.
- 1857 മെയ് 10.ന് മീററ്റിലാണ് കലാപം പൊട്ടിപ്പുറപ്പെട്ടത്.

### കലാപത്തിന്റെ രീതി - ആസൂത്രണം - ആശയവിനിമയം

- ഒരു നഗരത്തിലെ കലാപ വാർത്ത മറ്റൊരു നഗരത്തിൽ എത്തിയാൽ അവിടെയും കലാപം തുടങ്ങുന്നതായിരുന്നു പൊതു രീതി.
- സർക്കാർ സ്ഥാപനങ്ങൾ നശിപ്പിക്കുക, ഉദ്യോഗസ്ഥരുടെ വസതികൾ തകർക്കുക, അവരുടെ സമ്പത്ത് കൊള്ളയടിക്കുക എന്നതൊക്കെ ആയിരുന്നു കലാപകാരികൾ പൊതുവെ എല്ലായിടത്തും ചെയ്തത്.
- കലാപത്തിന് ആസൂത്രണം, ഏകോപനം എന്നിവ ഇല്ല എന്ന് പറയുന്നതും ശരിയല്ല. ഓരോ പട്ടാള താവളത്തിലും ഉണ്ടായ സംഭവ പരമ്പരകൾക്ക് സമാനത ഉണ്ടായിരുന്നു.
- ഒരു പട്ടാള കേന്ദ്രത്തിലെ വാർത്ത അടുത്ത പട്ടാള കേന്ദ്രത്തിലേക്ക് എത്തുന്നുണ്ടായിരുന്നു. ഇവർ പരസ്പരം വിവരങ്ങൾ കൈമാറിയിരുന്നു.

### നേതാക്കളും അനുയായികളും

➢ സാധാരണ സ്ത്രീകളും പുരുഷന്മാരും മതനേതാക്കളുമെല്ലാം ഈ കലാപത്തിൽ പങ്കെടുത്തു.

| നേതാക്കൾ | കലാപകേന്ദ്രങ്ങൾ |
|---|---|
| ബഹദൂർഷാ രണ്ടാമൻ | ഡൽഹി |
| നാനാസാഹിബ് | കാൺപൂർ |
| റാണിലക്ഷ്മീഭായി | ഝാൻസി |
| കൻവർസിങ്ങ | ആറ (ബീഹാർ) |
| ഷാമൽ | ബറൗറ്റ്പർഗാന (ഉത്തർപ്രദേശ്) |
| ബീഗം ഹസ്രത്ത് മഹൽ | അവധ് |
| ബിർജിസ് കാദർ | അവധ് |
| ഖാൻ ബഹദൂർ അഹമ്മദുള്ള | ഫയിസാബാദ് |
| ഖാൻബഹദൂർ | ബറേലി |
| ഗോനു (ഗോത്രനേതാവ്) | ചോട്ടാനാഗ്പൂർ (സിങ്ങ്ഭം) |

### കിംവദന്തികൾക്കും പ്രവചനങ്ങൾക്കും വിപ്ലവത്തിലുള്ള പങ്ക്

➢ ചില അഭ്യൂഹങ്ങൾക്കും മുൻവിധികൾക്കും 1857 വിപ്ലവത്തിൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്. അവ താഴെ പരാമർശിക്കുന്നു.

1. ഇന്ത്യൻ സൈന്യത്തിൽ പുതുതായിക്കൊണ്ടുവന്ന റൈഫിളിലെ തിരകൾ പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് പുരട്ടിയതാണെന്ന വാർത്ത സൈനികർക്കിടയിൽ പടർന്നു.

- പശുവിന്റെയും പന്നിയുടെയും കൊഴുപ്പു പുരട്ടിയ ആവരണം കടിച്ച് പൊട്ടിച്ച് വേണം ഈ തിര തോക്കിൽ നിറക്കാൻ. ഇത് സൈനികരുടെ മതവിശ്വാസത്തെ ചോദ്യം ചെയ്യുന്നതായിരുന്നു.

2. ബ്രിട്ടീഷുകാർ പശുവിന്റെയും പന്നിയുടെയും എല്ലുപൊടി കമ്പോളത്തിലെ ധാന്യങ്ങളിൽ കലർത്തി വിൽക്കുന്നുണ്ട് എന്നതായിരുന്നു മറ്റൊരു അഭ്യൂഹം.

3. ബ്രിട്ടീഷുകാർ ഇന്ത്യക്കാരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ ബോധപൂർവ്വം ശ്രമിക്കുന്നുണ്ട് എന്ന വാർത്തയും പ്രചരിച്ചിരുന്നു.

4. വില്യംബെന്റിക് പ്രഭുവിനെ പോലുള്ള ബ്രിട്ടീഷുകാർ നടപ്പിലാക്കിയ സതിനിർത്തലാക്കൽ, വിധവാപുനർവിവാഹം, പാശ്ചാത്യവിദ്യാഭ്യാസം എന്നിവയേയും ജനങ്ങൾ സംശയത്തോടെയാണ് കണ്ടത്.

## സൈനിക സഹായ വ്യവസ്ഥ (Subsidiary Alliance)

- ഒരു യുദ്ധവും കൂടാതെ ഇന്ത്യൻ നാട്ടുരാജ്യങ്ങളെ കമ്പനിക്ക് കീഴിലാക്കാൻ വെല്ലസ്ലി പ്രഭു കൊണ്ടു വന്നതാണ് സൈനിക സഹായ വ്യവസ്ഥ.
- ഈ വ്യവസ്ഥ ഒരു നാട്ടുരാജ്യം അംഗീകരിച്ചാൽ ആ രാജ്യത്തിന് സ്റ്റാന്റിംഗ് ആർമിയെ നിലനിർത്തേണ്ട ആവശ്യമില്ല. കാരണം അവർക്ക് വേണ്ട എല്ലാ സൈന്യത്തെയും ബ്രിട്ടീഷുകാർ നൽകും. അത് മാത്രമല്ല, ആ രാജ്യത്തിന്റെ സംരക്ഷണം കമ്പനി ഏറ്റെടുക്കും.
- ഇതിന് പകരമായി കമ്പനിയുടെ ഒരു നിശ്ചിത എണ്ണം സൈന്യത്തെ ആ നാട്ടുരാജ്യം നോക്കണം. അതിന്റെ ചെലവ് നാട്ടുരാജ്യം വഹിക്കണം.
- പല നാട്ടുരാജ്യങ്ങളും ഇതോടെ സ്വന്തം സ്റ്റാൻഡിംഗ് ആർമിയെ ഒഴിവാക്കി ബ്രിട്ടീഷ് സൈന്യത്തെ മാത്രം ആശ്രയിക്കാൻ തുടങ്ങി. ഇത് നാട്ടുരാജ്യങ്ങളുടെ ശക്തി കുറച്ചു.
- ഇതിന് പുറമെ ഈ വ്യവസ്ഥ അംഗീകരിച്ചപ്പോൾ ഒപ്പിട്ട മറ്റ് വ്യവസ്ഥകളും കൂടി ആയപ്പോൾ നാട്ടുരാജ്യങ്ങൾക്ക് മുകളിൽ ബ്രിട്ടന് കൂടുതൽ അധികാരം ലഭിച്ചു.

## അവധിലെ കലാപം

- ഒരു ദിവസം ബ്രിട്ടീഷുകാരുടെ വായിൽ വീഴാൻ പോകുന്ന ഒരു ചെറിപഴം എന്നാണ് അവധിനെ ഡൽഹൗസി പ്രഭു വിശേഷിപ്പിച്ചത്.
- സൈനിക സഹായ വ്യവസ്ഥയിൽ അവധിലെ നവാബിനെ കൊണ്ട് നിർബന്ധിച്ച് ഒപ്പ് വെപ്പിച്ചാണ് അവധിനെ കീഴടക്കാൻ ബ്രിട്ടീഷുകാർ ശ്രമം ആരംഭിച്ചത്.
- ഇതോടെ ബ്രിട്ടീഷ് സൈന്യത്തെ രാജ്യത്ത് നിലനിർത്താനും ബ്രിട്ടീഷ് റസിഡന്റിന്റെ ആജ്ഞയനുസരിച്ച് മാത്രം പ്രവർത്തിക്കാനും നവാബ് ഗത്യന്തരമില്ലാതെ സമ്മതിക്കേണ്ടി വന്നു.
- അവധിനെ കീഴടക്കുന്നതിന് പിന്നിൽ ബ്രിട്ടന് സാമ്പത്തിക താൽപര്യങ്ങളും ഉണ്ടായിരുന്നു. നീലം, പരുത്തി കൃഷിക്കാർക്ക് ഏറ്റവും അനുയോജ്യമായിരുന്നു അവധിലെ മണ്ണ്. കൂടാതെ നല്ലൊരു കമ്പോളമായി മാറാനുള്ള ഭൗതിക സാഹചര്യവും അവധിനുണ്ടായിരുന്നു.
- ദുർഭരണം ആരോപിച്ച് നവാബ് വാജിദ് അലിയെ കൽക്കത്തക്ക് നാട് കടത്തി.
- എന്നാൽ, ഏറ്റവും ജനപ്രിയനായ നേതാവായിരുന്നു അദ്ദേഹം. ഈ നടപടിയിൽ വിങ്ങി പൊട്ടാത്ത ഒരു വീടോ തെരുവോ കമ്പോളമോ ലക്നൗവിൽ ഉണ്ടായിരുന്നില്ല.

## കലാപത്തെ അടിച്ചമർത്തിയത് എങ്ങനെ..?

**1. നിയമനടപടികൾ**

- 1857 മെയ് ജൂൺ മാസങ്ങളിൽ നിരവധി നിയമങ്ങൾ പാസാക്കി അത് അനുസരിച്ച് വടക്കേ ഇന്ത്യയിൽ പട്ടാള നിയമം പ്രഖ്യാപിച്ചു.
- കലാപകാരികൾക്ക് വധശിക്ഷ ആണ് ശിക്ഷ എന്ന് പ്രഖ്യാപിച്ചു.

**2. സൈനിക നടപടികൾ**

- സൈന്യത്തെ ഉപയോഗിച്ച് ക്രൂരമായി കലാപത്തെ ബ്രിട്ടീഷുകാർ അടിച്ചമർത്തി.

**3. നയതന്ത്രപരമായ നടപടികൾ**

- നയതന്ത്രപരമായ നടപടികളും കലാപത്തെ അടിച്ചമർത്താൻ സ്വീകരിച്ചു. തങ്ങൾക്ക് ഒപ്പം നിൽക്കുന്നവർക്ക് വലിയസ്ഥാനങ്ങൾ പണം എന്നിവ നൽകി. എതിർത്ത ഭൂപ്രഭുക്കൻമാരുടെ സ്ഥലംപിടിച്ചെടുത്തു.

## കലാപത്തിന്റെ ചിത്രീകരണങ്ങൾ

- 1857 ലെ കലാപവുമായി ബന്ധപ്പെട്ട് നിരവധി ചിത്രങ്ങൾ, പോസ്റ്ററുകൾ, കാർട്ടൂണുകൾ എന്നിവ നിർമ്മിക്കപ്പെട്ടു
- ഈ സൃഷ്ടികൾ അവ രചിച്ച വ്യക്തികളുടെയും ജനങ്ങളുടെയും മനോഭാവം വ്യക്തമാക്കുന്നു

**1) റിലീഫ് ഓഫ് ലക്നൗ**

- 1859 ൽ തോമസ് ജോൺസ് ബാർക്കർ വരച്ച ചിത്രം
- കലാപകാരികളെ അടിച്ചമർത്തുകയും ഇംഗ്ലീഷുകാരെ രക്ഷിക്കുകയും ചെയ്ത ബ്രിട്ടീഷ് വീര യോദ്ധാക്കളുടെ ഓർമ്മക്കായി വരക്കപ്പെട്ടു

**2) ഇൻ മെമ്മോറിയം**

- ജോസഫ് നോയൽ പാറ്റൺ വരച്ച ചിത്രം
- കലാപകാലത്തെ ബ്രിട്ടീഷ് വനിതകളുടെയും കുട്ടികളുടെയും നിസ്സഹായാവസ്ഥ ഈ ചിത്രം ആവിഷ്കരിക്കുന്നു

**3) മിസ് വീലറിന്റെ ചിത്രം**

- കാൺപൂരിലെ കലാപകാരികളെ വധിച്ചുകൊണ്ട് തന്റെ മാനം കാക്കുന്ന മിസ് വീലറിന്റെ ചിത്രം

**4) നീതി**

- ബ്രിട്ടീഷുകാരുടെ അഭിമാനത്തിനും അധികാരത്തിനും നേരെയുള്ള വെല്ലുവിളികളെ നിഷ്കരുണം നേരിടുന്ന നീതി ദേവതയെ ചിത്രീകരിക്കുന്നു
- അടിച്ചമർത്തലുകളെയും പ്രതികാരത്തേയും പിന്തുണക്കുന്ന ധാരാളം ചിത്രങ്ങളും കാർട്ടൂണുകളും അക്കാലത്തെ ബ്രിട്ടീഷ് പത്രങ്ങളിലും കാണാൻ കഴിയും
- കലാപകാരികളെ മൃഗീയമായി കഴുവിലേറ്റി വധിക്കുന്ന ചിത്രങ്ങളും പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി

**കാനിംഗിന്റെ കാരുണ്യം**

- പഞ്ച് എന്ന ബ്രിട്ടീഷ് ആനുകാലികത്തിൽ പ്രസിദ്ധീകരിച്ച കാർട്ടൂൺ
- ഈ ചിത്രത്തിൽ അക്രമണകാരികളായ ഇന്ത്യാക്കാരുടെ നേർക്ക് കാനിംഗ് പ്രഭു കാണിച്ച മൃദു സമീപനം പരിഹസിക്കപ്പെടുന്നു

## ദേശീയ ചിത്രീകരണങ്ങൾ

- ബ്രിട്ടീഷ് ഭരണത്തിനെതിരെ സധൈര്യം പോരാടിയ വീരയോദ്ധാക്കളെ പ്രകീർത്തിക്കുന്ന ഇന്ത്യൻ രചനകളും ധാരാളം ഉണ്ടായിട്ടുണ്ട്
- സുഭദ്രകുമാരി ചൗഹാന്റെ റാണി ലക്ഷ്മി ഭായിയെക്കുറിച്ച് എഴുതിയ വരികൾ അവക്ക് ഉദാഹരണമാണ്

----0000----

## പ്രമേയം 12

## മഹാത്മാ ഗാന്ധിയും ദേശീയ പ്രസ്ഥാനവും

- 1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു.
- ഇംഗ്ലണ്ടിൽ നിന്നും നിയമ ബിരുദം നേടിയ ശേഷം ദക്ഷിണാഫ്രിക്കയിലേക്ക് പോയി
- ദക്ഷിണാഫ്രിക്കയിലെ വംശീയ വിവേചനങ്ങൾക്കെതിരെയുള്ള പോരാട്ടത്തിലൂടെ സത്യാഗ്രഹം എന്ന തന്റെ ആശയത്തിന് രൂപം നൽകി.
- 1915 ൽ ഇന്ത്യയിൽ തിരിച്ചെത്തി
- 1916 അഹമ്മദാബാദിലെ സബർമതി നദിക്കരയിൽ സബർമതി ആശ്രമം സ്ഥാപിച്ചു

## ഇന്ത്യയിലെ ഗാന്ധിജിയുടെ ആദ്യത്തെ സത്യാഗ്രഹങ്ങൾ

**1. ചമ്പാരൻ**

- ബീഹാറിലെ ചമ്പാരനിലെ നീലം കർഷകരോട് യൂറോപ്യൻ തോട്ട മുടമകൾ നടത്തിയ ചൂഷണത്തിനും പീഡനങ്ങൾക്കുമെതിരെ നടത്തിയ സത്യാഗ്രഹം.
- 1917 ൽ ഗാന്ധിജി ചമ്പാരനിൽ എത്തി ഗവർമെന്റ് ഉത്തരവ് ലംഘിച്ച് കൊണ്ട് അന്വേഷണം ആരംഭിച്ചു
- ഗവർമെന്റ് പർഷകരുടെ ആവശ്യങ്ങൾ അംഗീകരിച്ചു.
- ആദ്യത്തെ സത്യാഗ്രഹം വിജയിച്ചു

**2. അഹമ്മദാബാദിലെ തുണിമിൽ സമരം**

- തുണി മില്ലിലെ തൊഴിലാളികളുടെ വേതന വർധനവുമായി ബന്ധപ്പെട്ട തർകത്തിൽ ഗാന്ധിജി ഇടപെട്ടു.
- കൂലി വർദ്ധനവ് ആവശ്യപ്പെട്ട് തൊഴിലാളികൾ നടത്തിയ സമരം ഗാന്ധിജി ഏറ്റെടുത്തു.
- മരണം വരെ നിരാഹാരം ആരംഭിച്ചു.
- മില്ലുടമകൾ ഒടുവിൽ ഒത്തു തീർപ്പിന് തയ്യാറായി.

**3. ഖേഡയിലെ കർഷക സമരം**

- കൃഷി നാശം മൂലം ഭൂനികുതിയിൽ ഇളവ് ആവശ്യപ്പെട്ട് കൊണ്ട് കർഷകർ നടത്തിയ സമരം.
- ഗവർമെന്റ് ആവശ്യങ്ങൾ. അംഗീകരിച്ചില്ല.
- ഇളവ് അനുവദിക്കുന്നത് വരെ നികുതി നിശേധിക്കാൻ ഗാന്ധിജി ആവശ്യപ്പെട്ടു.
- കർഷകരുടെ ആവശ്യം സർകാകാർ അംഗീകരിച്ചതോടെ ഗാന്ധിജി സത്യാഗ്രഹത്തിൽ നിന്നും പിൻമാറി.

## ഗാന്ധിജിയും ദേശീയ പ്രസ്ഥാനവും

ഗാന്ധിജിയെ ദേശീയ പ്രസ്ഥാനത്തിന്റെ സമര മുഖത്തേക്ക് എത്തിച്ച 1919 ലെ സംഭവങ്ങൾ

- ❖ റൗലറ്റ് നിയമങ്ങൾ
- ❖ ജാലിയൻ വാലാബാഗ് ദുരന്തം.
- ❖ ഖിലാഫത്ത് പ്രസ്ഥാനം

ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ഗാന്ധിജി ഏറ്റെടുത്ത് നടത്തിയ വൻസമരങ്ങൾ

1. നിസ്സഹകരണപ്രസ്ഥാനം (1920)
2. നിയമലംഘന പ്രസ്ഥാനം (1930)
3. ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം (1942)

### നിസ്സഹകരണ പ്രസ്ഥാനം

- 1920 ലെ ഖിലാഫത്ത് പ്രസ്ഥാനത്തെ പിന്തുണച്ച് കൊണ്ട് ഗാന്ധിജി പ്രഖ്യാപിച്ചു.

- 1920 ലെ കോൺഗ്രസ്സിന്റെ നാഗ്പ്പൂർ സമ്മേളനം ഗാന്ധിജിയുടെ നിസ്സഹകരണ പരിപാടി അംഗീകരിച്ചു. ഇതോടെ നിസ്സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു.
- പഞ്ചാബ് പ്രശ്നത്തിന് പരിഹാരം കാണുക, ഖിലാഫത്ത് പ്രശ്നം തീർക്കുക, സ്വരാജ് നേരുക ഇവയായിരുന്നു പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ.

**പരിപാടികൾ**

- **ക്രിയാത്മകം :-**

സ്വദേശി പ്രചാരണം, അയിത്തോച്ചാടനം, ഹിന്ദുമുസ്ലിം ഐക്യം, മദ്യനിരോധനം, ചർക്കയും ഖാദിയും പ്രചരിപ്പിക്കൽ

- **നിഷേധാത്മകം :-**

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോടതികൾ തുടങ്ങിയവ ബഹിഷ്കരിക്കുക, വിദേശ വസ്ത്രം, ഉല്പന്നങ്ങൾ, ചടങ്ങുകൾ, പദവികൾ തുടങ്ങിയവ ബഹിഷ്കരിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുക.

- നിസ്സഹകരണ പ്രസ്ഥാനം ജനങ്ങൾകിടയിൽ വൻ പ്രതികരണം ഉണ്ടാക്കി.
- 1922 ലെ ചൗരിചൗര സംഭവം നിസ്സഹകരണ പ്രസ്ഥാനം നിർത്തിവെക്കാൻ ഗാന്ധിജിയെ നിർബന്ധിതനാക്കി.

**നേട്ടങ്ങൾ**

- ❖ ദേശീയ പ്രസ്ഥാനത്തെ ഒരു ബഹുജനപ്രസ്ഥാനമാക്കി മാറ്റി.
- ❖ സാമൂഹ്യ തിന്മകൾകെതിരെയുള്ള ബോധവൽകരണം സൃഷ്ടിക്കാൻ കഴിഞ്ഞു.
- ❖ സ്വരാജിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിന് വഴിയൊരുക്കി.

## സിവിൽ നിയമലംഘന പ്രസ്ഥാനം:-

- ബ്രിട്ടീഷ് ഭരണത്തിനെതിരെ ഗാന്ധിജി നയിച്ച രണ്ടാമത്തെ വൻ പ്രക്ഷോപം.
- ഉപ്പുനിയമം ലംഘിച്ച്കൊണ്ട് തുടക്കം കുറിച്ചു.
- ഉപ്പ് നിർമ്മിക്കാനുള്ള അവകാശം സർക്കാറിന് മാത്രമായിരുന്നു.
- 1930 മാർച്ച് 12 ന് 78 അനുയായികളുമായി സബർമതി ആശ്രമത്തിൽ നിന്നും 200 മൈൽ ദൂരമുള്ള ദണ്ഡിയിലേക്ക് മാർച്ച് ചെയ്തു.
- ദണ്ഡി കടപ്പുറത്ത് വെച്ച് ഉപ്പ്നിയമം ലംഘിച്ച് ഉപ്പുണ്ടാക്കി.
- രാജ്യത്തിന്റെ പലഭാഗങ്ങളിലും ഉപ്പ്നിയമം ലംഘിക്കപ്പെട്ടു.
- ബ്രിട്ടീഷുകാർ സമരം അടിച്ചമർത്താൻ ശ്രമിച്ചു.
- കോൺഗ്രസ്സിനെ നിരോധിച്ചു, ഗാന്ധിജിയുൾപ്പെടെയുള്ള നേതാക്കളെ അറസ്റ്റ ചെയ്തു.
- 1931 ലെ ഗാന്ധി-ഇർവിൻ ഉടമ്പടിയെ തുടർന്ന് നിയമലംഘന പ്രസ്ഥാനം നിർത്തിവെച്ചു.
- രണ്ടാം വട്ടമേശ സമ്മേളനത്തിന്റെ പരാജയത്തെ തുടർന്ന് പിന്നീട് 1931 ഡിസംബർ 28 ന് പുനരാരംഭിച്ചു.

## ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം (1942)

- 1942 ക്രിപ്സ് ദൗത്യത്തിന്റെ പരാജയമാണ് ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം തുടങ്ങാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്.
- 1942 ആഗസ്റ്റ് 8 ന് പ്രസ്ഥാനം ആരംഭിച്ചു.
- പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന മന്ത്രവുമായി സമരത്തിനിറങ്ങാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു.
- ആഗസ്റ്റ് 9 ന് ഗാന്ധിജിയുൾപ്പെടെയുള്ള നേതാക്കളെ സർക്കാർ അറസ്റ്റ് ചെയ്തു.
- ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ നാളുകൾ എണ്ണപ്പെട്ടു എന്ന് സമരം സർക്കാറിനെ ബോധ്യപ്പെടുത്തി.

**1929 ലെ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനത്തിന്റെ പ്രാധാന്യം**

- ജവഹർലാൽ നെഹ്റു കോൺഗ്രസ്സ് പ്രസിഡന്റായി.
- കോൺഗ്രസ്സിന്റെ അന്തിമ ലക്ഷ്യം 'പൂർണ്ണസ്വരാജ്' ആണ് എന്ന പ്രഖ്യാപിച്ചു.
- 1930 ജനുവരി 26 സ്വതന്ത്ര്യദിനമായി ആഘോഷിക്കാൻ തീരുമാനിച്ചു.
- സിവിൽ നിയമലംഘന പ്രസ്ഥാനം ആരംഭിക്കാൻ തീരുമാനിച്ചു.

## Time line

- 1917 ചമ്പാരൻ സത്യാഗ്രഹം
- 1918 ഖേഡ, അഹമ്മദാബാദ് മിൽ സമരം
- 1919 റൗലറ്റ് നിയമം, ജാലിയൻ വാലാബാഗ് കൂട്ടകൊല
- 1920 നിസ്സഹകരണ പ്രസ്ഥാനം
- 1922 ചൗരിചൗര സംഭവം
- 1929 കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനം
- 1930 സിവിൽ നിയമലംഘനപ്രസ്ഥാനം, ദണ്ഡി മാർച്ച്
- 1931 ഗാന്ധി ഇർവിൻ കരാർ
- 1942 ക്രിപ്സ് മിഷൻ, ക്വിറ്റ് ഇന്ത്യ

----0000----

## <u>പ്രമേയം 13</u>

# <u>വിഭജനത്തെ മനസ്സിലാക്കൽ</u>

- 1947 ആഗസ്റ്റ് 15 ന് ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണം അവസാനിച്ചു ഇന്ത്യ രണ്ടു പരമാധികാര രാഷ്ട്രങ്ങളായി വിഭജിക്കപ്പെട്ടു ഒന്ന് ഇന്ത്യ മറ്റൊന്ന് പാക്കിസ്താൻ

### വിഭജനം എന്ത് കൊണ്ട്, എങ്ങനെ സംഭവിച്ചു

- മുഹമ്മദലി ജിന്നയുടെ ദ്വിരാഷ്ട്ര സിദ്ധാന്തവും അതിന്റെ പരിണിതഫലമായി സംഭവിച്ച വിഭജനവും ഉണ്ടായതിന്റെ പിന്നിൽ അനവധി കാരണങ്ങൾ നമുക്ക് കാണാം.
- വിഭജനം ഹിന്ദു മുസ്ലിം തമ്മിലുള്ള സുദീർഘമായ പോരാട്ടത്തിന്റെ പര്യവസാനമാണ്.
- ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ച് ഭരിക്കുക എന്ന നയത്തിന്റെ പരിണിതഫലമാണ്.
- കോൺഗ്രസ്സും ലീഗും തമ്മിലുണ്ടാക്കിയ ലക്നൗ കരാർ വർഗ്ഗീയതയുടെ വളർച്ചയെ സഹായിച്ചു
- 1937 ലെ പ്രവിശ്യാ ഗവർമെന്റിലേക്കുള്ള കോൺഗ്രസ്സിന്റെ അതിശയകരമായ വിജയം.

### പാകിസ്ഥാൻ പ്രമേയം:

- 1940 ലെ മുസ്ലിം ലീഗിന്റെ ലാഹോർ സമ്മേളനത്തിൽ ആണ് ലാഹോർ പ്രമേയം പാസ്സാക്കുന്നത്.
- സികന്തർ ഹയ്ത് ഖാനാണ് ഇത് തയ്യാറാക്കിയത്.
- 'പാകിസ്ഥാൻ' എന്ന വാക്ക് നിർദ്ദേശിച്ചത് കേംബ്രിഡ്ജിലെ വിദ്യാർത്ഥിയായിരുന്ന റഹ്മത് അലിയാണ്.
- പുണ്യഭൂമി എന്നാണ് ഈ വാക്കിനർത്ഥം

### ക്യാബിനറ്റ് മിഷൻ (1945)

- ➢ രണ്ടാം ലോക മഹായുദ്ധാനന്തരം അധികാരകൈമാറ്റ ചർച്ചക്ക് വേണ്ടി ബ്രിട്ടീഷ് ഗവർമെന്റ് ഇന്ത്യയിലേക്ക് അയച്ച ദൗത്യ സംഘം
- ക്യാബിനറ്റ് മിഷൻ വിഭജനത്തിനെ അനുകൂലിക്കാത്തതിനാൽ മുസ്ലിംലീഗ് ഈ പദ്ധതിയെ തള്ളികളഞ്ഞു.
- മുസ്ലിംലീഗ് പിന്നീട് പ്രത്യക്ഷ സമരവുമായി രംഗത്ത് വന്നു.
- വിഭജിക്കാതെ പ്രശ്നം പരിഹരിക്കാനുള്ള മിഷന്റെ അന്തിമ ശ്രമം പരാജയപ്പെട്ടു
- അവസാനം കോൺഗ്രസ്സും വിഭജനത്തിന് സമ്മതിച്ചു.
- 1947 ജൂൺ 3 ന് മൗണ്ട് ബാറ്റൻ പദ്ധതി അഥവാ ജൂൺ 3 പദ്ധതി അവതരിപ്പിച്ചു.
- 1947 ജൂലൈയിൽ പദ്ധതിക്ക് ബ്രിട്ടീഷ് ഗവർമെന്റ് നിയമ സാധുത നൽകി 'ഇന്ത്യൻ സ്വാതന്ത്ര്യനിയമം' പാസാക്കി.
- ഇന്ത്യയെ രണ്ട് സ്വാതന്ത്ര രാഷ്ട്രങ്ങളായി വിഭജിച്ചു. ഇന്ത്യൻ യൂണിയനും, പാകിസ്ഥാനും.

### വിഭജനവും ദുരന്തങ്ങളും

- രാജ്യത്തിന്റെ പലഭാഗങ്ങളിലും വർഗ്ഗീയ ലഹളകളുണ്ടായി.
- നിരപരാധികളായ അനേകം മനുഷ്യർ കൊല്ലപ്പെട്ടു.
- വൻതോതിൽ പാലായനം ഉണ്ടായി.
- സ്ത്രീകളായിരുന്നു വിഭജനത്തിന്റെ ക്രൂരമായ ഇരകൾ.
- ഊർവശിബട്ടാലിയയുടെ ഗ്രന്ഥം **'നിശബ്ദതയുടെ മറുവശം'** സ്ത്രീകൾ അനുഭവിച്ച ദുരിതങ്ങൾ തുറന്നു കാട്ടുന്നു.

**----0000----**

<u>പ്രമേയം – 14</u>

# ആധുനിക പൂർവ കേരളം
# സമ്പദ്‌വ്യവസ്ഥ, സമൂഹം, ഭരണസംവിധാനം

## തിണകൾ:

- ഭൂമിശാസ്ത്രപരമായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തെ അഞ്ച് ഭാഗങ്ങളായി വിഭജിച്ചുകൊണ്ടുള്ള പരാമർശം സംഘം കൃതികളിലുണ്ട്. അവയാണ് 'ഐന്തിണകൾ' അഥവാ 'അഞ്ചുതിണകൾ'

**അഞ്ചുതിണകൾ**:

1. കുറിഞ്ചി : പർവ്വതപ്രദേശം, വേട്ടയാടൽ, ഭക്ഷ്യ ശേഖരണം
2. മുല്ലൈ : വനപ്രദേശം, കാലിമേക്കൽ
3. പാലൈ : വരണ്ട പ്രദേശം, കവർച്ച
4. മരുതം : നദീതടം, കൃഷിക്കനുയോജ്യമായ സ്ഥലം
5. നൈതൽ : തീരദേശം, ഉപ്പുണ്ടാക്കൽ, മീൻപിടുത്തം.

**സംഘകാലത്തെ സമൂഹം**

- ജാതി ഇല്ലാത്ത സമൂഹം
- തിണകളുടെ അടിസ്ഥാനത്തിലുള്ള വിഭജനം
- തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള വിഭജനം
- കൃഷി, വ്യാപാരം, വാണിജ്യം എന്നിവയിലുള്ള പുരോഗതി.
- സ്ത്രീകൾക്ക് ഉന്നത പദവി

**കീഴാർ:** കേരളം സമൂഹത്തിലെ ആദ്യകാല മുഖ്യന്മാർ, ഊരിലെ പ്രമുഖമായ ഗൃഹങ്ങളുടെ തലവൻ ആയിരുന്നു കീഴാർ.

**വേളിർ:** കുറിഞ്ചി, മുല്ല എന്നീ മേഖലകളുടെ നിയന്ത്രണം കയ്യിലുള്ള ഗിരിമുഖ്യന്മാരായിരുന്നു ഇവർ.

**വേന്തർ:** ആദ്യകാല തമിഴകത്തെ മൂന്ന് വംശങ്ങളായിരുന്നു ചേര-ചോള- പാണ്ഡ്യന്മാർ. വേന്തർ ഇവരെയാണ് പ്രതിനിധീകരിക്കുന്നത്.

**ആയ് രാജാക്കന്മാർ** : തെക്ക് നാഗർകോവിൽ തൊട്ട് വടക്ക് തിരുവല്ല വരെ സഹ്യപർവ്വത പ്രദേശങ്ങൾ ഉൾപ്പെട്ട രാജ്യം ആയ് രാജാക്കന്മാരുടേതായിരുന്നു. പൊതിയിൽ മലയിലെ 'ആയ്ക്കുടി' ആയിരുന്നു ഇവരുടെ ആസ്ഥാനം

**കച്ചം**: പെരുമാൾ കാലഘട്ടത്തിലെ പെരുമാറ്റച്ചട്ടങ്ങളെയാണ് കച്ചം എന്ന വിളിക്കുന്നത്. മൂഴിക്കുളം കച്ചമാണിതിൽ ഏറ്റവും പ്രധാനപ്പെട്ടത്.

**സങ്കേതങ്ങൾ**: അർദ്ധ സ്വയംഭരണാവകാശമുള്ള പ്രദേശമാണ് സങ്കേതം. ഇതിൽ ഒരു ബ്രാഹ്മണ ക്ഷേത്രവും അതിന് ചുറ്റുമായി ധാരാളം ഗ്രാമങ്ങളും ഉൾപ്പെട്ടിരുന്നു.

## യൂറോപ്യന്മാരുടെ ആഗമനം

**പോർച്ചുഗീസ്:** 1499 മെയ് മാസത്തിൽ വാസ്കോഡഗാമ കാപ്പാട് വന്നിറങ്ങി.

**ഡച്ചുകാർ:** 1604 ൽ ഡച്ചുകാർ കോഴിക്കോട്ടെത്തി. ഇംഗ്ലീഷുകാരും, ഫ്രഞ്ചുകാരും പിൽക്കാലത്ത് കേരളത്തിലെത്തി.

**കുളച്ചൽ യുദ്ധം**: കേരളത്തിൽ വന്ന ഡച്ചുകാർ കന്യാകുമാരിയിലെ കുളച്ചലിൽ ഒരു വ്യാപാര കേന്ദ്രം സ്ഥാപിച്ചു. 1741 ൽ കുളച്ചൽ യുദ്ധത്തിൽ തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന മാർത്താണ്ഡവർമ്മ ഡച്ചുകാരെ പരാജയപ്പെടുത്തി

----0000----

## പ്രമേയം - 15

# കേരളം: ആധുനികതയിലേക്ക്

- കൊളോണിയലിസത്തിനെതിരെയുള്ള ആദ്യകാല ചെറുത്ത് നിൽപ്പുകൾ
- കേരളത്തിൽ ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി നടന്ന ആദ്യകാല സമരങ്ങൾക്ക് നേതൃത്വം നൽകിയവർ.
- പഴശ്ശിരാജ, കുറിച്യർ, മാപ്പിള കർഷകർ (മലബാർ)
- വേലുത്തമ്പി ദളവ (തിരുവിതാംകൂർ)
- പാലിയത്തച്ചൻ (കൊച്ചി)

**പഴശ്ശി കലാപം (1793 - 1805):**

- മലബാറിലെ കോട്ടയം രാജാവായിരുന്നു കേരളം വർമ്മ പഴശ്ശിരാജ
- ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നയത്തിനെതിരായിരുന്നു അദ്ദേഹത്തിന്റെ സമരം.

**ഒന്നാം ഘട്ടം (1793 - 1797)**

- പഴശ്ശിരാജ വിജയിച്ചു
- ബ്രിട്ടീഷുകാരുമായി സമാധാന ഉടമ്പടി ഒപ്പു വെച്ചു

**രണ്ടാം ഘട്ടം (1800 - 1805)**

- കുറിച്യരും, കുറുമ്പ്രറും പഴശ്ശിരാജ യെ സഹായിച്ചു
- തോമസ് ഹാർവ്വി ബേബർ ബ്രിട്ടീഷ് സൈന്യത്തെ നയിച്ചു.
- കോൽക്കാർ എന്ന തദ്ദേശീയ സൈന്യത്തെ പഴശ്ശിക്കെതിരെ ഉപയോഗപ്പെടുത്തി
- 1805, നവംബർ 30 ന് മാവിലത്തോട് എന്ന സ്ഥലത്തു വെച്ച് നടന്ന യുദ്ധത്തിൽ പഴശ്ശി കൊല്ലപ്പെട്ടു.

**വേലുത്തമ്പിയും പാലിയത്തച്ചനും**

- 1800 ൽ കേണൽ മെക്കാളയെ തിരുവിതാംകൂറിന്റെയും, കൊച്ചിയുടെയും റസിഡന്റ് ആയി നിയമിച്ചു.
- 1805 ൽ ബ്രിട്ടീഷുകാരുമായുണ്ടാക്കിയ ഉടമ്പടിയുടെ ഫലമായി തിരുവിതാംകൂറിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യം നഷ്ടമായി.
- തിരുവിതാംകൂറിന്റെ ആഭ്യന്തര കാര്യങ്ങളിൽ റസിഡൻഡ് ഇടപെടാൻ തുടങ്ങി.
- ഇത് വേലുത്തമ്പിദളവ എതിർത്തു.
- പാലിയത്തച്ചനെയും കൂട്ടി മെക്കാളയുടെ വസതി വേലുത്തമ്പി ആക്രമിച്ചു.
- കുണ്ടറ വിളംബരത്തിൽ ബ്രിട്ടീഷുകാർക്കെതിരെ അണിചേരാൻ വേലുത്തമ്പി ജനങ്ങളോടാഹ്വാനം ചെയ്തു.
- ബ്രിട്ടീഷുകാർ വേലുത്തമ്പിയെപിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചു.
- അദ്ദേഹം മണ്ണടിയിൽ ഒരു പോറ്റിയുടെ വീട്ടിൽ അഭയം തേടി
- ബ്രിട്ടീഷുകാർ ആ വീട് വളഞ്ഞു എന്ന മനസ്സിലാക്കിയ വേലുത്തമ്പി ആത്മഹത്യ ചെയ്തു.

**കുറിച്യ കലാപം (1812)**

- വയനാട്ടിലെ ആദിവാസി വിഭാഗമായിരുന്നു കുറിച്യർ
- ഇവരുടെ ചെറിയ ഭൂമികൾ ബ്രിട്ടീഷുകാർ പിടിച്ചെടുക്കാൻ തുടങ്ങി
- ഇതിനെതിരെ കുറിച്യർ കലാപം നടത്തി.

- രാമനമ്പി ആയിരുന്നു ഇവരുടെ നേതാവ്.
- ഇദ്ദേഹത്തെ പിടിക്കുകയും കുറിച്യ കലാപം അടിച്ചമർത്തുകയും ചെയ്തു.

**<u>മാപ്പിള കലാപം</u>**

- 19-ാം നൂറ്റാണ്ടിൽ മാപ്പിള കർഷകർ ബ്രിട്ടീഷുകാർക്കെതിരെ കലാപം നടത്തി
- കലാപത്തിന്റെ ഒരു പരമ്പര തന്നെ ബ്രിട്ടീഷുകാർക്കെതിരെ അരങ്ങേറി
- വില്യം ലോഗനായിരുന്നു കലാപത്തെ കുറിച്ച് അന്വേഷിച്ചത്.
- ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നയമാണ് കലാപങ്ങൾക്ക് കാരണം എന്നദ്ദേഹം റിപ്പോർട്ട് ചെയ്തു.
- കലാപങ്ങളെ ബ്രിട്ടീഷുകാർ അടിച്ചമർത്തി.

## <u>സാമൂഹിക പരിഷ്കരണം</u>

**വൈകുണ്ഠ സ്വാമികൾ:**

- 'സമത്വ സമാജം' എന്ന പ്രസ്ഥാനം തുടങ്ങി. അഖിലതിരുട്ട്, അരുൾനൂൽ എന്നിവയാണിദ്ദേഹത്തിന്റെ കൃതികൾ. ദക്ഷിണ ഇന്ത്യയിൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തി. അയ്യാ വഴി എന്നാണിദ്ദേഹത്തിന്റെ വിശ്വാസ സമ്പ്രദായം അറിയപ്പെട്ടത്.

**ശ്രീനാരായണ ഗുരു:**

- ചെമ്പഴന്തിയിൽ ജനിച്ചു. SNDP പ്രസ്ഥാനം ആരംഭിച്ചു. ആത്മോപദേശക ശതകം, ദൈവശതകം, ദർശനമാല എന്നിവയാണിദ്ദേഹത്തിന്റെ കൃതികൾ. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന വചനം ഇദ്ദേഹത്തിന്റേതാണ്.

**അയ്യങ്കാളി**

- വെങ്ങാനൂരിൽ ജനിച്ചു. സാധുജനപരിപാലന യോഗം എന്ന പ്രസ്ഥാനം ആരംഭിച്ചു. കല്ലുമാല സമരം ആരംഭിച്ചു. കല്ലുമാല സമരം സംഘടിപ്പിച്ചു.

**വക്കം അബ്ദുൽ ഖാദർ മൗലവി:**

- 'തിരുവിതാംകൂർ മുസ്ലിം മഹാ സഭ' എന്ന പ്രസ്ഥാനം ആരംഭിച്ചു. സ്വദേശാഭിമാനി, അൽ-ഇസ്ലാം എന്നിവ കൃതികളാണ്.

**വാഗ്ഭടാനന്ദൻ :**

- ആത്മ വിദ്യാസംഘം സ്ഥാപിച്ചു. അഭിനവ കേരളം ആത്മ വിദ്യാ കാഹളം എന്നീ കൃതികൾ രചിച്ചു.

**വി.ടി. ഭട്ടതിരിപ്പാട്:**

- 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം രചിച്ചു. നമ്പൂതിരി സമുദായത്തിനകത്തുള്ള ജീർണതകൾക്കെതിരെ ശബ്ദമുയർത്തി.

## <u>ജനാധിപത്യ സമൂഹത്തിന് വേണ്ടിയുള്ള പോരാട്ടം</u>

**ചാന്നാർ ലഹള:**

- ചാന്നാർ വിഭാഗത്തിൽപെട്ട സ്ത്രീകൾക്ക് മേൽമുണ്ട് ധരിക്കാനുള്ള അവകാശത്തിനായി തുടങ്ങിയ പ്രക്ഷോഭം. 1859 ജൂലൈ 26 ന് ഇതിനനുകൂലമായ ഉത്തരവ് തിരുവിതാംകൂർ രാജാവിറക്കി.

**വൈക്കം സത്യാഗ്രഹം:**

- അയിത്തത്തിനെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ പ്രക്ഷോഭം. വൈക്കം ക്ഷേത്രത്തിന് സമീപമുള്ള റോഡിലൂടെ താഴ്ന്ന ജാതിയിൽപ്പെട്ട ആളുകൾക്ക് നടക്കാനുള്ള അവകാശത്തിനായുള്ള സത്യാഗ്രഹം.
- മന്നത്ത് പദ്മനാഭൻ, സി.വി. കുഞ്ഞിരാമൻ, ടി.കെ. മാധവൻ, കെ.കേളപ്പൻ തുടങ്ങിയവർ നേതൃത്വം നൽകി.
- 1925 നവംബർ 23 ന് വൈക്കം ക്ഷേത്രത്തിന് ചുറ്റുമുള്ള പ്രധാന റോഡുകൾ എല്ലാവർക്കും തുറന്നു കൊടുത്തു.

**ഗുരുവായൂർ സത്യാഗ്രഹം (1931–32)**

- ഗുരുവായൂർ ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നു കൊടുക്കുക എന്നതായിരുന്നു സത്യാഗ്രഹത്തിന്റെ ലക്ഷ്യം.
- കെ.കേളപ്പൻ, മന്നത്ത് പദ്മനാഭൻ, എ.കെ. ഗോപാലൻ, പി.കൃഷ്ണപിള്ള തുടങ്ങിയവർ നേതൃത്വം നൽകി.
- എ.കെ. ഗോപാലനെയും, പി.കൃഷ്ണപിള്ളയെയും സവർണർ കയ്യേറ്റം ചെയ്തു.
- ക്ഷേത്രപ്രവേശത്തിന് പൊതുജന അഭിപ്രായം രൂപപ്പെടുത്താൻ ഈ സമരത്തിന് സാധിച്ചു.

**ക്ഷേത്രപ്രവേശന വിളംബരം (1936)**

- തിരുവിതാംകൂർ രാജാവ് ശ്രീ. ചിത്തിര തിരുനാൾ ബാലരാമവർമ്മയാണ് ഈ വിളംബരം പുറപ്പെടുവിച്ചത്.

**പാലിയം സത്യാഗ്രഹം (1947 – 48)**

- അയിത്തത്തിനെതിരെ നടന്ന പ്രക്ഷോഭം
- കൊച്ചി രാജ്യത്തെ പ്രധാനമന്ത്രി പാലിയത്തച്ചന്റെ വസതിക്ക് മുമ്പിലൂടെയുള്ള നിരത്തിലൂടെ താഴ്ന്ന ജാതിക്കാർക്ക് സഞ്ചരിക്കാനുള്ള അവകാശത്തിനായി നടന്ന സത്യാഗ്രഹം.
- കൊച്ചി രാജ്യപ്രജാമണ്ഡലം, കമ്മ്യൂണിസ്റ്റ് പാർട്ടി, SNDP യോഗം തുടങ്ങിയവ നേതൃത്വം നൽകി
- 1949 ൽ പാലിയംറോഡിലൂടെ എല്ലാ ഹിന്ദുക്കൾക്കും നടക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചു

----0000----